©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VIII
# (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ
## (ECONOMIC AFFAIRS)

## ആനുകാലിക റിപ്പോർട്ട്

(2023 മാർച്ച് 31 വരെയുള്ളത്)
**(PERIODICAL REPORT AS ON 31ST MARCH, 2023)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്]

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2023 ആഗസ്റ്റ് 8-ാം തീയതി സമർപ്പിച്ചത്
(Presented on 8th August, 2023)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2023

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VIII

## (SUBJECT COMMITTEE VIII)

# സാമ്പത്തിക കാര്യങ്ങൾ

# ECONOMIC AFFAIRS

## ആനുകാലിക റിപ്പോർട്ട്

(2023 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2023)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്]

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

797/2023.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 42 |

# സബ്ജക്ട് കമ്മിറ്റി VIII
# (സാമ്പത്തിക കാര്യങ്ങൾ)
# (2021-2023)

**ഘടന**

അദ്ധ്യക്ഷൻ

ശ്രീ. കെ. എൻ. ബാലഗോപാൽ,
ധനകാര്യ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ

ശ്രീ. എം. ബി. രാജേഷ്,

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി.

ശ്രീ. വി. എൻ. വാസവൻ,

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി.

അംഗങ്ങൾ

ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*)

ഡോ. കെ. ടി. ജലീൽ

ശ്രീ. ഡി. കെ. മുരളി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. ഇ. കെ. വിജയൻ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അജിത് കുമാർ വി. ഒ., അണ്ടർ സെക്രട്ടറി.

## അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള പ്രവർത്തനം സംബന്ധിച്ച ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരം സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ സബ്ജകട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ) (2021-2023) 2021 ജൂൺ 7-ാം തിയതി രൂപീകൃതമായി. സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII, 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിവിധ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത കാലയളവിൽ സമിതി 11 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 6 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കും 3 യോഗങ്ങൾ ബില്ലുകളുടെ പരിഗണനയ്ക്കും 2 യോഗങ്ങൾ കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.-കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണനയ്ക്കും വിനിയോഗിച്ചു. ഈ യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ഹാജർ നില ശരാശരി 77% ആയിരുന്നു.

ഏഴ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ അദ്ധ്യായം I-ലും സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ അദ്ധ്യായം II-ലും സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ. കളുടെ വിശദാംശങ്ങൾ അദ്ധ്യായം-III ലും നിയമസഭാ ചട്ടം 235 എ പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ അദ്ധ്യായം IV-ലും നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ അദ്ധ്യായം V-ലും ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള (2022-23) ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ എന്നിവ അദ്ധ്യായം VI-ലും സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ അദ്ധ്യായം VII-ലും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2023 ജൂലൈ 26-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. എൻ. ബാലഗോപാൽ,
*അദ്ധ്യക്ഷൻ,*
*സബ്ജക്റ്റ് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2023 ആഗസ്റ്റ് 8.

# റിപ്പോർട്ട്

## അദ്ധ്യായം 1

സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII താഴെപറയും പ്രകാരം എട്ട് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയുണ്ടായി.

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-23).
2. Report of the Subject Committee on the Kerala Finance bill, 2022 and the Bill as reported by the Subject Committee.
3. 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും.
4. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ (2021-22) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.
5. 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്
6. 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും.
7. 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും.
8. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2023-24).

## അദ്ധ്യായം II

### സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

1. The Kerala Finance Bill, 2022

The Kerala Finance Bill, 2022 പരിഗണിക്കുന്നതിലേക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട്

കമ്മിറ്റി V എന്നിവയുമായി 13-7-2022-ൽ സംയുക്തയോഗം ചേരുകയും പ്രസ്തുത ബിൽ ഭേദഗതികളോടെ അംഗീകരിക്കുകയും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 14-7-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2022 -ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പരിഗണിക്കുന്നതിനായി 13-7-2022-ൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII യോഗം ചേരുകയും പ്രസ്തുത ബിൽ ഭേദഗതികളോടെ അംഗീകരിക്കുകയും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 14-7-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

സമിതി 24-8-2022-ൽ ചേർന്ന യോഗത്തിൽ പ്രസ്തുത ബിൽ ഭേദഗതികളോടെ അംഗീകരിക്കുകയും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 29-8-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4. 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

സമിതി 7-12-2022-ൽ ചേർന്ന യോഗത്തിൽ പ്രസ്തുത ബിൽ ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 8-12-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം III

സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ. കളുടെ വിശദാംശങ്ങൾ

a) സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ

1. The Kerala Small Scale Winery (for production of horti-wine from tropical fruits and agricultural products of Kerala) Rules, 2022.

[ഫയൽ നം: 9917/സബ്.സി.ഇ 2/2022/നിസെ;

റഫറൻസ് നമ്പർ G1/184/2021/Taxes തീയതി 25.05.2022]

2022-ലെ The Kerala small scale winery (for production of horti-wine from tropical fruits and agricultural products of Kerala) Rules, 2022 സംബന്ധിച്ച കരട് ചട്ടം 14-7-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും പ്രസ്തുത കരടിലെ FORM HW-8-ൽ (See Rule 28) എന്നത് (See Rule 20) എന്ന് തിരുത്തുന്നതിന് നിർദ്ദേശിക്കുകയും മറ്റ് ഭേദഗതികൾ കൂടാതെ കരട് ചട്ടം അംഗീകരിക്കുകയും ചെയ്തു.

2. സംസ്ഥാനത്തെ ഐ.ടി പാർക്കുകളിൽ വിദേശമദ്യ ചട്ട പ്രകാരം ലൈസൻസ് അനുവദിക്കുന്നതിനായി തയ്യാറാക്കിയ Foreign Liquor (3rd Amendment) Rules, 2022

[ഫയൽ നം: 13902/സബ്.സി.ഇ 2/2022/നിസെ]

[റഫറൻസ് നമ്പർ G1/189/2021/Taxes തീയതി 30-7-2022]

പ്രസ്തുത കരട് ചട്ടം 9-11-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും സമിതിയുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ഭേദഗതി വരുത്തി പുതുക്കിയ കരട് ചട്ടം പുറപ്പെടുവിക്കാൻ സമിതി നികുതി വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു.

3. വീര്യം കുറഞ്ഞ മദ്യം വിൽപ്പന നടത്തുന്നതിന് അനുമതി നൽകുന്നതിനായി തയ്യാറാക്കിയ Foreign Liquor (5th Amendment) Rules, 2022.

[ഫയൽ നം: 15963/സബ്.സി.ഇ 2/2022/നിസെ;

റഫറൻസ് നമ്പർ G1/185/2021/Taxes തീയതി 29.08.2022]

പ്രസ്തുത കരട് ചട്ടം 9-11-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

b) <u>സമിതി പരിഗണിച്ച എസ്.ആർ.ഒ. കൾ</u>

| ക്രമ നം. | എസ്.ആർ.ഒ. -കളുടെ വിശദാംശം | സമിതി സാധൂകരണം നൽകിയ തീയതി |
|---|---|---|
| (1) | (2) | (3) |
| I | <u>2017-ലെ കേരള ചരക്കുസേവന നികുതി നിയമ പ്രകാരം പുറപ്പെടുവിച്ച</u><br>എസ്.ആർ.ഒ നമ്പർ 37/2022<br>(ഫയൽ നം: 6085/സബ്.സി.ഇ 2/2022/നിസെ;<br>റഫ.നമ്പർ ബി1/158/2021/റ്റി.ഡി തീയതി 02.04.2022) | 9-11-2022 |

| (1) | (2) | (3) |
|---|---|---|
| II<br>1 | അബ്കാരി നിയമ പ്രകാരം പുറപ്പെടുവിച്ച<br>എസ്.ആർ.ഒ. നമ്പർ 764/2021<br>(ഫയൽ നം: 18113/സബ്.സി.ഇ 2/2021/നിസെ;<br>റഫ. നമ്പർ ജി1/166/2022/നി.വ., തീയതി 13-7-2022) | 9-11-2022 |
| 2 | എസ്.ആർ.ഒ.നമ്പർ765/2021<br>(ഫയൽ നം: 18114/സബ്.സി.ഇ 2/2021/നി.സെ;<br>റഫ. നമ്പർ ജി1/166/2021/നി.വ., തീയതി 13-7-2022) | 9-11-2022 |
| 3 | എസ്.ആർ.ഒ.നമ്പർ530/2022<br>(ഫയൽ നം: 11402/സബ്.സി.ഇ 2/2022/നി.സെ;<br>റഫ.നമ്പർ ജി1/145/2021/Taxs., തീയതി 18-6-2022) | 9-11-2022 |
| 4 | എസ്.ആർ.ഒ. നമ്പർ 501/2022<br>(ഫയൽ നം: 9472/സബ്.സി.ഇ 2/2022/നി.സെ;<br>റഫ. നമ്പർ 24/ജി3/2021/നി.വ., തീയതി 26-5-2022) | 9-11-2022 |
| 5 | എസ്.ആർ.ഒ.നമ്പർ 114/2022<br>(ഫയൽ നം: 3206/സബ്.സി.ഇ 2/2022/നിസെ;<br>റഫ. നമ്പർ 118/ജി3/2021/നി.വ., തീയതി 18-2-2022) | 9-11-2022 |
| 6 | എസ്.ആർ.ഒ നമ്പർ 239/2022<br>(ഫയൽ നം: 5983/സബ്.സി.ഇ 2/2022/നിസെ;<br>റഫ. നമ്പർ 191/ജി3/2020/നി.വ., തീയതി 1-4-2022) | 9-11-2022 |

| (1) | (2) | (3) |
|---|---|---|
| 7 | എസ്.ആർ.ഒ നമ്പർ 147/2022<br>(ഫയൽ നം: 5307/സബ്.സി.ഇ 2/2022/നിസെ;<br>റഫ. നമ്പർ 63/ജി2/2021/നി.വ., തീയതി 21-3-2022) | 9-11-2022 |
| 8 | എസ്.ആർ.ഒ നമ്പർ 959/2021<br>(ഫയൽ നം: 21600/സബ്.സി.ഇ 2/2021/നിസെ;<br>റഫ. നമ്പർ 134/ജി3/2020/നി.വ., തീയതി 25-2-2022)<br>പ്രസ്തുത എസ്.ആർ.ഒ. 9-11-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും സമിതിയുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് എസ്.ആർ.ഒ. നമ്പർ 959/2021 ഭേദഗതി വരുത്തി പുതുക്കിയ വിജ്ഞാപനം അടിയന്തരമായി പുറപ്പെടുവിക്കുവാൻ സമിതി നിർദ്ദേശിക്കുകയും ചെയ്തു | 9-11-2022 |
| III | 1963-ലെ കേരള പൊതു വില്പന നികുതി നിയമപ്രകാരം പുറപ്പെടുവിച്ച<br>എസ്.ആർ.ഒ നമ്പർ 67/2022<br>(ഫയൽ നം: 2729/സബ്.സി.ഇ 2/2022/നിസെ;<br>റഫ. നമ്പർ ബി3/222/2019/നി.വ. തീയതി 11-2-2022) | 9-11-2022 |
| IV | 2019-ലെ കേരള ധനകാര്യ നിയമ പ്രകാരം പുറപ്പെടുവിച്ച<br>എസ്.ആർ.ഒ. നമ്പർ 768/2022<br>(ഫയൽ നം: 15009/സബ്.സി.ഇ 2/2022/നി.സെ;<br>റഫ. നമ്പർ നികുതി ബി1/66/2022/റ്റി.ഡി.,<br>തീയതി 19-8-2022) | 9-11-2022 |

## അദ്ധ്യായം IV

### നിയമസഭാ ചട്ടം 235 എ പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ പ്രത്യേക വിഷയങ്ങൾ ഒന്നും തന്നെ ചർച്ച ചെയ്തിട്ടില്ല.

## അദ്ധ്യായം V

### നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ക്രമ നമ്പർ | റിപ്പോർട്ട് | ധനാഭ്യർത്ഥന നമ്പർ | വകുപ്പ് | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 2020-21 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് | V—ചരക്കു സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും | ഊർജ്ജ വകുപ്പ് (ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്) | 28-6-2022 |
| 2 | | VII—മുദ്രപത്രങ്ങളും രജിസ്ട്രേഷനും | നികുതി വകുപ്പ് (രജിസ്ട്രേഷൻ, ഇൻസ്പെക്ടർ ജനറൽ ഓഫീസ്, ട്രഷറി ഡയറക്ടറേറ്റ്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്) | 1-9-2022 |
| 3 | 2021-22 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് | XVI —പെൻഷനും പലവകയും | സൈനികക്ഷേമ വകുപ്പ് | 28-6-2022 |
| | | XVI-പെൻഷനും പലവകയും | ന്യൂനപക്ഷ ക്ഷേമ വകുപ്പ് (കേരള സം സ്ഥാന ഹജ്ജ് കമ്മിറ്റി) | 28-6-2022 |

| (1) | (2) | (3) | (1) | (2) |
|---|---|---|---|---|
| 4 | | XVI —പെൻഷനും പലവകയും | നികുതി വകുപ്പ്(കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്) | 20-7-2022 |
| 5 | | XXVIII —പലവക സാമ്പത്തിക സർവ്വീസുകൾ | ആസൂത്രണ സാമ്പത്തിക കാര്യം വകുപ്പ് (സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്) | 20-7-2022 |
| 6 | | XLV—പലവക വായ്പകളും മുൻകൂറുകളും | പൊതുഭരണ വകുപ്പ് | 20-7-2022 |
| 7 | | V —ചരക്ക സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും | ഊർജ്ജ വകുപ്പ് (ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്) | 20-7-2022 |
| 8 | | VIII —എക്സൈസ് | നികുതി വകുപ്പ് (എക്സൈസ്) | 20-7-2022 |
| 9 | | XVI —പെൻഷനും പലവകയും | പൊതുഭരണ വകുപ്പ് (പൊളിറ്റിക്കൽ) | 1-9-2022 |
| 10 | | XVI—പെൻഷനും പലവകയും | കേരള സംസ്ഥാന വഖഫ് ബോർഡ് | 15-3-2023 |

| (1) | (2) | (3) | (1) | (2) |
|---|---|---|---|---|
| 11 | | X I —ജില്ലാ ഭരണവും പലവകയും<br>XVI —പെൻഷനും പലവകയും | റവന്യൂ വകുപ്പ്(ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്) | 15-3-2023 |
| 12 | | X —ട്രഷറികളും അക്കൗണ്ടുകളും<br>XI —ജില്ലാഭരണവും പലവകയും<br>XVI —പെൻഷനും പലവകയും<br>XLIII—നഷ്ട പരിഹാരവും അവകാശ കൈമാറ്റങ്ങളും<br>XLV—പലവക വായ്പകളും മുൻകൂറുകളും<br>XLVI—സാമൂഹ്യ സുരക്ഷിതത്ത്വവും ക്ഷേമവും | ധനകാര്യ വകുപ്പ് | 15-3-2023 |

## അദ്ധ്യായം VI

**a) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള (2022-23) ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം**

(ഫയൽ നം. 12945/സബ്.സി.ഇ 2/2022/നി.സെ.)

| റിപ്പോർട്ട് | ആകെ ശിപാർശകൾ | നടപടി പത്രിക ലഭിച്ച ഖണ്ഡികകളും ലഭ്യമാക്കിയ വകുപ്പുകളും | നടപടിപത്രിക ലഭ്യമാക്കാത്ത ഖണ്ഡികകളും ബന്ധപ്പെട്ട വകുപ്പുകളും. |
|---|---|---|---|
| ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-23) | 69 | ഖണ്ഡിക നമ്പർ 2-9, 10-36, 41-51, 68 (നികുതി) | ഖണ്ഡിക നമ്പർ 1 (നികുതി) |
| | | ഖണ്ഡിക നമ്പർ 37, 38, 39, 40, 52, 61-67 (ധനകാര്യം) | ഖണ്ഡിക നമ്പർ 59 (ധനകാര്യം) |
| | | ഖണ്ഡിക നമ്പർ 55 (സൈനിക ക്ഷേമം) | |
| | | ഖണ്ഡിക നമ്പർ 54, 69 (റവന്യൂ) ഖണ്ഡിക നമ്പർ 60 (പൊതുഭരണം) | ഖണ്ഡിക നമ്പർ 53 (ന്യൂനപക്ഷക്ഷേമം) ഖണ്ഡിക നമ്പർ 56-58 (ആസൂത്രണ-സാമ്പത്തികകാര്യം) |

**b) വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ബഹു. വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

797/2023.

## i. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20)

## (ഫയൽ നം.3721/സബ്.സി.ഇ 2/2019/നി.സെ.)

### ശിപാർശ (ഖണ്ഡിക നമ്പർ 1)

2043-00-001-97-04-(2)-കമ്മീഷണറുടെ കാര്യാലയം യാത്രചെലവുകൾ-സ്ഥലംമാറ്റ ബത്ത

നടപ്പു സാമ്പത്തിക വർഷം ഈ ഇനത്തിൽ 8-2-2019 വരെ 14,086 രൂപ ചെലവായതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 44,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

#### സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് വിഹിതം 0.58 ലക്ഷം രൂപയാണ്. ഈ തുകയ്ക്ക് പുറമേ 26-10-2019 തീയതിയിലെ G.O.(Rt) No.8470/2019/ധന പ്രകാരം 1 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ വഴി അനുവദിച്ചിരുന്നു. ഈ ശീർഷകത്തിലെ ആകെ ചെലവ് 1.17 ലക്ഷം രൂപയാണ്. ബാക്കി തുകയായ 0.41 ലക്ഷം രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.

### ശിപാർശ (ഖണ്ഡിക നമ്പർ 2)

2043-00-001-97-05(1)—കമ്മീഷണറുടെ കാര്യാലയം- ഓഫീസ് ചെലവുകൾ- വെള്ളക്കരം

വെള്ളക്കരം ഇനത്തിൽ 1-4-2018 മുതൽ 8-2-2019 വരെയുള്ള ചെലവ് 1.29256 ലക്ഷം രൂപയാണെന്നതിനാൽ ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ 62,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

#### സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് വിഹിതം 1.51 ലക്ഷം രൂപയാണ്. ഈ തുകയ്ക്ക് പുറമേ G.O.(Rt) No.8470/2019/ധന തീയതി 26-10-2019 പ്രകാരം 1.27 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ വഴി അനുവദിച്ചിരുന്നു. ഈ ശീർഷകത്തിലെ ആകെ ചെലവ് 2.34 ലക്ഷം രൂപയാണ്. ജലത്തിന്റെ ഉപയോഗം മുൻ മാസങ്ങളെ അപേക്ഷിച്ച് കുറവായതാണ് സേവിംഗ്സ് ഉണ്ടാകാൻ കാരണം. ബാക്കി തുകയായ 0.44 ലക്ഷം രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 3)**

2043-00-001-97-05-(2)—കമ്മീഷണറുടെ കാര്യാലയം - ഓഫീസ് ചെലവുകൾ-വൈദ്യുത ചെലവ് .

2019-2020 വർഷത്തേക്കുള്ള ചെലവിനായി ഈ ശീർഷകത്തിൽ 1.55 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. വകയിരുത്തിയ തുക തികച്ചും അപര്യാപ്തമായ തിനാൽ അധികമായി 1.05 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് വിഹിതം 50 ലക്ഷം രൂപയാണ്. ഈ തുകയ്ക്ക് പുറമേ 12-7-2019 തീയതിയിലെ G.O.(Rt) No.5486/2019/ധന ഉത്തരവ് പ്രകാരം അഡീഷണൽ ആതറൈസേഷൻ വഴി 15 ലക്ഷം രൂപയും 26-10-2019 തീയതിയിലെ G.O.(Rt) No.8470/2019/ധന ഉത്തരവ് പ്രകാരം റീ-അപ്രോപ്രിയേഷനായി 57 ലക്ഷം രൂപയും അനുവദിച്ചിരുന്നു. ഈ ശീർഷകത്തിലെ ആകെ ചെലവ് 117.45 ലക്ഷം രൂപയാണ്. ബാക്കി തുകയായ 4.55 ലക്ഷം രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 4)**

2043-00-001-97-18 കമ്മീഷണറുടെ കാര്യാലയം -സംരക്ഷണം

നടപ്പു സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 8-2-2019 വരെയുള്ള ചെലവ് 2.94705 ലക്ഷം രൂപയാണ്. ഈ ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ അധികമായി 2.16 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ചെലവുകൾ ഒന്നും ഉണ്ടാകാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 5)**

2043-00-001-97-21(2)—കമ്മീഷണറുടെ കാര്യാലയം -മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും

ഈ ശീർഷകത്തിൽ 1-4-2018 മുതൽ 8-2-2019 വരെയുള്ള ചെലവ് 4.54011 ലക്ഷം രൂപയാണ്. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 2.12 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് വിഹിതം 5.79 ലക്ഷം രൂപയാണ്. ഈ തുകയ്ക്ക് പുറമേ 26-10-2019 തീയതിയിലെ G.O.(Rt) No.8470/ 2019/ധന ഉത്തരവ് പ്രകാരം റീ-അപ്രോപ്രിയേഷൻ വഴി 2.12 ലക്ഷം രൂപ ലഭിക്കുകയുണ്ടായി. ഈ ശീർഷകത്തിലെ ആകെ ചെലവ് 7.22 ലക്ഷം രൂപയാണ്. ബാക്കി തുകയായ 0.69 ലക്ഷം രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 6)**

2043-00-001-97-34-(3)—<u>കമ്മീഷണറുടെ കാര്യാലയം - മറ്റ് ചെലവുകൾ, മറ്റിനം</u>

ഈ ശീർഷകത്തിൽ നടപ്പ് വർഷം 8-2-2019 വരെയുള്ള ചെലവ് 8.2625412 കോടി രൂപയാണ്. ടി ശീർഷകത്തിൽ 2019-2020 സാമ്പത്തിക വർഷത്തേക്ക് 10 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 6.80 കോടി രൂപ അധികമായി ധനപുനഃ വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് വിഹിതം 320 ലക്ഷം രൂപയാണ്. ഈ തുകയ്ക്ക് പുറമേ 13-2-2020 തീയതിയിലെ G.O.(Rt)No.1201/2020/ധന. ഉത്തരവ് പ്രകാരം 66 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ വഴി ലഭിക്കുകയുണ്ടായി. കൂടാതെ SUPI dated 26-7-2019 പ്രകാരം 1000 രൂപയും ലഭിക്കുകയുണ്ടായി. പ്രസ്തുത ശീർഷകത്തിൽ 2,96,12,282 രൂപയുടെ ഒരു ബില്ല് 2019-20 സാമ്പത്തിക വർഷത്തിൽ മാറാനുണ്ടായിരുന്നു. എന്നാൽ മുഴുവൻ തുകയും ലഭ്യമാകാത്തതിനാൽ ബില്ല് മാറാൻ സാധിച്ചില്ല. അതുകൊണ്ടാണ് ആകെ ചെലവ് കുറഞ്ഞത്. ഈ ശീർഷകത്തിലെ ആകെ ചെലവ് 101.48 ലക്ഷം രൂപയാണ്. ബാക്കി തുകയായ 284.53 ലക്ഷം രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 7)**

2043-00-001-97-45—<u>കമ്മീഷണറുടെ കാര്യാലയം - പി.ഒ.എൽ.</u>

ഈ ശീർഷകത്തിൽ നടപ്പ് വർഷം 1-4-2018 മുതൽ 8-2-2019 വരെയുള്ള ചെലവ് 11.40211 ലക്ഷം രൂപയാണ്. ഈയിനത്തിൽ 2019-2020 വർഷത്തേക്ക് 19.52 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ നിലവിലെ വിഹിതം തികച്ചും അപര്യാപ്തമാണ്. ആകയാൽ ഈയിനത്തിൽ 1.52 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് വിഹിതം 18 ലക്ഷം രൂപയാണ്. 2019-20 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൻ കീഴിലുള്ള ലോക്കൽ ആഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ പ്രസ്തുത കാര്യാലയത്തിലെ ഓഫീസുകളിൽ മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. ഈ വിഭാഗത്തിൽ അലോട്ട് ചെയ്യപ്പെട്ട വാഹനങ്ങളുടെ ഉപയോഗം അതുകൊണ്ട് കുറഞ്ഞിരുന്നു. കോവിഡ് വ്യാപന നിയന്ത്രണവും തുടർന്നുള്ള ലോക്ക് ഡൗണും കാരണം ജനവരി 2020 വരെയുള്ള ഇന്ധന ബില്ലുകൾ മാറുവാനെ കഴിഞ്ഞുള്ളൂ. ഈ ശീർഷകത്തിലെ ആകെ ചെലവ് 12.49 ലക്ഷം രൂപയാണ്. ബാക്കി തുകയായ 5.51 ലക്ഷം രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 8)**

2043-00-001-94-02—<u>കമ്മീഷണറുടെ കാര്യാലയത്തിന്റെ കമ്പ്യൂട്ടർവൽക്കരണം - വേതനം</u>

ഈ ശീർഷകത്തിൽ 1-4-2018 മുതൽ 8-2-2019 വരെയുള്ള ചെലവ് 6.95850 ലക്ഷം രൂപയാണ്. 2019-2020 സാമ്പത്തിക വർഷത്തേക്ക് 9.32 ലക്ഷം രൂപ ചെലവ് വരുമെന്നതിനാൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 82,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി 8.50 ലക്ഷം രൂപയാണ്. ഈ ശീർഷകത്തിലെ ആകെ ചെലവ് 9.87 ലക്ഷം രൂപയാണ്. അധികമായി ചെലവഴിച്ച 1.37 ലക്ഷം രൂപ G.O(Rt)No.4441/2020/Fin dated 3-8-2020 പ്രകാരം ക്രമീകരിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 9)**

2043-00-101-99-04-(1)—<u>സംഭരണ ചെലവുകൾ - യാത്രാചെലവുകൾ-യാത്രാബത്ത</u>

പ്രസ്തുത ശീർഷകത്തിൽ 1-4-2018 മുതൽ 8-2-2019 വരെയുള്ള ചെലവ് 55,590 രൂപയാണ്. 2019-2020 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് വിഹിതമായി മേൽ ശീർഷകത്തിൽ 1.61 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും ബഡ്ജറ്റിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമായതിനാൽ ഈയിനത്തിൽ 86,000 രൂപ അധികമായി ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് വിഹതം 0.75 ലക്ഷം രൂപയാണ്. ഈ ശീർഷകത്തിലെ ആകെ ചെലവ് 0.60 ലക്ഷം രൂപയാണ്. ബാക്കി തുകയായ 0.15 ലക്ഷം രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 10)**

2043-00-101-99-04(2)—<u>സംഭരണ ചെലവുകൾ - യാത്രാ ചെലവുകൾ-സ്ഥലം മാറ്റ ബത്ത</u>

പ്രസ്തുത ശീർഷകത്തിൽ നടപ്പുവർഷം 8-2-2019 വരെയുള്ള ചെലവ് 14,337 രൂപയാണ്. 2019-2020 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് വിഹിതമായി മേൽ ശീർഷകത്തിൽ 52,000 രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ 29,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ചെലവുകൾ ഒന്നും ഉണ്ടാകാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 11)**

2043-00-101-97-02(3)—<u>ചരക്കുസേവന നികുതി കാര്യാലയങ്ങൾ - വേതനം മറ്റ് അലവൻസുകൾ</u>

ഈ ശീർഷകത്തിൽ 1-4-2018 മുതൽ 8-2-2019 വരെയുള്ള ചെലവ് 37,000 രൂപയാണ്. ഈ ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുകയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

**<u>ശിപാർശ (ഖണ്ഡിക നമ്പർ 12)</u>**

2043-00-101-97-02(5)—<u>ചരക്കുസേവന നികുതി കാര്യാലയങ്ങൾ-വേതനം - ദിവസവേതനം</u>

ഈ ഇനത്തിൽ നടപ്പു വർഷം 8-2-2019 വരെയുള്ള ചെലവ് 2.4245 കോടി രൂപയാണ്. മേൽ ശീർഷകത്തിലെ വിഹിതം തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.9802 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുകയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 13)**

2043-00-101-97-17—<u>ചരക്കുസേവന നികുതി കാര്യാലയങ്ങൾ - ചെറുകിട മരാമത്ത് പണികൾ</u>

പ്രസ്തുത ശീർഷകത്തിൽ 1-4-2018 മുതൽ 8-2-2019 വരെ ചെലവ് 10.65 ലക്ഷം രൂപയാണ്. 2019-2020 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് വിഹിതമായി 38.08 ലക്ഷം രൂപ ഈയിനത്തിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും നിലവിൽ വകയിരുത്തിയ തുക തികച്ചും അപര്യാപ്തമായതിനാൽ 18.08 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിലെ ആകെ ചെലവ് 12.67 ലക്ഷം രൂപ ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ഡി3/489/2019/നി.വ, തീയതി 20-12-2021. 1 മുതൽ 13 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 9-11-2022-ലെ സമിതിയോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസ പത്രിക 16-3-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.)

**ശിപാർശ (ഖണ്ഡിക നമ്പർ 17)**

2030-03-001-99-17—<u>ഭരണം-ചെറുകിടമരാമത്തു പണികൾ</u>

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിന്റെ മുകളിലത്തെ നിലയിൽ പരാതി പരിഹാര സെൽ സെക്ഷൻ പ്രവർത്തിക്കുന്നതിനുള്ള സജ്ജീകരണങ്ങൾക്കും, Server Room നിലവിൽ വായു കടക്കുന്ന തരത്തിലായതിനാൽ എയർ കണ്ടീഷണർ നിരന്തരമായി പ്രവർത്തനരഹിതമാകുന്നതുമൂലമുള്ള പണികൾ ചെയ്യുന്നതിനായി ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ജി.ഒ (ആർ.റ്റി) നം.434/2019/നികുതി തീയതി 19-6-2019 ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിന്റെ മൂന്നാം നിലയിലുള്ള Server Room

അറ്റകുറ്റപ്പണികൾക്കായി 4,80,000 രൂപ "2059-01-053-99-18 R&M ഓഫീസ് ബിൽഡിംഗ്" എന്ന പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ നിന്നും അനുവദിച്ചിരുന്നു. അതിനാൽ 2030-03-00-99-17 എന്ന രജിസ്ട്രേഷൻ വകുപ്പിന്റെ ശീർഷകത്തിൽ അധിക ഫണ്ട് വകയിരുത്തേണ്ടി വന്നില്ല. പണികൾ പൂർത്തിയായതായി 17-3-2022-ലെ completion certificate മുഖേന പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 18)**

2030-03-001-96-05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2020 മാർച്ച് വരെ നീട്ടിയിട്ടുള്ളതിനാൽ ജില്ലാ ഓഫീസുകളിൽ നിന്നും പാർട്ടികൾക്ക് നോട്ടീസ് അയയ്ക്കുന്നതിനായി നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ സ്റ്റാമ്പ് വാങ്ങുന്നതിനും സ്റ്റേഷനറികൾക്കുമായി പ്രസ്തുത ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്കായി GO(Rt) No.10002/2019/ധന തീയതി 20-12-2019 പ്രകാരം 20 ലക്ഷം രൂപയും GO(Rt) No. 1274/2020/ധന തീയതി 15-2-2020 പ്രകാരം 10 ലക്ഷം രൂപയും ഉൾപ്പെടെ മൊത്തം 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം മുഖേന കണ്ടെത്തി ചെലവഴിച്ചു.

**ശിപാർശ (ഖണ്ഡിക നമ്പർ 19)**

2030-03-001-96-45—ജില്ലാ ഓഫീസുകൾ - പി.ഒ.എൽ.

2018-19 സാമ്പത്തിക വർഷത്തിൽ 6.50 ലക്ഷം രൂപ ജില്ലാ രജിസ്ട്രാർമാരുടെ POL ഇനത്തിൽ ചിലവഴിച്ചു കഴിഞ്ഞതിനാലും പലജില്ലകളിലും കുടിശ്ശികയുള്ളതിനാലും കൂടിവരുന്ന ഇന്ധന വിലയുടെ അടിസ്ഥാനത്തിൽ നിലവിലെ വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷത്തിൽ കൂടുതൽ ഫണ്ട് ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ജെ3/111/2019/നി.വ. തീയതി 16-4-2022; 17, 18, 19 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി (ജെ) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 9-11-2022-ലെ സമിതി യോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസ പത്രിക 28-6-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.)

**ii. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2021-22)**

**ഫയൽ നം.12979/സബ്.സി.ഇ 2/2021/നി.സെ.**

**ശിപാർശ (ഖണ്ഡിക നമ്പർ 1)**

2043-00-001-97—കമ്മീഷണറുടെ കാര്യാലയം

ജി.എസ്.റ്റി. വകുപ്പിന്റെ പുനഃസംഘടന ഈ വർഷം നടപ്പിലാക്കുന്നതിനും ടാക്സ് ഫെയർ സർവ്വീസ് യൂണിറ്റുകളും, ആഡിറ്റ് ഓഫീസുകളും ആരംഭിക്കുന്നതിനും, ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തി പുതിയ സ്ക്വാഡുകൾ ആരംഭിക്കുന്നതിനും ആവശ്യമായിവരുന്ന ഇലക്ട്രിക് വാഹനങ്ങളുടെയും മറ്റ് വാഹനങ്ങളുടെയും വാടകയിനത്തിൽ ടി ശീർഷകത്തിൽ 45.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷത്തിൽ അഡീഷണൽ ആതറൈസേഷൻ വഴി 45,50,000 രൂപ G.O.(Rt) No.4870/2021 dated 8-7-2021 പ്രകാരം അനുവദിച്ചിരുന്നു. ഈ ശീർഷകത്തിൽ ആകെ ചെലവ് 18.83 ലക്ഷം (As on 15-1-2022) രൂപയാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 2)**

2043-00-001-97-05-2—ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

2021-22 സാമ്പത്തികവർഷം ഈ ശീർഷകത്തിലേയ്ക്ക് 1.41 കോടി രൂപ വകുപ്പ് ആവശ്യപ്പെട്ടിരുന്നെങ്കിലും 1.10 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. നടപ്പു സാമ്പത്തിക വർഷം ഈ ഇനത്തിൽ ഇതുവരെയുള്ള ചെലവ് 36.30 ലക്ഷം രൂപയാകയാൽ നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ആകെ ചെലവ് 82.61 ലക്ഷം (As on 15-1-2022) രൂപയായതിനാൽ അധിക തുക സ്വീകരിക്കേണ്ടതായി വരുന്നില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 3)**

2043-00-001-97-06—വാടക, കരം, നികുതി

മേൽ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം നാളിതുവരെ 6.60 ലക്ഷം രൂപ ചെലവായിട്ടുള്ളതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണ്. മേൽ സാഹചര്യത്തിൽ ടി ശീർഷകത്തിൽ 7 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

797/2023.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ ആകെ ചെലവ് 6.92 ലക്ഷം (As on 15-1-2022) രൂപയായതിനാൽ അധിക തുക സ്വീകരിക്കേണ്ടതായി വരുന്നില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 4)**

2043-00-001-97-17—<u>ചെറുകിട മരാമത്തുപണികൾ</u>

നടപ്പു സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക ചെറുകിട മരാമത്ത് പണികൾക്ക് അപര്യാപ്തമാകയാൽ 7 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയ്ക്ക് പുറമെ 12 ലക്ഷം രൂപയ്ക്കുള്ള Final SDG proposal സമർപ്പിച്ചിട്ടുണ്ട്. ഈ ശീർഷകത്തിലെ ആകെ ചെലവ് 2.70 ലക്ഷം (As on 15-1-2022) രൂപയാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 5)**

2043-00-001-94-19—<u>കമ്മീഷണറുടെ കാര്യാലയത്തിന്റെ കമ്പ്യൂട്ടർവൽക്കരണം - യന്ത്രോപകരണങ്ങൾ</u>

നടപ്പു സാമ്പത്തിക വർഷം ഈ ഇനത്തിൽ ഇതുവരെയുള്ള ചെലവ് 73.39997 ലക്ഷം രൂപയായതിനാൽ മേൽ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ അധികമായി 2.5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിലെ ആകെ ചെലവ് പുറമെ 222.04 ലക്ഷം (As on 15-1-2022) രൂപയായതിനാൽ അധിക തുക സ്വീകരിക്കേണ്ടതായി വരുന്നില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 6)**

2043-00-001-93—<u>ഐ.ടി. അടിസ്ഥാന സൗകര്യ വികസനം</u>

നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ, 12 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയ്ക്ക് പുറമേ അഡീഷണൽ ആതറൈസേഷൻ വഴി 1193 ലക്ഷം രൂപ G.O.(Rt) No.7796/2021 തീയതി 2-12-2021 പ്രകാരം ലഭിക്കുകയുണ്ടായി. ഈ ശീർഷകത്തിലെ ആകെ ചെലവ് 520.20 ലക്ഷം (As on 15-1-2022) രൂപയാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 7)**

2043-00-101-99-01-4—ലാ ആഫീസർ-ശമ്പളം-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

മേൽ ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 3 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയ്ക്ക് പുറമേ അഡീഷണൽ ആതറൈസേഷൻ വഴി 3 ലക്ഷം രൂപ G.O.(Rt) No.6280/2021 തീയതി 24-9-2021 പ്രകാരം ലഭിക്കുകയുണ്ടായി. ഈ ശീർഷകത്തിലെ ആകെ ചെലവ് 3.85 ലക്ഷം (As on 15-1-2022) രൂപയാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 8)**

2043-00-101-97-05-2—ചരക്ക് സേവന നികുതി കാര്യാലയങ്ങൾ- ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

നടപ്പ് സാമ്പത്തിക വർഷം ഈ ഇനത്തിൽ ഇതുവരെ 4.62 ലക്ഷം രൂപ ചെലവായതിനാൽ 2021-22 സാമ്പത്തിക വർഷത്തേയ്ക്ക് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ അധികമായി 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിലെ ആകെ ചെലവ് 7.18 ലക്ഷം (As on 15-1-2022) രൂപയായതിനാൽ അധിക തുക സ്വീകരിക്കേണ്ടതായി വരുന്നില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 9)**

2043-00-101-97-06—വാടക, കരം, നികുതി

നടപ്പു സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാകയാൽ 55 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയ്ക്ക് പുറമെ 70 ലക്ഷം രൂപയുള്ള Final SDG proposal സമർപ്പിച്ചിട്ടുണ്ട്. ഈ ശീർഷകത്തിലെ ആകെ ചെലവ് 129.62 ലക്ഷം (As on 15-1-2022) രൂപയാണ്.

(സർക്കാർ കത്ത് നമ്പർ ഡി3/352/2021-നികുതി, തീയതി 22-4-2022. 1 മുതൽ 9 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി(ഡി) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 14-7-2022-ലെ സമിതിയോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക നമ്പർ 10)**

2045-00-103-99-06—ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - വാടക, കരം, നികുതി

പുതുക്കിയ നിരക്ക് പ്രകാരം വാടക നൽകുന്നതിനായി മേൽശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 53.42356 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

സ്വീകരിച്ച നടപടി

6-12-2021-ലെ സ.ഉ.(സാധാ) നം. 7906/2021/ധന. ഉത്തരവ് പ്രകാരം 2045-00-103-99-06-വാടക, കരം, നികുതി ശീർഷകത്തിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത തുകയുൾപ്പെടെ 101,96,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ PWR-A3/104/2021/POWER, തീയതി 26-5-2022 10-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ഊർജ്ജം(എ) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 14-7-2022-ലെ സമിതിയോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക നമ്പർ 14)**

2039-00-001-99-04-2—മേൽനോട്ടം - യാത്രാ ചെലവുകൾ-സ്ഥലംമാറ്റബത്ത

എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റബത്ത പൂർണ്ണമായും മാറി നൽകാൻ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2022 വരെ 3.02 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. കോവിഡ് മഹാമാരി മൂലം അധിക തുക ആവശ്യമായി വരാത്ത സാഹചര്യത്തിൽ അധിക ധനാഭ്യർത്ഥനയ്ക്കുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 15)**

2039-00-001-99-05-1—<u>ഓഫീസ് ചെലവുകൾ - വെള്ളക്കരം.</u>

വെള്ളക്കരം പൂർണ്ണമായും അടച്ച് തീർക്കാൻ നിലവിലെ വിഹിതം അപര്യാപ്തമാകയാൽ, ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2022 വരെ 4.40 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അധിക ധനാഭ്യർത്ഥനയ്ക്കുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 16)**

2039-00-001-99-05-4—<u>മറ്റിനങ്ങൾ.</u>

എക്സൈസ് സർക്കിൾ ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2022 വരെ 34.37 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അധിക ധനാഭ്യർത്ഥനയ്ക്കുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 17)**

2039-00-001-99-06—<u>വാടക, കരം, നികുതി</u>

നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന വിഹിതം എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാടക, കരം, നികുതി ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് അപര്യാപ്തമാകയാൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2022 വരെ 73.90 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം സീലിംഗിൽ ആയതിനാൽ വാടക, കരം പൂർണ്ണമായും കൊടുത്തുതീർക്കാൻ സാധിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 18)**

2039-00-001-99-15—രഹസ്യ സേവന ചെലവുകൾ.

എൻഫോഴ്സ്‌മെന്റ് പ്രവർത്തനം കൂടുതൽ ശക്തമാക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ അധികമായി 3 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-8-2021 വരെ 22 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അധിക ധനാഭ്യർത്ഥനയ്ക്കുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 19)**

2039-00-001-99-21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും.

എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണ്. മേൽസാഹചര്യത്തിൽ ഈ ശീർഷകത്തിലേക്ക് 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2022 വരെ 45.81 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടെങ്കിലും ലഭ്യമായിട്ടില്ല. ആയതിനാൽ എക്സൈസ് ആഫീസുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നാളിതുവരെ സാധിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 20)**

2039-00-001-99-34-3—<u>മറ്റ് ചെലവുകൾ - മറ്റിനം</u>

എക്സൈസ് സർക്കിൾ ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ അധികമായി 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2022 വരെ 45.81 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം തീർന്ന മുറക്ക് സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടെങ്കിലും ലഭ്യമാകാത്തതിനാൽ റീ-അപ്രോപ്രിയേഷൻ G.O. (Rt) No.2180/2022/Fin dated 22/03/2022 വഴി 2 ലക്ഷം രൂപ ലഭ്യമായിട്ടുള്ളതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 21)**

2039-00-001-99-45—<u>പി.ഒ.എൽ.</u>

എക്സൈസ് സർക്കിൾ ഓഫീസുകളിലെ പി.ഒ.എൽ ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ അധികമായി 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2022 വരെ 182.32 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. 7-2-2022-ലെ സർക്കാർ ഉത്തരവ് നമ്പർ G.O. (Rt) No.811/2022/Fin പ്രകാരം 2039-00-001-99-45 ശീർഷകത്തിൽ 10,00,000 രൂപ സബ്ജക്ട് കമ്മിറ്റി ശുപാർശ പരിഗണിച്ച് സർക്കാർ അനുവദിച്ചിട്ടുള്ളതാണ് കൂടാതെ റീ-അപ്രോപ്രിയേഷൻ G.O.(Rt) No.2180/2022/Fin dated 22/03/2022) വഴി 10 ലക്ഷം രൂപ ലഭ്യമായിട്ടുള്ളതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 22)**

2039-00-001-98-04-2—റേഞ്ച് ഓഫീസുകൾ-യാത്രാ ചെലവുകൾ -സ്ഥലംമാറ്റബത്ത

എക്സൈസ് റേഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റബത്ത പൂർണ്ണമായും മാറി നൽകുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാകയാൽ 2 ലക്ഷം രൂപ അധികമായി ധനഃപുനവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-8-2020 വരെ 2.16 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം തീരുന്ന മുറക്ക് സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടെങ്കിലും ലഭ്യമായിട്ടില്ല.

**ശിപാർശ(ഖണ്ഡികനമ്പർ 23)**

2039-00-001-98-05-1—<u>ഓഫീസ് ചെലവുകൾ- വെള്ളക്കരം</u>

എക്സൈസ് റേഞ്ച് ഓഫീസുകളിലെ വെള്ളക്കരം പൂർണ്ണമായും അടക്കുന്നതിന് ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. മേൽ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2022 വരെ 1.49 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം തീരാത്തതിനാൽ സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 24)**

2039-00-001-99-05-4— <u>മറ്റിനങ്ങൾ</u>

എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്ത ണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2022 വരെ 22.69 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം തീരാത്തതിനാൽ സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 25)**

2039-00-001-98-06—വാടക, കരം, നികുതി

എക്സൈസ് റേഞ്ച് ഓഫീസുകളിലെ വാടക, കരം, നികുതി ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2022 വരെ 84.28 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. 7-2-2022-ലെ സർക്കാർ ഉത്തരവ് നമ്പർ G.O(Rt)No.811/ 2022 /Fin പ്രകാരം 2039-00-001-98-06 ശീർഷകത്തിൽ 10,00,000 രൂപ സബ്ജക്ട് കമ്മിറ്റി ശിപാർശ പരിഗണിച്ച് സർക്കാർ അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ റീ അപ്രോപ്രിയേഷൻ G.O.(Rt)No.2180/2022/Fin dated 22-3-2022) വഴി 5 ലക്ഷം രൂപയും ലഭ്യമാക്കിയിട്ടുള്ളതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 26)**

2039-00-001-98-21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും.

എക്സൈസ് റേഞ്ച് ഓഫീസുകളിലെ മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-8-2021 വരെ 44.38 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടെങ്കിലും ലഭ്യമായിട്ടില്ല. ആയതിനാൽ എക്സൈസ് ആഫീസുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നാളിതുവരെ സാധിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 27)**

2039-00-001-98-34-3—മറ്റു ചെലവുകൾ -മറ്റിനം

എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി ടി ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-8-2021 വരെ 12.49 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം തീർന്ന മുറയ്ക്ക് സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടെങ്കിലും ലഭ്യമാകാത്തതിനാൽ റീ-അപ്രോപ്രിയേഷൻ G.O.(Rt)No.2180/2022/Fin dated 22.03.2022) വഴി 1 ലക്ഷം രൂപ ലഭ്യമായിട്ടുള്ളതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 28)**

2039-00-001-98-45—<u>പി.ഒ.എൽ.</u>

എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഇന്ധന ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-8-2021 വരെ 192.78 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം തീർന്ന മുറയ്ക്ക് സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടെങ്കിലും ലഭ്യമാകാത്തതിനാൽ റീ-അപ്രോപ്രിയേഷൻ G.O.(Rt)No.2180/2022/Fin dated 22-3-2022) വഴി 10 ലക്ഷം രൂപ ലഭ്യമായിട്ടുള്ളതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 29)**

2039-00-001-97-21-2—<u>വിജിലൻസ് വിഭാഗം -മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും.</u>

വിജിലൻസ് ഓഫീസിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണിയും സംരക്ഷണവും ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ, 40,000 രൂപ ടി ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2022 വരെ 77,451 രൂപ ചെലവഴിച്ചിട്ടുള്ളതാണ്. സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടെങ്കിലും ലഭ്യമായിട്ടില്ല. ആയതിനാൽ എക്സൈസ് ആഫീസുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നാളിതുവരെ സാധിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 30)**

2039-00-001-97-45—പി.ഒ.എൽ.

വിജിലൻസ് ഓഫീസിലെ ഇന്ധന ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 50,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2022 വരെ 1.83 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം തീർന്ന മുറയ്ക്ക് സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടെങ്കിലും ലഭ്യമാകാത്തതിനാൽ റീ അപ്രോപ്രിയേഷൻ G.O.(Rt)No.2180/2022/Fin dated 22-3-2022) വഴി 10,000- രൂപ വകയിരുത്തിയിട്ടുള്ളതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 31)**

2039-00-001-94-34-3—എക്സൈസ് വകുപ്പിന്റെ നവീകരണം - മറ്റ് ചെലവുകൾ -മറ്റിനം.

നടപ്പു സാമ്പത്തിക വർഷം എക്സൈസ് വകുപ്പിന്റെ നവീകരണത്തിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ പദ്ധതിയിനത്തിൽ അധികമായി 10.7425 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2022 വരെ 188.40 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അനുവദിച്ച വിഹിതം സീലിംഗിൽ ആയതിനാൽ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. പദ്ധതിയേതര വിഹിതത്തിൽ 112.05 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 32)**

2039-00-001-88—വിമുക്തി

കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ (വിമുക്തി) പദ്ധതി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് നിലവിൽ വകയിരുത്തിയ തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി പദ്ധതിയിനത്തിൽ 22.93 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2022 വരെ 5.40 കോടി രൂപ ചെലവഴിച്ചിട്ടുള്ളതാണ്. 10-12-2021-ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt)No.8032/2021/Fin പ്രകാരം 2039-00-001-88 ശീർഷകത്തിൽ 1,00,00,000 രൂപയും 7-2-2022-ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt)No.811/2022/Fin പ്രകാരം 2039-00-001-88 ശീർഷകത്തിൽ 50,00,000 രൂപയും സബ്ജക്ട് കമ്മിറ്റി ശിപാർശ പരിഗണിച്ച് സർക്കാർ അനുവദിച്ചിട്ടുള്ളതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 33)**

2039-00-001-87—സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണം

പ്രസ്തുത ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം തികച്ചും അപര്യാപ്തമാകയാൽ അധികമായി 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-8-2021 വരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 34)**

2039-00-001-86-04-1—എക്സൈസ് - ക്രൈംബ്രാഞ്ച് വിഭാഗം- യാത്രാ ചെലവുകൾ- യാത്രാബത്ത

എക്സൈസ് - ക്രൈംബ്രാഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ യാത്രാബത്ത പൂർണ്ണമായും മാറി നൽകുന്നതിലേക്കായി ടി ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാകയാൽ അധികമായി 1.5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2022 വരെ 10,000 രൂപ ചെലവഴിച്ചിട്ടുള്ളതാണ്. സമിതി ശിപാർശ പ്രകാരം ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുക ആവശ്യപ്പെട്ടെങ്കിലും ലഭ്യമായിട്ടില്ല. എക്സൈസ് ക്രൈംബ്രാഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ യാത്രാബത്ത പൂർണ്ണമായും മാറി നൽകുന്നതിന് നാളിതുവരെയും സാധ്യമായിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 35)**

2039-00-001-86-04-2—സ്ഥലംമാറ്റബത്ത.

എക്സൈസ് - ക്രൈംബ്രാഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റബത്ത പൂർണ്ണമായും മാറി നൽകുന്നതിലേക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാകയാൽ 10,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എക്സൈസ് - ക്രൈംബ്രാഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റബത്ത പൂർണ്ണമായും മാറി നൽകുന്നതിലേയ്ക്കായി നിലവിൽ അനുവദിച്ചിരുന്ന വിഹിതം തികയാതെ വന്നതിനാൽ മാറി നൽകാൻ സാധിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 36)**

2039-00-001-86-21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും.

എക്സൈസ് - ക്രൈംബ്രാഞ്ച് വിഭാഗത്തിന് വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ടി ശീർഷകത്തിലേക്ക് 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ അനുസരിച്ച് 24-8-2021 തീയതിയിലെ G.O.(Rt)No.5625/2021/Fin ഉത്തരവ് പ്രകാരം 20,000 രൂപ അനുവദിച്ചിട്ടുള്ളതാണ്. ആയതിൽ നിന്നും 31-3-2022 വരെ 18,477 രൂപ ചെലവഴിച്ചിട്ടുള്ളതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 37)**

2039-00-001-86-34-3—എക്സൈസ് - ക്രൈംബ്രാഞ്ച് വിഭാഗങ്ങൾ-മറ്റ് ചെലവുകൾ - മറ്റിനം

എക്സൈസ്-ക്രൈംബ്രാഞ്ച് വിഭാഗത്തിന് 2039-00-001-86 എന്ന ശീർഷകത്തിൽ 34-3 (മറ്റു ചെലവുകൾ - മറ്റിനം) എന്ന പുതിയ ഉപശീർഷകം അനുവദിക്കണമെന്നും ടി ശീർഷകത്തിൽ 50,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശ അനുസരിച്ച് 24-8-2021 തീയതിയിലെ G.O.(Rt) No.5625/2021/Fin ഉത്തരവ് പ്രകാരം 10,000 രൂപ അനുവദിച്ചിട്ടുള്ളതാണ്. ആയതിൽ നിന്നും 31-3-2022 വരെ9,405/- രൂപ ചെലവഴിച്ചിട്ടുള്ളതാണ്.

**ശിപാർശ(ഖണ്ഡിക നമ്പർ 38)**

2039-00-001-86-45—<u>പി.ഒ.എൽ.</u>

എക്സൈസ് -ക്രൈംബ്രാഞ്ച് വിഭാഗത്തിന് ഇന്ധന ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാകയാൽ അധികമായി 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 31-3-2022 വരെ 1.84 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. 10-1-2022-ലെ സർക്കാർ ഉത്തരവ് നമ്പർ G.O(Rt) No. 154/2022/Fin dated 10-1-2022 പ്രകാരം 2039-00-001-86-45 ശീർഷകത്തിൽ 50,000 രൂപയും G.O.(Rt)No.811/2022/Fin dated 7-2-2022 പ്രകാരം 10,000 രൂപയും സബ്ജക്ട് കമ്മിറ്റി ശിപാർശ പരിഗണിച്ച് സർക്കാർ അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ റീ അപ്രോപ്രിയേഷൻ G.O(Rt) No. 2180/2022/Fin. Dated 22-3-2022 വഴി 20,000 രൂപയും വകയിരുത്തിയിട്ടുള്ളതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 60)**

എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിനായി എക്സൈസ് റേഞ്ചുകൾ പുനർനിർണ്ണയിച്ച് അവയുടെ എണ്ണം വർദ്ധിപ്പിക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു എന്ന് സമിതി വിലയിരുത്തുന്നു. നിലവിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകളുടെ അധികാരപരിധിയിൽ മാറ്റം വരുത്തി എക്സൈസ് റേഞ്ച് ഓഫീസുകളുടെ എണ്ണത്തിൽ ആവശ്യമായ വർദ്ധനവ് വരുത്തണമെന്നും എക്സൈസ് വകുപ്പിൽ അധിക ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും റേഞ്ച് ഓഫീസുകളിൽ മെച്ചപ്പെട്ട പ്രവർത്തനസൗകര്യം ഉറപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വകുപ്പിന് കീഴിലുള്ള എക്സൈസ് റെയിഞ്ചുകളിൽ നിന്നും അധികാര അതിർത്തി വലുതായ 34 എക്സൈസ് റേഞ്ച് ഓഫീസുകളെ വിഭജിച്ച് പുതുതായി 37 എക്സൈസ് റെയിഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതിനായുള്ള ശിപാർശ 22-7-2021-ലെ

EXC/837/2021/XD-1 എന്ന നമ്പർ കത്ത് പ്രകാരം സർക്കാരിൽ ലഭിച്ചിട്ടുള്ളതും ടി ശിപാർശ സർക്കാർ വിശദമായി പരിശോധിക്കുകയും ടി പ്രൊപ്പോസൽ പരിഗണിയ്ക്കാൻ സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ല എന്നും ധനസ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് പ്രൊപ്പോസൽ പരിഗണിയ്ക്കാവുന്നതാണെന്നും തൽക്കാലം നിലവിലെ സംവിധാനം തന്നെ തുടരാനും തീരുമാനിച്ചിട്ടുള്ളതാണ്.

കൂടാതെ വകുപ്പിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 552 വനിത സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനായി 30-11-2020-ൽ XDI/264585/2020 നമ്പർ കത്ത് പ്രകാരം ശിപാർശ സർക്കാരിന് ലഭിച്ചിട്ടുള്ളതും 28-4-2022-ന് സ.ഉ.(കൈ)നം.29/2022/ നി.വ. ഉത്തരവ് പ്രകാരം വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ 31 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

വകുപ്പിൽ 282 പുതിയ ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കുന്നതിനായി 17-9-2021-ലെ XDI/25292/2015 എന്ന നമ്പർ കത്ത് പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിച്ചതിൽ 8-4-2022-ലെ നമ്പർ എഫ്1/296/2021/നി.വ. കത്ത് പ്രകാരം എക്സൈസ് പോലുള്ള എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ പ്രത്യേക ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കണം എന്ന ആവശ്യം നിലവിൽ പരിഗണിക്കാൻ കഴിയില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുള്ളതാണ്.

(സർക്കാർ കത്ത് നമ്പർ നികുതി.എഫ്3/320/2021/നി.വ. തീയതി 7-5-2022 14 മുതൽ 38, 60 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി (എഫ്.) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ 14-7-2022-ലെ സമിതിയോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക നമ്പർ 39)**

2054-00-098-99-06—കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്-വാടക, കരം, നികുതി

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ട്രെയിനിംഗ് സെന്ററിനും, തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സബ് ഓഫീസുകൾക്കും, കണ്ണൂർ ജില്ലാ ഓഫീസിനും പുതുക്കിയ നിരക്കിൽ വാടക നൽകുന്നതിലേയ്ക്കായി നടപ്പുസാമ്പത്തിക വർഷം ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 16 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയുന്നു.

സ്വീകരിച്ച നടപടി

ആർ. ആർ. ടി ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 15 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക തികയാത്ത സാഹചര്യത്തിൽ സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്ത 16,00,000 രൂപ അനുവദിക്കുവാൻ

23-6-2021-ലെ ഡി.കെ.എസ്.എ 28862/2021-ാം നമ്പർ കത്ത് പ്രകാരം അപേക്ഷിച്ചിരുന്നു. ആയതിൻ പ്രകാരം 12,00,000 രൂപ 16-8-2021-ലെ G.O.(Rt) No. 5517/2021/ധന സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ളതാണ്. ആയതിൽ നിന്ന് 7,74,192 രൂപ കണ്ണൂർ ജില്ലാ കാര്യാലയത്തിന് വിതരണം ചെയ്തിട്ടുള്ളതാണ്. ബാക്കിയുള്ള തുക വരും മാസങ്ങളിൽ വാടക ഇനത്തിൽ ബന്ധപ്പെട്ട ഓഫീസുകൾക്ക് അനുവദിച്ചു നൽകുന്നതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 52)**

2235-60-110-99-06—സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ്- വാടക, കരം, നികുതി.

കെ.എസ്.ഐ.ഡി-യും കെ.ടി.ഡി.എഫ്.സിയുമായുള്ള കരാറനുസരിച്ച് ഓരോ 3 വർഷം കൂടുമ്പോഴും വാടകയിനത്തിൽ 15% വർദ്ധനവ് വരുത്തേണ്ടതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

18-3-2022-ലെ ജി.ഒ.(ആർ.റ്റി.)നം. 1926/2022 ധന നമ്പർ ഉത്തരവ് പ്രകാരം 15,00,000 രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ച് കുടിശ്ശികയായ വാടക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ശിപാർശ (ഖണ്ഡിക നമ്പർ 53)**

2235-60-110-99-21—മോട്ടോർ വാഹനങ്ങൾ

ഇൻഷ്വറൻസ് വകുപ്പിന്റെ രണ്ട് ജില്ലാ ഓഫീസുകളിലേക്ക് ഓരോ വാഹനം വീതം ലഭ്യമാക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 14 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത മോട്ടോർ വാഹനങ്ങൾ ശീർഷകങ്ങളിലേയ്ക്കുള്ള തുകകൾ ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും ഭരണ അനുമതിയ്ക്ക് പ്രൊപ്പോസൽ അയയ്ക്കാൻ സർക്കാരിൽ നിന്നും നിർദ്ദേശം ലഭിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 54)**

2235-60-110-98-01 -4—<u>ജില്ലാ ഓഫീസുകൾ- ശമ്പളം - മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്</u>

ടി ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ജില്ലാ ഓഫീസുകളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ശീർഷകത്തിൽ 6-9-2021-ലെ G.O.(Rt)5829/2021/ധന. നമ്പർ ഉത്തരവ് പ്രകാരം 30,000 രൂപയും, 13-10-2021-ലെ G.O.(Rt)6703/2021/ധന. നമ്പർ ഉത്തരവ് പ്രകാരം 1,38,000 രൂപയും, 28-12-2021-ലെ G.O.(Rt)8492/2021/ധന. നമ്പർ ഉത്തരവ് പ്രകാരം 58,000 രൂപയും ഉൾപ്പെടെ ആകെ 2,26,000 രൂപ ലഭ്യമായിട്ടുണ്ട്. ജില്ലാ ഇൻഷ്വറൻസ് ഓഫീസുകളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് വിനിയോഗിക്കുന്നതിനായി ടി തുക കൈമാറിയിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 55)**

2235-60-110-98-05-4—<u>ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ</u>

32 പുതിയ തസ്തികകൾ സൃഷ്ടിച്ചതിനോടനുബന്ധിച്ച് 10 ജില്ലാ ഇൻഷ്വറൻസ് ഓഫീസുകൾ കൂടുതൽ പ്രവർത്തന സജ്ജമാക്കുന്നതിലേക്കായി ടി ശീർഷകത്തിലേക്ക് 15 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

18-3-2022-ലെ ജി.ഒ.(ആർ.റ്റി) നം.1926/2022 ധന. നമ്പർ ഉത്തരവ് പ്രകാരം 61000 രൂപ ഓഫീസ് ചെലവുകൾ (മറ്റിനങ്ങൾ) എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. ടി തുക ജില്ലാ ഇൻഷ്വറൻസ് ഓഫീസുകളുടെ പ്രവർത്തനങ്ങൾക്കു വേണ്ടി നല്കിയിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 56)**

2235-60-110-97—സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് കംപ്യൂട്ടർവല്ക്കരണം.

സോഫ്റ്റ്‌വെയറിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തൽ, വാർഷിക അറ്റകുറ്റപണികൾ, വിവര സാങ്കേതിക വിഭാഗത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ, പഴയവ മാറ്റിവാങ്ങൽ, ഒപ്റ്റിക്കൽ ഫൈബർ കണക്റ്റിവിറ്റി ചാർജ്ജുകൾ എന്നിവയ്ക്കായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ അധികമായി 2.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

28-12-2021-ലെ ജി.ഒ.(ആർ.റ്റി) നം8492/2021 ധന. നമ്പർ ഉത്തരവ് പ്രകാരം 8,57,000 രൂപയും 18-3-2022 -ലെ ജി.ഒ.(ആർ.റ്റി) നം.1926/2022 ധന. നമ്പർ ഉത്തരവ് പ്രകാരം 7,76,000 രൂപയും ഉൾപ്പെടെ ആകെ 16,33,000 രൂപ കമ്പ്യൂട്ടർവൽക്കരണത്തിനായി അനുവദിച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ച് ജില്ലാ ഓഫീസുകൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(സർക്കാർ കത്ത് നമ്പർ 1836147/എസ്റ്റാ-ഡി4/2021-ധന. തീയതി 7-4-2022. 39, 52 മുതൽ 56 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ(എസ്റ്റാ-ഡി) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 14-7-2022-ലെ സമിതിയോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക നമ്പർ 40)**

2047-00-103-87—ദേശീയ, സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും, എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് നൽകുന്ന പ്രതിഫലം

2021-22 സാമ്പത്തിക വർഷം ഏജന്റുമാർക്ക് അധികസേവനത്തിനുള്ള പ്രതിഫലം പ്രതിമാസം ഏകദേശം 18.5 കോടി രൂപ നിരക്കിൽ 12 മാസത്തെ പ്രതിഫലം വിതരണം ചെയ്യുന്നതിനായി 222 കോടി രൂപയും മുൻ വർഷങ്ങളിലെ പ്രതിഫല കുടിശ്ശിക (വൈകി ലഭിച്ച ക്ലെയിമുകൾ, തെറ്റായി രേഖപ്പെടുത്തിയ ക്ലെയിമുകൾ) വിതരണം ചെയ്യുന്നതിനായി 1 കോടി രൂപയും വേണ്ടി വരുമെന്നതിനാൽ ടി ശീർഷകത്തിൽ അധികമായി 23 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

"നിലവിലുള്ള വിഹിതം പ്രസ്തുത സാമ്പത്തിക വർഷത്തേക്കു തികയുമെന്നതിനാൽ ഉപധനാഭ്യർത്ഥന മുഖേന അധിക വിഹിതം വകയിരുത്തിയിരുന്നില്ല"

**ശിപാർശ (ഖണ്ഡിക നമ്പർ 41)**

2047-00-103-85-10—എം.പി.കെ.ബി.വൈ./എസ്.എ.എസ്.ഏജന്റുമാരുടെ ക്ഷേമനിധിക്കായുള്ള സംസ്ഥാന സർക്കാരിന്റെ തത്തുല്യ വിഹിതം - സംഭാവന

ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ ഒരു വർഷം ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്ന മൊത്തം തുകയുടെ 50% മായ സർക്കാർ വിഹിതവും 2020-21 സാമ്പത്തിക വർഷത്തെ 4 മാസത്തെ കുടിശ്ശിക ഉൾപ്പെടെയുള്ള തുകയും ടി ശീർഷകത്തിൽ വകയിരുത്തേണ്ടതാണെങ്കിലും നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം വകയിരുത്തേണ്ട വിഹിതത്തെക്കാൾ കുറവായതിനാൽ അധികമായി ടി ശീർഷകത്തിൽ 48.44 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

"നിലവിലുള്ള വിഹിതം പ്രസ്തുത സാമ്പത്തിക വർഷത്തേക്കു തികയുമെന്നതിനാൽ ഉപധനാഭ്യർത്ഥന മുഖേന അധിക വിഹിതം വകയിരുത്തിയിരുന്നില്ല"

(സർക്കാർ കത്ത് നമ്പർ ഭരണം-സി1/32/2022-ധന. (2019495) തീയതി 8-4-2022. 40, 41 ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ(ഭരണം-സി) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 14-7-2022-ലെ സമിതിയോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക നമ്പർ 42)**

2075-00-103-94-34-3—സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്-മറ്റു ചെലവുകൾ-മറ്റിനം

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ജില്ലാ ഓഫീസുകൾ, സബ് ഓഫീസുകൾ എന്നിവയുടെ നവീകരണത്തിനായി ടി ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ അധികമായി 61.48 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കാസർഗോഡ് ജില്ലാ ഭാഗ്യക്കുറി ഓഫീസിന്റെ ഫർണിഷിംഗ് ജോലികൾ ചെയ്യുന്നതിനും (₹2,00,000) സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ ഡയറക്ടറുടെ കാബിൻ നവീകരിക്കുന്നതിനും (₹5,00,000) വേണ്ടി ടി ശീർഷകത്തിൽ ₹7,00,000 അധികമായി വേണം എന്ന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി തുക ധനപുനഃവിനിയോഗം വഴി വകയിരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 43)**

2075-00-103-92-06—സംസ്ഥാന ഭാഗ്യക്കുറിയുടെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം - വാടക, കരം, നികുതി

എറണാകുളം മേഖല ജോയിന്റ് ഡയറക്ടർ ഓഫീസ്, ജില്ലാ ഭാഗ്യക്കുറി ഓഫീസ് എന്നിവയുടെ വാടക നൽകുന്നതിന് ടി ശീർഷകത്തിൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാകയാൽ അധികമായി 50.24 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷം ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള വാടകയും കഴിഞ്ഞ സാമ്പത്തിക വർഷത്തെ 2 മാസത്തെ വാടക കുടിശ്ശികയും ഒടുക്കുന്നതിനായി ₹58,31,000 രൂപ ആവശ്യമുണ്ടെന്ന ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ധനഃപുനവിനിവയോഗം വഴി ടി തുക വകയിരുത്തി നല്കിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ TAXES-H1/228/2021-TAXES, തീയതി 11-1-2021. 42,43 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി(എച്ച്) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ 14-7-2022-ലെ സമിതിയോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക നമ്പർ 44)**

2075-00-795-98—വീട് വായ്പ എഴുതിത്തള്ളൽ

ഭവനനിർമ്മാണ വായ്പ എഴുതിത്തള്ളൽ തുക 2 ലക്ഷം രൂപയിൽ നിന്ന് 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ ഇനത്തിൽ ചെലവ് വർദ്ധിക്കാനിടയുണ്ട്. മേൽ സാഹചര്യത്തിൽ ഇപ്പോൾ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ അധികമായി 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 21.10 ലക്ഷം രൂപയായിരുന്നു. ടി ശീർഷകത്തിൽ ആകെ 29,65,089 രൂപ ചെലവായിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിൽ കവിഞ്ഞുള്ള തുക (8,55,089) ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

### ശിപാർശ (ഖണ്ഡിക നമ്പർ 49)

6003-00-109-89—സർക്കാർ ജീവനക്കാരുടെ ഭവന പദ്ധതിയുടെ അടിസ്ഥാനത്തിൽ 2019 ജൂൺ മാസം പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്നെടുത്ത വായ്പ

നടപ്പുസാമ്പത്തിക വർഷം ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ അധികമായി 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ ഈട് നൽകി 2019 ജൂൺ മാസം പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്നെടുത്ത വായ്പ തിരിച്ചടക്കുന്നതിന് 2021-22-ലെ ബഡ്ജറ്റിൽ 36,00,00,000 രൂപ (മുപ്പത്തി ആറ് കോടി രൂപ മാത്രം വകയിരുത്തിയിരുന്നു. 11-2-2022 തീയതിയിലെ സ.ഉ.(സാധാ) നം.943/2022/ധന. പ്രകാരം അഡീഷണൽ ഓതറൈസേഷൻ വഴി 1,29,12,000 രൂപ അനുവദിച്ചിരുന്നു. പ്രസ്തുത സാമ്പത്തിക വർഷം ആകെ 37,29,12,000 രൂപയിൽ 37,29,11,219 രൂപ ചെലവായിട്ടുണ്ട്. ബാക്കി തുകയായ 781 രൂപ (372912000-372911219) സറണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

### ശിപാർശ (ഖണ്ഡിക നമ്പർ 50)

7610-00-201-99—ഭവന നിർമ്മാണ വായ്പകൾ-അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥന്മാർ

അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കുള്ള ഭവന നിർമ്മാണ വായ്പയ്ക്കായി 2019-20 സാമ്പത്തിക വർഷത്തിൽ ലഭിച്ച ഒരു അപേക്ഷയിന്മേൽ നടപടി സ്വീകരിച്ച് വരുന്നതിനാലും 2021-22 സാമ്പത്തിക വർഷം ടി ഇനത്തിൽ അപേക്ഷകൾ ലഭിക്കാൻ സാധ്യതയുള്ളതിനാലും ടി ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 10 ലക്ഷം രൂപയാണ്. എന്നാൽ, നാളിതുവരെയായി ലഭിച്ച അപേക്ഷയിൽ രേഖകൾ പൂർണ്ണമല്ലാത്തതിനാൽ തുക ചെലവഴിച്ചിട്ടില്ല. അതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക ലഭിക്കുന്നതിനുള്ള നടപടി ആവശ്യമായി വന്നില്ല. പ്രസ്തുത ശീർഷകത്തിൽ 24,240 രൂപയുടെ ചെലവ് വന്നിട്ടുണ്ട്. ടി ചെലവ് കിഴിച്ചുള്ള 9,75,760 രൂപ (1000000-24240) സറണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 51)**

7610- 00-201-98 —സംസ്ഥാന സർവ്വീസ് ഉദ്യോഗസ്ഥന്മാർ

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ തിരിച്ചടവിൽ അധികമായി തിരിച്ചടച്ച വായ്പാ തുക റീഫണ്ട് ചെയ്യുന്നതിലേയ്ക്കായി ടി ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാകയാൽ അധികമായി 1 ലക്ഷം രൂപ ധനഃപുനവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 1 ലക്ഷം രൂപയായിരുന്നു. എന്നാൽ ടി ശീർഷകത്തിൽ 1,30,171 രൂപ ചെലവായിട്ടുണ്ട്. ബഡ്ജറ്റ് വിഹിതം കവിഞ്ഞു അധികം ചെലവ് വന്ന 30,171 രൂപ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 2099018/എച്ച്.ബി.എ 1/105/2022-ധന തീയതി 9-6-2022. 44, 49, 50, 51 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ(എച്ച്.ബി.എ.) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ 14-7-2022-ലെ സമിതിയോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക നമ്പർ 45)**

2075-00-800-94—ഡിഫൻസ് സർവ്വീസുകളിലെ ധീരതയ്ക്കുള്ള കീർത്തി മുദ്രക്കർഹരായവർക്കും ആശ്രിതർക്കും കാഷ് അവാർഡ്-മറ്റു ചെലവുകൾ

ഈ ശീർഷകത്തിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തുക അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ധീരതയ്ക്കുള്ള കീർത്തി മുദ്രയ്ക്ക് അർഹരായവർക്കും ആശ്രിതർക്കും കാഷ് അവാർഡ് നൽകുന്നതിനായി 2021-22 സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി വകയിരുത്തിയ 50 ലക്ഷം രൂപയിൽ നിന്നും സീലിംഗിനുശേഷം 40.50 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2021-22 സാമ്പത്തിക വർഷം കീർത്തി മുദ്ര നേടിയ കേരളീയരായ അപേക്ഷകർ കുറവായതിനാൽ അനുവദിച്ച വിഹിതത്തിൽ നിന്നും കൂടുതലായി തുക ആവശ്യമായി വന്നില്ല. ഈ കണക്കിനത്തിൽ 2021-22 സാമ്പത്തിക വർഷം 27,10,000 രൂപ ചെലവായിട്ടുണ്ട്. ബാക്കി 13,40,000 രൂപ സറണ്ടർ ചെയ്തു.

(സർക്കാർ കത്ത് നമ്പർ എസ്.ഡബ്ല്യൂ3/72/2021/സൈ.ക്ഷേ.വ. തീയതി 7-5-2022. 45-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ സൈനിക ക്ഷേമ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 14-7-2022-ലെ സമിതിയോഗം അംഗീകരിച്ചു.)

### ശിപാർശ (ഖണ്ഡിക നമ്പർ 47)

2075-00-800-78—<u>വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിന വേണ്ടിയുള്ള പ്രത്യേക ധനസഹായം</u>

കേരള സ്റ്റേറ്റ് വഖഫ് ബോർഡ് സോഷ്യൽ വെൽഫെയർ(കേരള) സ്കീം പ്രകാരം നൽകി വരുന്ന മാരകരോഗ ചികിത്സാ ധനസഹായം, വിവാഹധനസഹായം എന്നീ ഇനങ്ങളിൽ അപേക്ഷകർക്ക് ധനസഹായം നൽകുന്നതിനും പ്രതിമാസ പെൻഷൻ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുമായി ടി ശീർഷകത്തിലേക്ക് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 10.4075 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2021-22 സാമ്പത്തിക വർഷം 2075-00-800-78 സ്പെഷ്യൽ ഗ്രാന്റ് ടു വഖഫ് ബോർഡ് എന്ന ശീർഷകത്തിൽ സോഷ്യൽ വെൽഫെയർ ഗ്രാന്റ് ഇനത്തിൽ വകയിരുത്തിയിരുന്ന 132 ലക്ഷം രൂപ ടി സാമ്പത്തിക വർഷം തന്നെ കേരള സ്റ്റേറ്റ് വഖഫ് ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സോഷ്യൽ വെൽഫയർ ഗ്രാന്റ് ഇനത്തിൽ ഉപധനാഭ്യർത്ഥന/അധിക ധനസഹായം മുഖേന അധികമായി തുക വകയിരുത്തണമെന്ന പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ റവ/എഫ്2/353/2021/റവ. തീയതി 12-5-2022. 47-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ റവന്യൂ(എഫ്) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 14-7-2022-ലെ സമിതിയോഗം അംഗീകരിച്ചു.)

### ശിപാർശ (ഖണ്ഡിക നമ്പർ 61)

നികുതി വകുപ്പിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പൊതു ആംനെസ്റ്റി സ്കീമിൽ ഓപ്ഷൻ സമർപ്പിക്കാനുള്ള അവസാന തീയതി 2021 ആഗസ്റ്റ് 31-ൽ നിന്നും നവംബർ 30 ലേക്ക് നീട്ടുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ശിപാർശ പ്രകാരമുള്ള ഭേദഗതികൾ 2021-ലെ കേരള ധനകാര്യ ആക്റ്റിൽ (2021-ലെ ആക്റ്റ് 8) ഉൾപ്പെടുത്തി നടപ്പിൽ വരുത്തിയിട്ടുണ്ട്.

### ശിപാർശ (ഖണ്ഡിക നമ്പർ 62)

കുടിശ്ശിക Turn over Tax അടയ്ക്കുന്നതിനുള്ള ഓപ്ഷൻ ഫയൽ ചെയ്യുന്ന തീയതി 2021 ജൂൺ 30-ൽ നിന്നും 2021 സെപ്റ്റംബർ 30 ആയും നികുതി ഒടുക്കുന്നതിനുള്ള തീയതി 2021 ജൂലൈ 31-ൽ നിന്നും 2021 ഒക്ടോബർ 31 ആയും നീട്ടുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ശിപാർശ പ്രകാരമുള്ള ഭേദഗതികൾ 2021-ലെ കേരള ധനകാര്യ ആക്ടിൽ (2021-ലെ ആക്ട് 8) ഉൾപ്പെടുത്തി നടപ്പിൽ വരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/137/2021/നി.വ. തീയതി 18-11-2021. 61, 62 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി (ബി) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ 14-7-2022-ലെ സമിതിയോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക നമ്പർ 63)**

ലോക്ഡൗൺ നിയന്ത്രണങ്ങൾ കാരണം വാഹനങ്ങൾ നിരത്തിൽ ഇറക്കാത്ത സാഹചര്യത്തിൽ ഓട്ടോറിക്ഷ, ടാക്സി എന്നിവ ഉൾപ്പെടെയുള്ള സ്റ്റേജ് കോൺട്രാക്റ്റ് ക്യാരേജുകൾക്ക് ഒന്നാം ക്വാർട്ടർ നികുതി അടയ്ക്കുന്നതിനുള്ള കാലാവധി 2021 ആഗസ്റ്റ് 31 വരെ നീട്ടി നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

20/7/2021-ലെ സ.ഉ.(അച്ചടി) നം. 21/2021/ഗതാ. (എസ്.ആർ.ഒ. നം. 545/2021) പ്രകാരം സ്വകാര്യ ബസ്സുകൾ, ഓട്ടോറിക്ഷ, ടാക്സി ഉൾപ്പെടെയുള്ള സ്റ്റേജ് കോൺട്രാക്റ്റ് ക്യാരേജ് വാഹനങ്ങളുടെ 1-4-2021, 1-7-2021 ആരംഭിക്കുന്ന ക്വാർട്ടറുകളുടെ നികുതി അടയ്ക്കുന്നതിനുള്ള കാലാവധി 31-8-2021 വരെ നീട്ടി നൽകിയിട്ടുണ്ട്. തുടർന്ന് 31-8-2021-ലെ സ.ഉ. (അച്ചടി) നം. 25/2021/ഗതാ. (എസ്.ആർ.ഒ. 653/2021) നമ്പർ ഉത്തരവ് പ്രകാരം സ്റ്റേജ് കാര്യേജ് സ്റ്റേജ് കോൺട്രാക്റ്റ് ക്യാരേജ് വാഹനങ്ങളുടെ നികുതി അടയ്ക്കുന്നതിനുള്ള കാലാവധി 30/09/2021 വരെയും നീട്ടി നൽകുകയുണ്ടായി. Covid-19 ന്റെ പ്രത്യേക പശ്ചാത്തലത്തിൽ7/9/2021 ലെ സ.ഉ.(അച്ചടി) നം. 27/2021/ഗതാ. എസ്.ആർ.ഒ. 672/2021) നമ്പർ പ്രകാരം സ്റ്റേജ് കാര്യേജ് കോൺട്രാക്ട് കാര്യേജ് വാഹനങ്ങളുടെ 1-4-2021-ൽ ആരംഭിക്കുന്ന ക്വാർട്ടറിലെ നികുതി പൂർണ്ണമായും സർക്കാർ ഒഴിവാക്കിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി3/293/2021/ഗതാ. തീയതി 26-9-2021. 63-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ഗതാഗത(ബി) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 14-7-2022-ലെ സമിതിയോഗം അംഗീകരിച്ചു.)

അദ്ധ്യായം VII

**സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ**

റിപ്പോർട്ട് കാലയളവിൽ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി പത്രികകൾ ഒന്നുംതന്നെ പരിഗണിച്ചിട്ടില്ല.

കെ. എൻ. ബാലഗോപാൽ,
*ചെയർമാൻ,*
സബ്ജക്ട് കമ്മിറ്റി VIII.

തിരുവനന്തപുരം,
2023 ജൂലൈ 26.

<u>അനുബന്ധം</u>

## 1. 4-4-2022-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII 2022 ഏപ്രിൽ മാസം 4-ാം തിയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 3 'എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ.എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയുമായ ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്ററും സമിതിയുടെ പ്രത്യേക ക്ഷണിതാവും ബഹു. വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻ കുട്ടിയും (ഗൂഗിൾ മീറ്റ്) താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ഡോ. കെ.ടി.ജലീൽ
2. ശ്രീ. ഡി.കെ. മുരളി
3. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ഗൂഗിൾ മീറ്റ്)
4. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
5. ശ്രീ. എൻ. ഷംസുദ്ദീൻ (ഗൂഗിൾ മീറ്റ്)
6. ശ്രീ. ഇ. കെ. വിജയൻ (ഗൂഗിൾ മീറ്റ്)

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ബിന്ദു എസ്.എൽ, ഡെപ്യൂട്ടി സെക്രട്ടി
3. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥൻ</u>

1 ശ്രീ. രാജേഷ്കുമാർ സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജവകുപ്പ്

2 ഡോ. ഷർമ്മിള മേരിജോസഫ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ & ന്യൂനപക്ഷക്ഷേമ വകുപ്പ് (ഗൂഗിൾ മീറ്റ്)

3 ശ്രീ. കെ. മുഹമ്മദ് വൈ സഫീറുള്ള, സെക്രട്ടറി, ധനകാര്യ (റിസോഴ്സ്) വകുപ്പ്

4 ഡോ. രത്തൻ യു. ഖേൽക്കർ, കമ്മീഷണർ, ചരക്കുസേവന നികുതി വകുപ്പ്

5 ശ്രീമതി വി. ആർ. രാജമ്മ, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്

6 ശ്രീ. ഫെറോൾഡ് സേവിയർ, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്

7 ശ്രീ. ഷിബു. എ., അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്

8 ശ്രീ. അഹമ്മദ് കബീർ, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്

9 ശ്രീമതി ആനി ജൂലാ തോമസ്, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്

10 ശ്രീ. അനൂപ് എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്

11 ശ്രീമതി സിനി ജെ. ഷുക്കൂർ, അഡീഷണൽ സെക്രട്ടറി, നികുതിവകുപ്പ്

12 ശ്രീമതി ഷൈനി ജോർജ്ജ്, അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

13 ഡോ. വീണ എൻ. മാധവൻ, സ്പെഷ്യൽ കമ്മീഷണർ, ചരക്കുസേവന നികുതിവകുപ്പ് & ഡയറക്ടർ ഇൻഷ്വറൻസ് വകുപ്പ്

14 ശ്രീ.സാങ്കി ഡി., ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

15 ശ്രീ. മനു എസ്., ഡയറക്ടർ, നാഷണൽ സേവിംഗ്സ് വകുപ്പ്

16 ശ്രീ. സജീവ് പി.പി., ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്

17 ശ്രീ. നിസാർ എച്ച്, സെക്രട്ടറി, രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി

18 ശ്രീ. ശ്രീരാജ് കെ. പിള്ള, അഡീഷണൽ കമ്മീഷണർ, ചരക്കുസേവന നികുതിവകുപ്പ്

19 ശ്രീമതി ജയശ്രീ എം., ജോയിന്റ് സെക്രട്ടറി, സൈനികക്ഷേമ വകുപ്പ്

20 ശ്രീ. പ്രദീപ്കുമാർ ബി., ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്

21 ശ്രീമതി ശ്രീജ വി., ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്.

22 ശ്രീമതി ശ്രീകല എസ്. പണിക്കർ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

23 ശ്രീ. സുധീർ ബാബു., ജോയിന്റ് സെക്രട്ടറി, പൊതുഭരണ വകുപ്പ്

24 ശ്രീമതി സരിത ഡി., ജോയിന്റ് സെക്രട്ടറി, കായികയുവജനകാര്യ വകുപ്പ്

25 ശ്രീമതി വിജയശ്രീ എം.എസ്., ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്

26 ശ്രീ. സുരേന്ദ്രൻ.ബി., ജോയിന്റ് ഡയറക്ടർ, ഭാഗ്യക്കുറി വകുപ്പ്

27 ശ്രീ. ഷാഹുൽ ഹമീദ് കെ., ഡെപ്യൂട്ടി കമ്മീഷണർ, ചരക്കുസേവന നികുതിവകുപ്പ്

28 ശ്രീ. വി. സാജൻ, ഡയറക്ടർ (ഇൻ-ചാർജ്ജ്), ട്രഷറി വകുപ്പ്

29 ശ്രീമതി ബുഷ്റ എസ്. ദീപ., ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷ്വറൻസ് വകുപ്പ്

30 ശ്രീ. എ. ഹബീബ്, ഡിവിഷണൽ ഓഫീസർ, കേരള സംസ്ഥാന വഖഫ് ബോർഡ്.

31 ശ്രീ. ഷിബി ആർ.കെ., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സൈനികക്ഷേമ ഡയറക്ടറേറ്റ്

32 ശ്രീ. രാമനാഥ് ജി., അണ്ടർ സെക്രട്ടറി, ഊർജ്ജ വകുപ്പ്.

33 ശ്രീ. അജി ഫ്രാൻസിസ്., സീനിയർ ഫിനാൻസ് ഓഫീസർ, ലാൻഡ് റവന്യൂ വകുപ്പ്.

34 ശ്രീ. എൽദോ കെ.സി., ഫിനാൻസ് ഓഫീസർ, ചരക്ക് സേവന നികുതി വകുപ്പ്.

35 ശ്രീ. മനോജ്. എസ്., ഫിനാൻസ് ഓഫീസർ, ഭാഗ്യക്കുറി ഡയറക്ടറേറ്റ്.

സമിതി, 2022-2023 സാമ്പത്തിക വർഷത്തെ V, X, XI, XVI, XXVIII, XLIII, XLV, XLVI എന്നീ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ V – ചരക്ക സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും**

2043 -00- 001-93—ഐ.ടി. അടിസ്ഥാന സൗകര്യ വികസനം

ലക്കി ബിൽ ആപ്പ് വഴി ജി.എസ്.ടി. ബില്ലുകൾ അപ്ഗ്രേഡ് ചെയ്യുന്ന നികുതിദായകരിൽ നിന്നും നറുക്കെടുപ്പിലൂടെ വിജയികളാകുന്നവർക്ക് പാരിതോഷികങ്ങൾ നൽകുന്നതിനായി 5.08 കോടി രൂപയും അതിർത്തി നിരീക്ഷണ സംവിധാനങ്ങൾ മെച്ചപ്പെടുത്തി സുതാര്യമല്ലാത്ത

ഇടപാടുകൾ നിരീക്ഷിക്കുന്നതിന്റെ ഭാഗമായി ANPR സംവിധാനം കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിക്കുന്നതിലേയ്ക്കായി 7 കോടി രൂപയും ചെലവ് വരുമെന്നതിനാൽ ടി ശീർഷകത്തിലേയ്ക്ക് അധികമായി 12.08 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2043-00-101-97-17—<u>ചരക്ക സേവന നികുതി കാര്യാലയങ്ങൾ - ചെറുകിട മരാമത്ത് പണികൾ.</u>

സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് ഓഫീസുകളുടെ അറ്റകുറ്റപ്പണികൾക്കും നവീകരണപ്രവർത്തനങ്ങൾക്കുമായി ടി ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാകയാൽ അധികമായി 6.4875 കോടി രൂപ വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ചരക്ക സേവന നികുതി കമ്മീഷണർ സമിതിയോടാവശ്യപ്പെട്ടുവെങ്കിലും ബഡ്ജറ്റ് തയ്യാറാക്കുന്ന സമയത്ത് ആവശ്യപ്പെട്ടിരുന്ന തുകയും നിലവിൽ വകയിരിത്തിയിരിക്കുന്ന തുകയും തമ്മിലുള്ള വ്യത്യാസമല്ലാതെ പുതിയൊരു ആശയത്തിനായി അധികതുക അനുവദിക്കുവാൻ സാധിക്കില്ലായെന്ന് അഭിപ്രായപ്പെട്ട സമിതി നിലവിലെ സാഹചര്യത്തിൽ ഇത്രയും വലിയ തുക അനുവദിക്കുന്നതിന് ശിപാർശ ചെയ്യേണ്ടതില്ലെന്ന് തീരുമാനിച്ചു.

**കടബാദ്ധ്യതകൾ**

2049-01-200-84—<u>സർക്കാർ ജീവനക്കാരുടെ ഭവന പദ്ധതിയുടെ അടിസ്ഥാനത്തിൽ 2018 സെപ്റ്റംബർ മാസം പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്നെടുത്ത വായ്പയിന്മേലുള്ള പലിശ</u>

സർക്കാർ ജീവനക്കാരുടെ ഭവന പദ്ധതിയുടെ അടിസ്ഥാനത്തിൽ പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്നും 2018 സെപ്റ്റംബർ മാസമെടുത്ത വായ്പയിന്മേലുള്ള പലിശയിനത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ 80 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ X - ട്രഷറികളും അക്കൗണ്ടുകളും**

2054-00-098- 99-06—<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്-വാടക, കരം, നികുതി</u>

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 9 കാര്യാലയങ്ങളുടെ വാടക നൽകുന്നതിലേയ്ക്കായി നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 38 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XI - ജില്ലാഭരണവും പലവകയും

2047-00-103-87—<u>ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും എസ്.എ.എസ്.ഏജന്റുമാർക്കും അധിക സേവനത്തിന് നൽകുന്ന പ്രതിഫലം</u>

2022-23 സാമ്പത്തിക വർഷം ഏജന്റുമാർക്ക് അധികസേവനത്തിനുള്ള പ്രതിഫലം പ്രതിമാസം ഏകദേശം 18.5 കോടി രൂപ നിരക്കിൽ 12 മാസത്തെ പ്രതിഫലം വിതരണം ചെയ്യുന്നതിനായി 222 കോടി രൂപയും മുൻവർഷങ്ങളിലെ പ്രതിഫല കുടിശ്ശിക (വൈകി ലഭിച്ച ക്ലെയിമുകൾ, തെറ്റായി രേഖപ്പെടുത്തിയ ക്ലെയിമുകൾ) വിതരണം ചെയ്യുന്നതിനായി 2 കോടി രൂപയും, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ പ്രതിഫലം നൽകാൻ ബാക്കിയുണ്ടായിരുന്ന 2 മാസത്തെ കുടിശ്ശിക തുകയായ 37 കോടി രൂപയും ചേർന്ന തുക നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ ആവശ്യമായി വരുമെന്നതിനാൽ അധികമായി 36 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2047-00-103-85-10—<u>എം.പി.കെ.ബി.വൈ / എസ്.എ.എസ് ഏജന്റുമാരുടെ ക്ഷേമനിധിക്കായുള്ള സംസ്ഥാന സർക്കാരിന്റെ തത്തുല്യ വിഹിതം - സംഭാവന</u>

ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ ഒരു വർഷം ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്ന മൊത്തം തുകയുടെ 50% ആയ സർക്കാർ വിഹിതവും 31-3-2022 വരെയുള്ള സർക്കാർ വിഹിതത്തിലെ കുടിശ്ശിക ഉൾപ്പെടെയുള്ള തുകയും മേൽ ശീർഷകത്തിൽ വകയിരുത്തേണ്ടതാണെങ്കിലും നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം വകയിരുത്തേണ്ട വിഹിതത്തെക്കാൾ കുറവായതിനാൽ അധികമായി ടി ശീർഷകത്തിൽ 68.52 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XVI - പെൻഷനും പലവകയും

2075-00-103-99-02-08—<u>ഭാഗ്യക്കുറി ടിക്കറ്റ് വില്പന-പ്രചരണ ചെലവുകൾ - പരസ്യ പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ</u>

ലോട്ടറിയുടെ മൊത്തം വിറ്റുവരവിന്റെ 1% തുക വരെ പി.ആർ.ഡി. നിരക്കിന് വിധേയമായും ബഡ്ജറ്റ് വിഹിതമനുസരിച്ചും പരസ്യ ചെലവുകൾക്കായി വിനിയോഗിക്കാമെന്നുള്ളതിനാൽ ഉയർന്ന വിറ്റുവരവ് ലക്ഷ്യം കൈവരിക്കുന്നതിനായി കൂടുതൽ പരസ്യങ്ങൾ നൽകുന്നതിലേയ്ക്ക് നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ടി ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103-94-05-2—<u>സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ് - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്</u>

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്, വികാസ് ഭവൻ, ഭാഗ്യക്കുറി ഡയറക്ടറേറ്റ് അനക്സ്, തമ്പാനൂർ എന്നീ ഓഫീസുകളുടെ വൈദ്യുതി ചെലവ് ഇനത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ അധികമായി 2.73 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103-94-05-3—<u>ടെലിഫോൺ ചെലവ്</u>

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്, വികാസ് ഭവൻ, ഭാഗ്യക്കുറി ഡയറക്ടറേറ്റ് അനെക്സ്, തമ്പാനൂർ എന്നീ ഓഫീസുകളുടെ ടെലഫോൺ ചെലവ് ഇനത്തിൽ നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ അധികമായി 70,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103-94-06—<u>വാടക, കരം, നികുതി</u>

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ് അനക്സ് പ്രവർത്തിച്ചു വരുന്ന കെ.ടി.ഡി.എഫ്.സി ഉടമസ്ഥതയിലുള്ള തമ്പാനൂരിലെ കെട്ടിടത്തിന്റെ വാടക ചെലവ് വഹിക്കുന്നതിനായി 2075-00-103-94 എന്ന ശീർഷകത്തിൽ '06 - വാടക, കരം, നികുതി' എന്ന ഉപശീർഷകം അനുവദിക്കണമെന്നും നടപ്പു സാമ്പത്തിക വർഷത്തെ വാടകയിനത്തിലുള്ള ചെലവും മുൻവർഷത്തെ കുടിശ്ശിക തുകയും നൽകുന്നതിലേയ്ക്കായി ടി ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ 26.98 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103-94-34-3—<u>മറ്റു ചെലവുകൾ- മറ്റിനം</u>

വകുപ്പിന് കീഴിലുള്ള ഓഫീസുകളുടെ നവീകരണ പ്രവർത്തനങ്ങൾ, ഭാഗ്യക്കുറി ടിക്കറ്റുകളുടെ സുരക്ഷാ സംവിധാനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സി-ഡിറ്റുമായി കരാറിലേർപ്പെട്ട് പ്രവർത്തിക്കുന്ന സെക്യൂരിറ്റി ഡിസൈൻ ലാബിന്റെ പ്രവർത്തന ചെലവുകൾ എന്നിവ വഹിക്കുന്നതിലേക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103-93-97—<u>ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ-വാഹനങ്ങളുടെ വാടക</u>

ഭാഗ്യക്കുറി ജില്ല/സബ് ഓഫീസുകളിലെ ഉപയോഗത്തിനായി കരാർ അടിസ്ഥാനത്തിൽ എടുക്കുന്ന വാഹനങ്ങളുടെ വാടക നൽകുന്നതിലേയ്ക്കായി ടി ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ അധികമായി 4.31 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103-92-04-1—<u>സംസ്ഥാന ഭാഗ്യക്കുറിയുടെ റീജണൽ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം - യാത്രാ ചെലവുകൾ-യാത്രാ ബത്ത</u>

എറണാകുളം റീജണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റ് ഓഫീസിലെ ജീവനക്കാരുടെ യാത്രാചെലവുകൾ നിർവ്വഹിക്കുന്നതിലേയ്ക്കായി നടപ്പു സാമ്പത്തിക വർഷം 8.5 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ടി ശീർഷകത്തിൽ അധികമായി 94,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103-92-06—<u>വാടക, കരം നികുതി</u>

എറണാകുളം റീജണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റിന്റെ വാടകയിനത്തിൽ നടപ്പു സാമ്പത്തിക വർഷം 56 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ടി ശീർഷകത്തിൽ നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ അധികമായി 19.62 ലക്ഷം രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103-90-04-1—<u>കോഴിക്കോട് ഇന്റേണൽ ഓഡിറ്റ് വിംഗ് ഓഫീസ്-യാത്രാ ചെലവുകൾ - യാത്രാ ബത്ത</u>

കോഴിക്കോട് ഇന്റേണൽ ഓഡിറ്റ് ഓഫീസിലെ ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ നടപ്പു സാമ്പത്തിക വർഷം 4.5 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ടി ശീർഷകത്തിൽ അധികമായി 2.5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103-90-05-2—<u>ഓഫീസ് ചെലവുകൾ- വൈദ്യുതി ചെലവ്</u>

കോഴിക്കോട് ഇന്റേണൽ ഓഡിറ്റ് ഓഫീസിന്റെ വൈദ്യുതി ചെലവ് വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 7000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103-90-06—വാടക, കരം, നികുതി

നടപ്പുസാമ്പത്തിക വർഷം കോഴിക്കോട് ഇന്റേണൽ ഓഡിറ്റ് ഓഫീസിന്റെ വാടകയിനത്തിൽ 5.08 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ടി ശീർഷകത്തിൽ അധികമായി 1.35 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00 -795-98—വീട് വായ്പ എഴുതിത്തള്ളൽ

ഭവനനിർമ്മാണ വായ്പ എഴുതിത്തള്ളൽ തുക 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാലും ഈ ഇനത്തിൽ അപേക്ഷകരുടെ എണ്ണം വർദ്ധിച്ചു വരുന്നസാഹചര്യത്തിലും ടി ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ അധികമായി 18.90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00 -800-81—കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം

ഹജ്ജ് ഹൗസിനോടനുബന്ധിച്ചുള്ള വനിതാ ബ്ലോക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിനും ഹജ്ജ് വാളണ്ടിയർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതുമൂലമുള്ള ചെലവുകൾക്കുമായി മേൽ ശീർഷകത്തിലെ വിഹിതം അപര്യാപ്തമായതിനാൽ അധികമായി 7.16 കോടി രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00 -800-78—വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രത്യേക ധനസഹായം

വിവിധ ധനസഹായ കുടിശ്ശികകൾ കൊടുത്തുതീർക്കുന്നതിനും നടപ്പു സാമ്പത്തിക വർഷത്തേയ്ക്കുള്ള പദ്ധതികൾക്കുമായി ടി ശീർഷകത്തിലേക്ക് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആകയാൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00 -800-52—തിരുവനന്തപുരം നഗരത്തിലെ യുദ്ധസ്മാരകം

പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള യുദ്ധസ്മാരകത്തിന്റെ മാതൃകയ്ക്ക് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് അടിസ്ഥാന പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുന്നതിലേയ്ക്കായി ടി ശീർഷകത്തിൽ അധികമായി 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ**

3454-02-112-96-34-3—സർവ്വേയും പഠനവും - മറ്റുചെലവുകൾ- മറ്റിനം

'കേരളത്തിലെ വന്ധ്യതയുടെ പ്രചുര്യവും ചികിത്സയും സംബന്ധിച്ച പഠനം', 'കോവിഡ് മഹാമാരിയുടെ ആഘാതം മലയാളി പ്രവാസികളിൽ - പഠനം' എന്നീ സർവ്വേകൾക്ക് നടപ്പ സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ടി ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3454-02-112-89—ഭാരതീയ സ്ഥിതി വിവരക്കണക്ക് ശക്തിപ്പെടുത്തൽ പദ്ധതി (ഐ.എസ്.എസ്.പി.) സംസ്ഥാന പദ്ധതി

ഫയർ - സേഫ്റ്റി ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും ചുറ്റുമതിൽ കെട്ടി ഗേറ്റ് സ്ഥാപിക്കുന്നതിനും, കെട്ടിട പരിസരം ഇന്റർലോക്ക് ചെയ്യുന്നതിനും പബ്ലിക് റോഡിൽ നിന്ന് സ്ഥാപനത്തിലേക്ക് ടാർറോഡ് നിർമ്മിക്കുന്നതിനും പരിശീലന പരിപാടികൾ, സെമിനാറുകൾ, വെബിനാർ എന്നിവ സംഘടിപ്പിക്കുന്നതിനും ബി. എസ്. എൻ. എൽ-നും സിഡ്കോയ്ക്കും നൽകേണ്ട തുക നൽകുന്നതിനും ടി ശീർഷകത്തിൽ നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ അധികമായി 79 ലക്ഷം രൂപ ധനപുനവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3454-02-203-95—ജില്ലകളിൽ കമ്പ്യൂട്ടർ ഡിവിഷൻ ശക്തിപ്പെടുത്തൽ

ജില്ലാതല ഓഫീസുകളിൽ ഇ-ഓഫീസ് സൗകര്യം നടപ്പിലാക്കുന്നതിനും കോട്ടയം ജില്ലാ ഓഫീസിന്റെ ഇലക്ട്രിക്കൽ, ഫർണിഷിംഗ് ജോലികളുടെ ആദ്യഘട്ടം പൂർത്തീകരിക്കുന്നതിനും നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

5475-00-115-97—പെട്രോൾ/ഡീസൽ സെസ്സിൽ നിന്നും കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബോർഡിൽ നിന്നുള്ള വിഹിതം.

2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം പെട്രോളിയം ഉൽപ്പന്നങ്ങളിൽ ചുമത്തിയിട്ടുള്ള സെസ്സ്, മുൻവർഷ കാലയളവിൽ പിരിച്ചെടുത്തപ്രകാരമുള്ള സെസ്സ് തുകയുടെ അടിസ്ഥാനത്തിൽ, ടി ശീർഷകത്തിലേക്ക് വകയിരുത്തേണ്ടതാണെങ്കിലും നടപ്പ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം നിയമാനുസൃതം നൽകേണ്ട വിഹിതത്തേക്കാൾ

കുറവാണ്. ആകയാൽ കിഫ്ബി നിയമം അനുശാസിക്കുന്ന വിഹിതം നടപ്പു സാമ്പത്തിക വർഷവും ടി ശീർഷകത്തിൽ ലഭ്യമാകത്തക്ക രീതിയിൽ അധിക തുക ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XLV – പലവക വായ്പകളും മുൻകൂറുകളും**

7610-00-800-93-02—അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥന്മാർക്കുള്ള മറ്റ് മുൻകൂറുകൾ - അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥന്മാർക്ക് വൈദ്യ ശുശ്രൂഷയ്ക്ക് വേണ്ടിയുള്ള പലിശയില്ലാത്ത വായ്പ.

എ.ഐ.എസ് (മെഡിക്കൽ ഫെസിലിറ്റീസ്) സ്കീം 2020 പ്രകാരം, സംസ്ഥാനത്തെ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കും അവരുടെ കുടുംബാംഗങ്ങൾക്കും എംപാനൽഡ് ആശുപത്രികളിൽ ചികിത്സ തേടുന്നതിനുള്ള മുൻകൂർ വായ്പയ്ക്കായുള്ള അപേക്ഷകൾ ലഭിക്കുവാൻ സാധ്യതയുള്ള സാഹചര്യത്തിൽ നിലവിലെ വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 2.50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XLVI – സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും**

2235-60-110-99-01-4—സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് - ശമ്പളം- മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള 5 ലക്ഷം രൂപയുടെ ക്ലെയിം അപേക്ഷകൾ കുടിശ്ശികയായിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-110-99-05-4—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

ഓഫീസ് നവീകരണത്തിനുള്ള ചെലവ്, പാസ്ബുക്ക്, പോളിസി സർട്ടിഫിക്കറ്റ് എന്നിവയുടെ അച്ചടി ചെലവ് എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ടി ശീർഷകത്തിൽ അധികമായി 60 ലക്ഷം രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-110-99-06—വാടക - കരം, നികുതി

കെ. എസ്.ഐ.ഡി. യും കെ.ടി.ഡി.എഫ്.സിയുമായുള്ള കരാറനുസരിച്ച് 15% വാടക വർദ്ധനവ് വരുമെന്നതിനാൽ പ്രസ്തുത അധികചെലവുകൾ വഹിക്കുന്നതിനായി മേൽ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-110-99-21—<u>മോട്ടോർ വാഹനങ്ങൾ</u>

ഇൻഷ്വറൻസ് വകുപ്പിന്റെ പതിനാല് ജില്ലാ ഓഫീസുകളിലേക്കും ഓരോ വാഹനം വീതം ലഭ്യമാക്കുന്നതിനായി ടി ശീർഷകത്തിൽ 98 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഇൻഷ്വറൻസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയോട് ആവശ്യപ്പെട്ടെങ്കിലും മോട്ടോർ വാഹനങ്ങളുടെ കാര്യത്തിൽ നിലവിലെ സ്ഥിതി തുടരാൻ നിർദ്ദേശിച്ച സമിതി മേൽ ആവശ്യത്തിന്മേൽ അധിക തുകയ്ക്കായി ശിപാർശ ചെയ്യേണ്ടതില്ലായെന്ന് തീരുമാനിച്ചു.

2235-60-110-98-01-4—<u>ജില്ലാ ഓഫീസുകൾ - ശമ്പളം - മെഡിക്കൽ-റീ ഇംബേഴ്സ്മെന്റ്</u>

സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ കുടിശ്ശികയായിട്ടുള്ളതിനാൽ ടി ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-110-98-05-4—<u>ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ</u>

10 ജില്ലകളിൽ പുതിയ 32 തസ്തികകൾ അനുവദിച്ചതിനോടനുബന്ധിച്ച് ഓഫീസുകൾ നവീകരിക്കുന്നതിന് നിലവിലുള്ള തുക അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-110-98-06—<u>വാടക, കരം, നികുതി</u>

രണ്ടു ജില്ലകളിലെ ഓഫീസ് കെട്ടിടം മാറുന്നതിനാലും വാർഷിക വാടക വർദ്ധനവ് മൂലമുണ്ടാകുന്ന അധിക ചെലവുകൾ വഹിക്കുന്നതിനും ടി ശീർഷകത്തിൽ നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാകയാൽ അധികമായി 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-110-97—<u>സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്- കംപ്യൂട്ടർവൽക്കരണം</u>

സോഫ്റ്റ്വെയർ അപ്ഗ്രേഡ് ചെയ്യുന്നതിനും വാർഷിക പരിപാലന കരാറിനും പുതിയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും കാലഹരണപ്പെട്ടവ മാറ്റി സ്ഥാപിക്കുന്നതിനും ഒപ്റ്റിക്കൽ ഫൈബർ കണക്ടിവിറ്റി ചാർജ്ജുകൾ എന്നിവയ്ക്കുമായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ അധികമായി 60 ലക്ഷം രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ശമ്പളം/ഓഫീസ് ചെലവുകളിന്മേൽ ചെറിയ തുകകൾ അധികമായി ആവശ്യമായി വരുന്നപക്ഷം ധനപുനഃവിനിയോഗം മുഖേന വകുപ്പുകൾക്ക് തന്നെ അത് പരിഹരിക്കാമെന്നിരിക്കെ സബ്ജക്ട് കമ്മിറ്റികളുടെ ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ വകുപ്പുകളുടെ ഭാഗത്തുനിന്ന് വളരെ തുച്ഛമായ അധിക തുക ലഭ്യമാക്കാനാവശ്യപ്പെടുന്ന പ്രവണത സമിതിയുടെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രസ്തുത പ്രവണത ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.45-ന് അവസാനിച്ചു.

## 2. 20.04.2022-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII 2022 ഏപ്രിൽ മാസം 20-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുമായ ശ്രീ. കെ.എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ചേർന്ന പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്ററും, ബഹു. സഹകരണ രജിസ്ട്രേഷൻ വകുപ്പുമന്ത്രി ശ്രീ. വി.എൻ. വാസവനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) [ഗൂഗിൾ മീറ്റ്]
2. ശ്രീ. കെ.ടി. ജലീൽ
3. ശ്രീ. ഡി.കെ. മുരളി
4. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ [ഗൂഗിൾ മീറ്റ്]
5. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ [ഗൂഗിൾ മീറ്റ്]
6. ശ്രീ. എൻ. ഷംസുദ്ദീൻ
7. ശ്രീ. കെ.വി. സുമേഷ് [ഗൂഗിൾ മീറ്റ്]
8. ശ്രീ. ഇ.കെ. വിജയൻ [ഗൂഗിൾ മീറ്റ്]

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ബിന്ദു എസ്.എൽ., ഡെപ്യൂട്ടി സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. കെ.ആർ ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, എക്സൈസ് വകുപ്പ്.
2. ശ്രീ. കെ. ഇൻപശേഖർ, ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്.
3. ശ്രീ. എസ്. ആനന്ദകൃഷ്ണൻ, കമ്മീഷണർ, എക്സൈസ് വകുപ്പ്.
4. ശ്രീ. ഡി. രാജീവ്, അഡീഷണൽ കമ്മീഷണർ, എക്സൈസ് വകുപ്പ്.
5. ശ്രീ. അനൂപ് എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
6. ശ്രീമതി ലത എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
7. ശ്രീ. വി. സാജൻ, ഡയറക്ടർ, ട്രഷറി വകുപ്പ്.
8. ശ്രീ. പ്രദീപ് കുമാർ, ഡെപ്യൂട്ടി കമ്മീഷണർ, എക്സൈസ് വകുപ്പ്.
9. ശ്രീ. ദിലീപ് കുമാർ ടി.ഐ., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്.
10. ശ്രീ. ബി. രാധാകൃഷ്ണൻ, അസിസ്റ്റന്റ് കമ്മീഷണർ, എക്സൈസ് വകുപ്പ്.
11. ശ്രീ. അജി ഫ്രാൻസിസ്, സീനിയർ ഫിനാൻസ് ഓഫീസർ, ലാന്റ് റവന്യൂ വകുപ്പ്.
12. ശ്രീമതി രഞ്ജു ഐ., ഫിനാൻസ് ഓഫീസർ, രജിസ്ട്രേഷൻ വകുപ്പ്.
13. ശ്രീ മധുസൂദനൻ എ., സീനിയർ സൂപ്രണ്ട്, സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ.

സമിതി, 2022-23 സാമ്പത്തിക വർഷത്തെ മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ VII എക്സൈസ് സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ VIII എന്നിവയിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

### ധനാഭ്യർത്ഥന നമ്പർ VII - മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

2030-01-101-99—<u>മുദ്രപ്പത്രങ്ങൾ ജുഡീഷ്യൽ - സ്റ്റാമ്പിന്റെ വില</u>

ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾ അച്ചടിച്ച വകയിൽ നാസിക് പ്രസ്സിന് നൽകാനുള്ള കുടിശ്ശിക തുകയും 2020-21, 2021-22 കാലയളവിലെ ഇൻഡന്റ് പ്രകാരം ഹൈദരാബാദ് പ്രസ്സിൽ അച്ചടി പൂർത്തിയാക്കിയ മുദ്രപ്പത്രങ്ങൾ കൈപ്പറ്റുന്നതിനുള്ള തുകയും വേണ്ടി വരുമെന്നുള്ളതിനാൽ മേൽ ശീർഷകത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായി വരും. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2030-02-101-99—<u>മുദ്രപ്പത്രങ്ങൾ നോൺ ജുഡീഷ്യൽ - സ്റ്റാമ്പിന്റെ വില</u>

നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾ അച്ചടിച്ച വകയിൽ നാസിക് പ്രസ്സിന് നൽകാനുള്ള കുടിശ്ശിക തുകയും 2020-21, 2021-22 കാലയളവിലെ ഇൻഡന്റ് പ്രകാരം ഹൈദരാബാദ് പ്രസ്സിൽ അച്ചടി പൂർത്തിയാക്കിയ മുദ്രപ്പത്രങ്ങൾ കൈപ്പറ്റുന്നതിനുള്ള തുകയും മേൽ ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്. ആയതിന് നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം തികച്ചും അപര്യാപ്തമാകയാൽ അധികമായി 26.1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2030-02-102-99—<u>മുദ്രപ്പത്ര വില്പന ചെലവുകൾ</u>

നോൺ ജുഡീഷ്യൽ മുദ്രപ്പത്ര വില്പനക്ക് അനുസരിച്ച് സ്റ്റാമ്പ് വെണ്ടർമാർക്ക് ഡിസ്കൗണ്ട് നൽകേണ്ടതിനാലും 2022-23 സാമ്പത്തിക വർഷത്തിൽ ഭൂമിയുടെ ന്യായവില 10% വർദ്ധിച്ചതിനാലും മുൻ സാമ്പത്തിക വർഷത്തെപോലെ തന്നെ മുദ്രപ്പത്ര വില്പന പ്രതീക്ഷിക്കുന്നതിനാലും മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2030-03-001-99-45—<u>ഭരണം -പി.ഒ.എൽ.</u>

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിലെ 4 വാഹനങ്ങളുടെ ഇന്ധനം ഇനത്തിലെ ചെലവിനായി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ അധികമായി 75000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2030-03-001-96-45—<u>ജില്ലാ ഓഫീസുകൾ- പി.ഒ.എൽ.</u>

പതിനാല് ജില്ലാ രജിസ്ട്രാർ ജനറൽ ഓഫീസുകളിലെ വാഹനങ്ങളുടെ ഇന്ധനം ഇനത്തിലെ ചെലവിനായി നടപ്പ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2030-03-001-95-06—<u>സബ്‌രജിസ്ട്രാർ ഓഫീസുകൾ - വാടക, കരം, നികുതി</u>

സബ് രജിസ്ട്രാർ ഓഫീസുകളുടെ വാടകയിനത്തിൽ പ്രതിമാസം 10 ലക്ഷം രൂപ ചെലവ് വരുന്നതിനാലും 2021-22 സാമ്പത്തിക വർഷത്തെ വാടക കുടിശ്ശികയായി

1.2 കോടി രൂപ നൽകാനുള്ളതിനാലും മേൽ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ അധികമായി 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. കൂടാതെ വാടകയിനത്തിൽ വൻതുക കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രസ്തുത കുടിശ്ശിക പൂർണ്ണമായും തീർപ്പാക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു.

2030-03-001-95-34-3—<u>മറ്റു ചെലവുകൾ- മറ്റിനം</u>

നിലവിലെ കുടിശ്ശികകൾ തീർപ്പാക്കുന്നതിനും കിഫ്ബി പ്രകാരം പണികഴിപ്പിച്ച സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങളുടെ ഷിഫ്റ്റിംഗ് ചാർജ്, ഉദ്ഘാടന ചെലവുകൾ എന്നിവയുൾപ്പെടെ നടപ്പുസാമ്പത്തിക വർഷം ഉണ്ടാകാൻ സാധ്യതയുള്ള ചെലവുകൾക്കുമായി ടി ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ അധികമായി 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2030-03-001-95-67—<u>പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ</u>

സംസ്ഥാനത്തെ വിവിധ സബ്‌രജിസ്ട്രാർ ഓഫീസുകളിൽ 2020-21 സാമ്പത്തിക വർഷം പൊതുജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിന് പൊതുമരാമത്ത് വകുപ്പിന് നൽകേണ്ട കുടിശ്ശിക തുകയും നടപ്പു സാമ്പത്തിക വർഷത്തേക്ക് ടി ഇനത്തിലുള്ള എസ്റ്റിമേറ്റ് തുകയും ടി ശീർഷകത്തിൽ ആവശ്യമായി വരുമെന്നതിനാൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ79 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ്

2039-00-001-99-01-4—<u>മേൽനോട്ടം - ശമ്പളം - മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

എക്സൈസ് ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് തുക മാറി നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-04-2—<u>യാത്രാ ചെലവുകൾ - സ്ഥലംമാറ്റ ബത്ത</u>

എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റബത്ത പൂർണ്ണമായും മാറി നൽകുന്നതിന് മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-05-1—<u>ഓഫീസ് ചെലവുകൾ - വെള്ളക്കരം</u>

പുതിയ ഓഫീസുകൾ അനുവദിച്ച സാഹചര്യത്തിൽ വെള്ളക്കരം പൂർണ്ണമായും അടച്ചു തീർക്കാൻ നിലവിലെ വിഹിതം അപര്യാപ്തമാകയാൽ, മേൽ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-05-2—<u>വൈദ്യുതി ചെലവ്</u>

എക്സൈസ് സർക്കിൾ ഓഫീസുകളിലെ വൈദ്യുതിചെലവ് പൂർണ്ണമായും വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-06—<u>വാടക, കരം, നികുതി</u>

നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന വിഹിതം എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാടക, കരം, നികുതി ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് അപര്യാപ്തമാകയാൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-15—<u>രഹസ്യ സേവന ചെലവുകൾ</u>

എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതൽ ശക്തമാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-21-2—<u>മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണ്. മേൽസാഹചര്യത്തിൽ ഈ ശീർഷകത്തിലേക്ക് 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-34-3—<u>മറ്റു ചെലവുകൾ - മറ്റിനം</u>

എക്സൈസ് സർക്കിൾ ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ അധികമായി 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-45—<u>പി.ഒ.എൽ.</u>

എക്സൈസ് സർക്കിൾ ഓഫീസുകളിലെ പി.ഒ.എൽ. ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിൽ ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ അധികമായി 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-98-01-4—<u>റേഞ്ച് ഓഫീസുകൾ - മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

എക്സൈസ് റേഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് തുക പൂർണ്ണമായും മാറി നൽകുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ, 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-98-05-2—<u>ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്</u>

പുതിയ ഓഫീസുകൾ അനുവദിച്ച സാഹചര്യത്തിൽ വൈദ്യുതി ചാർജ്ജ് പൂർണ്ണമായും അടയ്ക്കുന്നതിന് ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. മേൽ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-98-05-4—<u>മറ്റിനങ്ങൾ</u>

എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-98-06—<u>വാടക, കരം, നികുതി</u>

എക്സൈസ് റേഞ്ച് ഓഫീസുകളിലെ വാടക, കരം, നികുതി ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-98-21-2—<u>മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

എക്സൈസ് റേഞ്ച് ഓഫീസുകളിലെ മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-98-34-3—മറ്റു ചെലവുകൾ -മറ്റിനം

എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി ടി ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-98-45—പി.ഒ.എൽ.

എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഇന്ധന ചെലവുകൾക്കായി നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-97-21-2—വിജിലൻസ് വിഭാഗം -മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

വിജിലൻസ് ഓഫീസിലെ വാഹനങ്ങളുടെ സംരക്ഷണം അറ്റകുറ്റപ്പണി എന്നിവ പൂർണ്ണമായും വഹിക്കുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ, 50,000 രൂപ ടി ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-97-45—പി.ഒ.എൽ.

വിജിലൻസ് ഓഫീസിലെ ഇന്ധന ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 50,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-94-34-3—എക്സൈസ് വകുപ്പിന്റെ നവീകരണം - മറ്റു ചെലവുകൾ -മറ്റിനം

എക്സൈസ് സബ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ-വാഹനങ്ങൾ എന്നിവ വാങ്ങൽ, ഇ-ഗവേണൻസ്, ഫീൽഡ് ഓഫീസുകളുടെ നവീകരണം തുടങ്ങിയ വിവിധ പദ്ധതികളിലൂടെ വകുപ്പിന്റെ നവീകരണ പ്രക്രിയയ്ക്ക് ആക്കം കൂട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുള്ളതിനാൽ നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ പദ്ധതിയിനത്തിൽ 6.57 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 50 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-88—വിമുക്തി

കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ (വിമുക്തി) പദ്ധതി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ പദ്ധതിയിനത്തിൽ അധികമായി 20.63 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-87—സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണം

സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി പ്രസ്തുത ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം തികച്ചും അപര്യാപ്തമാകയാൽ അധികമായി 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-86-04-1—എക്സൈസ് - ക്രൈംബ്രാഞ്ച് വിഭാഗം- യാത്രാ ചെലവുകൾ- യാത്രാബത്ത

എക്സൈസ് - ക്രൈംബ്രാഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ യാത്രാബത്ത പൂർണ്ണമായും മാറി നൽകുന്നതിലേക്കായി ടി ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാകയാൽ അധികമായി 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-86-04-2—സ്ഥലംമാറ്റബത്ത

എക്സൈസ് - ക്രൈംബ്രാഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റബത്ത പൂർണ്ണമായും മാറി നൽകുന്നതിലേക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ 10,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-86-21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

എക്സൈസ് - ക്രൈംബ്രാഞ്ച് വിഭാഗത്തിന് വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ടി ശീർഷകത്തിലേക്ക് 10,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-86-34-3—മറ്റ് ചെലവുകൾ - മറ്റിനം

ടി ശീർഷകത്തിൽ നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 40,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-86-45—പി.ഒ.എൽ.

നടപ്പു സാമ്പത്തികവർഷം പി.ഒ.എൽ. ചെലവുകൾക്കായി വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-800-96—സംസ്ഥാന എക്സൈസ് അക്കാഡമിയുടെയും ഗവേഷണ കേന്ദ്രത്തിന്റെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

സംസ്ഥാനത്തെ എക്സൈസ് ജീവനക്കാർക്ക് അടിസ്ഥാന പരിശീലനം, സായുധ പരിശീലനം തുടങ്ങി വിവിധ പരിശീലനങ്ങൾ നൽകുന്നതിനോടനുബന്ധിച്ച് തൃശ്ശൂരിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് എക്സൈസ് അക്കാഡമി ആന്റ് റിസർച്ച് സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി ടി ശീർഷകത്തിൽ വകയിരുത്തിയിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ അധികമായി 21 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നിരോധിത ലഹരി വസ്തുക്കളുടെ വിപണനവും ഉപയോഗവും വർദ്ധിച്ചു വരുന്നതിൽ സമിതി ആശങ്ക രേഖപ്പെടുത്തി. ഒരാൾ ലഹരി വസ്തുക്കളുമായി പിടിക്കപ്പെട്ടാൽ അയാൾ കൈവശം വച്ചിട്ടുള്ള ലഹരി വസ്തുവിന്റെ അളവ് നിയമാനുസൃതമായ പരിധിയിൽ കുറവാണെങ്കിൽ അയാൾക്ക് ലഭിക്കുന്ന ശിക്ഷയും അയാളിൽ നിന്ന് ഈടാക്കുന്ന പിഴയും വളരെ തുച്ഛമാണെന്ന് സമിതി വിലയിരുത്തി. മേൽ സാഹചര്യത്തിൽ വ്യക്തികൾക്ക് കൈവശംവയ്ക്കാവുന്ന ലഹരി വസ്തുക്കളുടെ നിയമാനുസൃതമായ പരിധി പരമാവധി കുറയ്ക്കുന്നതിനും, ആയതിലേയ്ക്കായി ചുമത്തുന്ന ശിക്ഷയും ഈടാക്കുന്ന പിഴയും പരമാവധി ഉയർത്തുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.15-ന് അവസാനിച്ചു.

## 3. 26-4-2022-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2022 ഏപ്രിൽ മാസം 26-ാം തിയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5'ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ.എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ചേർന്ന പ്രസ്തുത യോഗത്തിൽ സമിതിയുടെ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ഡോ. കെ.ടി.ജലീൽ
2. ശ്രീ. ഡി.കെ. മുരളി
3. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ [ഗൂഗിൾ മീറ്റ്]
4. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ [ഗൂഗിൾ മീറ്റ്]
5. ശ്രീ. എൻ. ഷംസുദ്ദീൻ [ഗൂഗിൾ മീറ്റ്]
6. ശ്രീ. ഇ.കെ.വിജയൻ [ഗൂഗിൾ മീറ്റ്]

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ബിന്ദു എസ്.എൽ, ഡെപ്യൂട്ടി സെക്രട്ടി
3. ശ്രീ. എം.എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി

സമിതി ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ (2022-23) കരട് പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം രാവിലെ 11.40-ന് അവസാനിച്ചു.

## 4. 13-7-2022 - ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V എന്നിവ സംയുക്തമായി The Kerala Finance Bill, 2022, 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ പരിഗണിക്കുന്നതിനായി 2022 ജൂലൈ മാസം 13, ബുധനാഴ്ച സഭാ സമ്മേളനത്തിന് ശേഷം വൈകുന്നേരം 7.45-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനും ബഹു: ധനകാര്യ വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സന്നിഹിതരായിരുന്ന സമിതി അദ്ധ്യക്ഷൻമാർ/ എക്സ്-ഒഫീഷ്യോ അംഗങ്ങൾ, പ്രത്യേക ക്ഷണിതാക്കൾ, മറ്റ് അംഗങ്ങൾ എന്നിവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ,

   ബഹു: തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി,

   എക്സ്-ഒഫീഷ്യോ അംഗം,

   സബ്ജക്ട് കമ്മിറ്റി VIII.

2. ശ്രീ. വി. എൻ. വാസൻ,

   ബഹു: സഹകരണ – രജിസ്ട്രേഷൻ വകുപ്പുമന്ത്രി,

   എക്സ്-ഒഫീഷ്യോ അംഗം,

   സബ്ജക്ട് കമ്മിറ്റി VIII.

3. ശ്രീ. കെ. രാജൻ,

   ബഹു: റവന്യൂ - ഭവനനിർമ്മാണ വകുപ്പുമന്ത്രി,

   അദ്ധ്യക്ഷൻ,

   സബ്ജക്ട് കമ്മിറ്റി II.

4. ശ്രീ. കെ. രാധാകൃഷ്ണൻ,

   ബഹു: പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ -

   ദേവസ്വം വകുപ്പുമന്ത്രി,

   എക്സ്-ഒഫീഷ്യോ അംഗം,

   സബ്ജക്ട് കമ്മിറ്റി II.

5. ശ്രീ. ആന്റണി രാജു,

   ബഹു: ഗതാഗത വകുപ്പുമന്ത്രി,

   എക്സ്-ഒഫീഷ്യോ അംഗം,

   സബ്ജക്ട് കമ്മിറ്റി V.

6. ശ്രീ. അഹമ്മദ് ദേവർകോവിൽ,

   ബഹു: തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി,

   എക്സ്-ഒഫീഷ്യോ അംഗം,

   സബ്ജക്ട് കമ്മിറ്റി V.

**ഹാജരായ അംഗങ്ങൾ:**

സബ്ജക്ട് കമ്മിറ്റി VIII:

1. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
2. ഡോ. കെ. ടി. ജലീൽ
3. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
4. ശ്രീ. എൻ. ഷംസുദ്ദീൻ
5. ശ്രീ. കെ. വി. സുമേഷ്
6. ശ്രീ. ഇ. കെ. വിജയൻ

സബ്ജക്ട് കമ്മിറ്റി II:

1. ഡോ. എൻ. ജയരാജ്
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
3. ശ്രീ. എം. രാജഗോപാലൻ
4. ശ്രീ. സനീഷ്കുമാർ ജോസഫ്
5. ശ്രീ. പി. വി. ശ്രീനിജിൻ

സബ്ജക്ട് കമ്മിറ്റി V:

1. ശ്രീ. കെ. പ്രേംകുമാർ
2. ശ്രീ. പി. പി. സുമോദ്
3. ശ്രീ. വി. ആർ. സുനിൽകുമാർ
4. ശ്രീമതി ഉമ തോമസ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

2. ശ്രീ. ത്രിദീപ് കെ. ജി., ജോയിന്റ് സെക്രട്ടറി

3. ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി

4. ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി

5. ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

6. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി

7. ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി

<u>ഹാജരായ മറ്റ് ഉദ്യോഗസ്ഥർ</u>

1. ശ്രീ. രാജേഷ് കുമാർ സിംഗ്, അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ-നികുതി വകുപ്പുകൾ.

2. ഡോ. രത്തൻ യു. ഖേൽക്കർ, കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.

3. ശ്രീ. എസ്. ശ്രീജിത്ത്, കമ്മീഷണർ, ഗതാഗത വകുപ്പ്.

4. ഡോ. വീണ എൻ. മാധവൻ, സ്പെഷ്യൽ കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.

5. ശ്രീ. അബ്ദുൾ നാസർ ബി., അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

6. ശ്രീമതി സന്ധ്യ എസ്., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

7. ശ്രീമതി ലത എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

8. ശ്രീമതി രേണുക ദേവി ബി. എസ്., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

9. ശ്രീ. അജിത് കുമാർ എ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

10. ശ്രീ. എബ്രഹാം റെൻ എസ്., അഡീഷണൽ കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.

11. ശ്രീ. പ്രമോജ് ശങ്കർ, അഡീഷണൽ കമ്മീഷണർ, ഗതാഗത വകുപ്പ്.

12. ശ്രീ. വി. എസ്. ബിനു, അസിസ്റ്റന്റ് കമ്മീഷണർ (എൽ. ആർ), ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്.

സമിതി "The Kerala Finance Bill, 2022", 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ആയതിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

I . The Kerala Finance Bill, 2022 പരിഗണന

The Kerala Finance Bill, 2022-ലെ 1, 5, 7 എന്നീ ഖണ്ഡങ്ങളിന്മേൽ നിയമ വകുപ്പ് ഉദ്യോഗസ്ഥർ ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുകയും ഭേദഗതികൾ കൊണ്ടുവരാൻ ഇടയായ സാഹചര്യം വിശദീകരിക്കുകയും ചെയ്തു. പ്രസ്തുത ഭേദഗതികൾ സമിതി ചർച്ച ചെയ്യുകയും ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ The Kerala Finance Bill, 2022 അംഗീകരിക്കുകയും ചെയ്തു.

**Clause 1**

(i) for item (a) of sub-clause (2) the following item shall be substituted, namely:-

"(a) sub-section (1) of section 4 shall be deemed to have come into force on the 18th day of March, 2022;"

(ii) in item (b) and in its proviso for the word "clause" occurring at both the places the word "section" shall be substituted;

(iii) in clause (c) after the word "shall" the words "be deemed to have" shall be inserted.

**Clause 5**

in the TABLE under sub-clause (1), serial No. 5 and the entries against it in columns (2), (3) and (4) shall be omitted and the serial numbers 6, 7, 8 and 9 shall be renumbered as 5, 6, 7 and 8 respectively.

**Clause 7**

(i) item (c) in sub-section (11) shall be omitted and the item "(d)" shall be relettered as "(c)";

(ii) for sub-clause (12), the following sub-clause shall be substituted, namely:—

"(12) in section 50, for sub-section (3), the following sub-section shall be substituted, namely:—

(3) Where the input tax credit has been wrongly availed and utilised, the registered person shall pay interest on such input tax credit wrongly availed and utilised, at such rate not exceeding twenty-four per cent as may be notified by the Government, on the recommendations of the Council, and the interest shall be calculated, in such manner as may be prescribed.

Note:- This sub-section shall be deemed to have come into force on the 1st day of July, 2017.";

**FIRST SCHEDULE**

for the words "sub-clause" and "clause" under the title 'FIRST SCHEDULE' the words "sub-section" and "section" shall, respectively, be substituted.

**SECOND SCHEDULE**

for the words "sub-clause" and "clause" under the title 'SECOND SCHEDULE' the words "sub-section" and "section" shall, respectively, be substituted.

The Kerala Finance Bill, 2022 ന്മേൽ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീമതി ഉമ തോമസ്, ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. സനീഷ് കുമാർ ജോസഫ് എന്നീ അംഗങ്ങൾ ബന്ധപ്പെട്ട വിഷയങ്ങളിൽ വിയോജിപ്പ് രേഖപ്പെടുത്തി.

II. <u>2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ</u>

2022 ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിലെ 1-ാം ഖണ്ഡത്തിൽ നിയമ വകുപ്പ് ഉദ്യോഗസ്ഥർ ചുവടെ ചേർക്കും പ്രകാരം ഔദ്യോഗിക ഭേദഗതി നിർദ്ദേശിക്കുകയും ഭേദഗതി കൊണ്ടുവരാൻ ഇടയായ സാഹചര്യം വിശദീകരിക്കുകയും സമിതി ചർച്ച ചെയ്ത് പ്രസ്തുത ഭേദഗതിയോടെ 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ അംഗീകരിക്കുകയും ചെയ്തു.

**ഖണ്ഡം - 1**

(2)-ാം ഉപഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(2) ഇത് 2022 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

പ്രസ്തുത ബില്ലിന്മേൽ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. എൻ. ഷംസുദ്ദീൻ എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം രാത്രി 8.00 മണിക്ക് അവസാനിച്ചു.

## 5. 14-7-2022 - ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII 2022 ജൂലൈ മാസം 14-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനത്തിനുശേഷം രാത്രി 8.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു: ധനകാര്യ വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ചേർന്ന പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു: തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്ററും ബഹു: സഹകരണ – രജിസ്ട്രേഷൻ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ഡോ. കെ. ടി. ജലീൽ
2. ശ്രീ. കെ. വി. സുമേഷ്
3. ശ്രീ. ഇ. കെ. വിജയൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ഡോ. രാജു നാരായണസ്വാമി, പ്രിൻസിപ്പൽ സെക്രട്ടറി, സൈനിക ക്ഷേമവകുപ്പ്.

2. ഡോ. വീണ എൻ. മാധവൻ, സ്പെഷ്യൽ കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.

3. ശ്രീ. കെ. ഇൻപശേഖർ, ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്.

4. ശ്രീമതി സിനി ജെ. ഷുക്കൂർ, അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്.

5. ശ്രീമതി എസ്. സന്ധ്യ, അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്.

6. ശ്രീമതി രേണുക ദേവി ബി. എസ്., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്.

7. ശ്രീ. ദിലീപ് കുമാർ ടി. ഐ., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്.

8. ശ്രീ. പ്രമോദ് എം. വി., ജോയിന്റ് സെക്രട്ടറി, രജിസ്ട്രേഷൻ വകുപ്പ്.

9. ശ്രീ. ബിമോദ് കെ., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്.

10. ശ്രീ. വിനോദ് മാത്യു, ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്.

11. ശ്രീ. ഡി. രാജീവ്, അഡീഷണൽ കമ്മീഷണർ, എക്സൈസ് വകുപ്പ്.

12. ശ്രീ. എബ്രഹാം റെൻ എസ്., അഡീഷണൽ കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.

13. ശ്രീ. പ്രമോജ് ശങ്കർ, അഡീഷണൽ കമ്മീഷണർ, ഗതാഗത വകുപ്പ്.

14. ശ്രീ. മധു കെ., അഡീഷണൽ കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.

15. ശ്രീ. ശ്രീരാജ് കെ. പിള്ള, അഡീഷണൽ കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.

16. ശ്രീ. പി. കെ. സാജൻ കുമാർ, ജോയിന്റ് ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്.

17. ശ്രീ. ജോൺ ജോസഫ്, ജോയിന്റ് ഡയറക്ടർ, ട്രഷറി വകുപ്പ്.

18. ശ്രീ. മൻസൂർ എം., ജോയിന്റ് കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.

19. ശ്രീ. ബി. രാധാകൃഷ്ണൻ, ഡെപ്യൂട്ടി കമ്മീഷണർ, എക്സൈസ് വകുപ്പ്.

20. ശ്രീ. എസ്. വി. ശിശിർ, ഡെപ്യൂട്ടി കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.

21. ശ്രീ. ഷാഹുൽ ഹമീദ് കെ., ഡെപ്യൂട്ടി കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.

22. ശ്രീ. എസ്. അജിത് കുമാർ, ഡെപ്യൂട്ടി കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.

23. ശ്രീമതി സിന്ധു എൽ., ഡെപ്യൂട്ടി കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.

24. ശ്രീ. അജിത്ത് കുമാർ ബി. കെ., അസിസ്റ്റന്റ് സെക്രട്ടറി, ഗതാഗത കമ്മീഷണറേറ്റ്.

പ്രസ്തുത യോഗത്തിൽ The Kerala Small Scale Winery (for production of horti-wine from tropical fruits and agricultural products of Kerala) Rules, 2022 - കരട് ചട്ടം, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് റിപ്പോർട്ടുകൾ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. കരട് ചട്ടത്തിന്റെ പരിഗണന

The Kerala Small Scale Winery (for production of horti-wine from tropical fruits and agricultural products of Kerala) Rules, 2022.

[ഫയൽ നം. 9917/സബ്.സി.ഇ 2/2022/നി.സെ.;

റഫറൻസ് നം. G1/184/2021/Taxes തീയതി 25-5-2022]

The Kerala Small Scale Winery (for production of horti-wine from tropical fruits and agricultural products of Kerala) Rules, 2022 - കരട് ചട്ടം സമിതി പരിഗണിക്കുകയും പ്രസ്തുത കരടിലെ FORM H W - 8-ൽ (See Rule 28) എന്നത് (See Rule 20) എന്ന് തിരുത്തുന്നതിന് നിർദ്ദേശിക്കുകയും മറ്റ് ഭേദഗതികൾ കൂടാതെ കരട് ചട്ടം അംഗീകരിക്കുകയും ചെയ്തു.

II. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2021-22)

[ഫയൽ നം. 12979/സബ്.സി.ഇ 2/2021/നി.സെ.;

റഫറൻസ് നം. ഡി3/352/2021-നികുതി തീയതി 22.04.2022;

PWR-A3/104/2021/POWER തീയതി 26.05.2022;

നികുതി.എഫ്3/320/2021/നി.വ. തീയതി 07.05.2022;

1836147/എസ്റ്റാ-ഡി4/2021-ധന തീയതി 07.04.2022;

ഭരണം-സി1/32/2022-ധന (2019495) തീയതി 08.04.2022;

TAXES-H1/228/2021-TAXES തീയതി 11.01.2022;

2099018/എച്ച്.ബി.എ 1/105/2022-ധന തീയതി 09.06.2022;

SW3/72/2021/സൈ.ക്ഷേ.വ. തീയതി 07.05.2022;

റവ/എഫ്2/353/2021/റവ. തീയതി 12.05.2022;

2100115/വ്യയം-എ 1/298/2022-ധന തീയതി 09.07.2022;

ബി2/137/2021/നി.വ. തീയതി 18.11.2021;

ബി3/293/2021/ഗതാ. തീയതി 26.09.2021]

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ (2021-22) 1 മുതൽ 9 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി (ഡി) വകുപ്പും 10-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ഊർജ്ജം (എ) വകുപ്പും 60-ാം ഖണ്ഡികയിലെയും 14 മുതൽ 38 വരെ ഖണ്ഡികകളിലെയും ശിപാർശകളിന്മേൽ നികുതി (എഫ്) വകുപ്പും 39-ാം ഖണ്ഡികയിലെയും 52 മുതൽ 56 വരെ ഖണ്ഡികകളിലെയും ശിപാർശകളിന്മേൽ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പും 40, 41 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ (ഭരണം-സി) വകുപ്പും 42, 43 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി (എച്ച്) വകുപ്പും 44, 49, 50, 51 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ (എച്ച്.ബി.എ.) വകുപ്പും 45-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ സൈനികക്ഷേമ വകുപ്പും 47-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ റവന്യൂ (എഫ്) വകുപ്പും 48-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ധനകാര്യ (വ്യയം-എ) വകുപ്പും 61, 62 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി (ബി) വകുപ്പും 63-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ഗതാഗത (ബി) വകുപ്പും ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

III. കരട് റിപ്പോർട്ടുകളുടെ പരിഗണന

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2021-22)-ലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[ഫയൽ നം. 12979/സബ്.സി.ഇ 2/2021/നി.സെ.]

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2021-22)-ലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

2. 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

[ഫയൽ നം. 9910/സബ്.സി.ഇ 2/2022/നി.സെ.]

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം രാത്രി 8.45-ന് അവസാനിച്ചു.

## 6. 24.08.2022-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2022 ആഗസ്റ്റ് മാസം 24-ാം തീയതി ബുധനാഴ്ച സഭാസമ്മേളനത്തിനുശേഷം വൈകുന്നേരം 6.50-ന്, 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പരിഗണിക്കുന്നതിനായി നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. ധനകാര്യവകുപ്പ് മന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. സഹകരണം - രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവനും സമിതിയുടെ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ഡോ. കെ.ടി. ജലീൽ
2. ശ്രീ. ഡി. കെ. മുരളി
3. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
4. ശ്രീ. എൻ. ഷംസുദ്ദീൻ
5. ശ്രീ. കെ.വി. സുമേഷ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എം.എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. പി. ഗോപകുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
2. ശ്രീ. എൻ.വി. സന്തോഷ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി സാബി.ടി.എസ്., അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്

സമിതി, 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ചുവടെ ചേർക്കുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

**ഖണ്ഡം - 2**

(i) 2-ാം ഖണ്ഡത്തിൽ "(ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക)" എന്ന വാക്കുകളും ബ്രാക്കറ്റുകളും ഒഴിവാക്കേണ്ടതാണ്.

(ii) 2-ാം ഉപഖണ്ഡത്തിൽ "സാമാന്യതയ്ക്ക് ഭംഗം വരാതെയും" എന്നതിന് ശേഷം ആദ്യം വരുന്ന "റവന്യൂ കമ്മി " എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്.

പ്രസ്തുത ബില്ലിലെ വ്യവസ്ഥകളിന്മേൽ സമിതി അംഗം ശ്രീ. എൻ. ഷംസുദ്ദീൻ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം രാത്രി 7.00 മണിയ്ക്ക് അവസാനിച്ചു.

## 7. 09.11.2022-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2022 നവംബർ മാസം 9-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 ബി' സമ്മേളനഹാളിൽ സമിതി ചെയർമാനും ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ചേർന്ന പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുമന്ത്രിയുമായ ശ്രീ. എം. ബി. രാജേഷും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) (ഓൺലൈൻ)
2. ഡോ. കെ. ടി. ജലീൽ
3. ശ്രീ. ഡി. കെ. മുരളി
4. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ഓൺലൈൻ)
5. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
6. ശ്രീ. കെ. വി. സുമേഷ്
7. ശ്രീ. ഇ. കെ. വിജയൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. അജിത് പാട്ടീൽ, കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.
2. ശ്രീ. കെ. ഇമ്പശേഖർ, ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്.
3. ശ്രീ. എബ്രഹാം റെൻ എസ്., അഡീഷണൽ കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.
4. ശ്രീ. ഡി. രാജീവ്, അഡീഷണൽ കമ്മീഷണർ, എക്സൈസ് വകുപ്പ്.
5. ശ്രീ. മധു. കെ., അഡീഷണൽ കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.
6. ശ്രീ. ശ്രീരാജ് കെ. പിള്ള, അഡീഷണൽ കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.
7. ശ്രീമതി സിനി ജെ. ഷുക്കൂർ, അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്.
8. ശ്രീമതി പ്രീത ബി. എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
9. ശ്രീ. ടി. ആർ. ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
10. ശ്രീ. വി. സാജൻ, ഡയറക്ടർ, ട്രഷറി വകുപ്പ്.
11. ശ്രീ. എൻ. വി. സന്തോഷ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
12. ശ്രീ. ദിലീപ് കുമാർ റ്റി. ഐ., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്.
13. ശ്രീ. പ്രമോദ് എം. വി., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്.
14. ശ്രീ. ടി. സുധീർ ബാബു, ജോയിന്റ് സെക്രട്ടറി, പൊതുഭരണ വകുപ്പ്.
15. ശ്രീ. സുധീർ എൽ., ഡെപ്യൂട്ടി കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.
16. ശ്രീ. ബി. രാധാകൃഷ്ണൻ, ഡെപ്യൂട്ടി കമ്മീഷണർ, എക്സൈസ് വകുപ്പ്.
17. ശ്രീമതി ശോഭ ടി. സി., സ്റ്റേറ്റ് ടാക്സ് ഓഫീസർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.
18. ശ്രീ. ബിനു എൽ. എ., അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.

19. ശ്രീ. സിജു വി. എസ്., അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.

പ്രസ്തുത യോഗത്തിൽ കരട് ചട്ടങ്ങൾ, ചട്ടങ്ങൾ സംബന്ധിച്ച എസ്.ആർ.ഒ.-കൾ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള കുറിപ്പുകൾ എന്നിവ സമിതി പരിഗണിയ്ക്കുകയും ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. <u>കരട് ചട്ടങ്ങളുടെ പരിഗണന</u>

1. സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ വിദേശമദ്യചട്ടപ്രകാരം ലൈസൻസ് അനുവദിക്കുന്നതിനായി തയ്യാറാക്കിയ Foreign Liquor (3rd Amendment) Rules, 2022- കരട് ചട്ടം

(ഫയൽ നം: 13902/സബ്.സി.ഇ 2/2022/നി.സെ.);

[റഫറൻസ് നം: G1/189/2021/Taxes തീയതി 30.07.2022]

സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ വിദേശമദ്യചട്ടപ്രകാരം ലൈസൻസ് അനുവദിക്കുന്നതിന് വ്യവസ്ഥചെയ്തുകൊണ്ട് വിദേശമദ്യചട്ടങ്ങളിൽ ഭേദഗതി വരുത്തി നികുതി വകുപ്പ് ലഭ്യമാക്കിയ Foreign Liquor (3rd Amendment) Rules, 2022-ന്റെ കരട് ചട്ടം പരിഗണിച്ച വേളയിൽ ഐ.ടി. പാർക്കുകൾക്ക് വിദേശമദ്യചട്ടപ്രകാരം ലൈസൻസ് അനുവദിക്കുന്നതിന് സ്കൂൾ, കോളേജ്, ആരാധനാലയങ്ങൾ തുടങ്ങിയവയുമായുള്ള ദൂരപരിധി നിശ്ചയിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് മദ്യശാലകൾക്ക് നിശ്ചിതദൂരപരിധി മാനദണ്ഡം പാലിച്ചുകൊണ്ട് മാത്രമാണ് ലൈസൻസ് അനുവദിക്കുന്നതെങ്കിലും ക്ലബുകൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് ദൂരപരിധി ബാധകമല്ലായെന്നും അതേ മാനദണ്ഡം തന്നെയാണ് ഐ.ടി. പാർക്കുകൾക്ക് വിദേശമദ്യ ലൈസൻസ് അനുവദിക്കുന്നതിന് ബാധകമാക്കിയിട്ടുള്ളതെന്നും എക്സൈസ് വകുപ്പ് ഡെപ്യൂട്ടി കമ്മീഷണർ സമിതിയെ അറിയിച്ചു. കൂടാതെ വിദേശമദ്യ ലൈസൻസ് ഉള്ള ഐ.ടി. പാർക്കുകളിൽ നിന്ന് പൊതുജനങ്ങൾക്ക് വിദേശമദ്യം ലഭിക്കുകയില്ലെന്നും പ്രസ്തുത സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും, അതിഥികൾക്കും, ഔദ്യോഗിക സന്ദർശകർക്കും മാത്രമായി വിതരണം പരിമിതപ്പെടുത്തിയിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. എന്നാൽ കരട് ചട്ടത്തിൽ ആരുടെ അതിഥികളാണെന്നോ അതിഥികൾ ആരാണെന്നോ വ്യക്തമായി നിർവ്വചിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സ്ഥാപനത്തിന് പുറത്ത് നിന്നുള്ള ഏതൊരു വ്യക്തിയെയും അതിഥിയായി പ്രവേശിപ്പിക്കുന്ന സാഹചര്യം സംജാതമാകാൻ സാധ്യതയുണ്ടെന്ന് സമിതി വിലയിരുത്തി. കൂടാതെ ഓരോ ഐ.ടി. പാർക്കിലും നിരവധി

സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ വിദേശമദ്യലൈസൻസിനായി അപേക്ഷിക്കുന്ന യോഗ്യതയുള്ള എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കാൻ സാധിക്കുമോയെന്നും ഒരു ഐ.ടി. പാർക്കിനുള്ളിൽ ലൈസൻസ് അനുവദിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിൽ നിയന്ത്രണമുണ്ടോ എന്നും സമിതി ആരാഞ്ഞു. കൂടാതെ ഐ.ടി. പാർക്കുകളിലൂടെയുള്ള മദ്യവില്പനയ്ക്ക് വിറ്റുവരവ് നികുതി (TOT) ഉണ്ടോയെന്ന് പരിശോധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

തുടർന്ന് പ്രസ്തുത കരട് ചട്ടത്തിൽ വന്നിട്ടുള്ള അപാകതകൾ ജോയിന്റ് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ആയത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. ആയതിൻപ്രകാരം കരട് ചട്ടത്തിലെ Conditions എന്ന തലക്കെട്ടിലെ 3-ാമത്തെ ഇനത്തിൽ 'entry and exist' എന്നത് 'entry and exit' എന്നും 'licensed premise' എന്നത് 'licensed premises' എന്നും തിരുത്തുവാനും, 'licensee' എന്ന വാക്ക് വരുന്ന ഭാഗങ്ങളിലെല്ലാം 'l' നുപകരം 'L' എന്നാക്കി മാറ്റുവാനും 20-ാം ഇനത്തിന്റെ പ്രൊവിസോയിൽ 'less than'-നു ശേഷം '₹' എന്ന അടയാളം കൂട്ടിചേർക്കാനും, 25-ാം ഇനത്തിൽ 'DRUNKEN DRIVING IS PUNISHABLE - മദ്യപിച്ച് വാഹനം ഓടിക്കുന്നത് ശിക്ഷാർഹമാണ് എന്നതിനുശേഷം ഉദ്ധരണി അവസാനിപ്പിക്കുന്നതിനും സമിതി നിർദ്ദേശിച്ചു.

ഐ.ടി. പാർക്കുകളിൽ വിദേശമദ്യ ലൈസൻസിനായി ദൂരപരിധി മാനദണ്ഡം ബാധകമാക്കണോയെന്നും, ലൈസൻസിനായി അപേക്ഷിക്കുന്ന യോഗ്യതയുള്ള എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കാൻ സാധിക്കുമോ എന്ന വിഷയത്തിലും തീരുമാനമെടുത്ത് അതിനനുസൃതമായ വ്യവസ്ഥകൾ കരട് ചട്ടത്തിൽ കൂട്ടിചേർക്കണമെന്നും അതിഥികൾ ആരാണെന്ന് വ്യക്തമായി നിർവ്വചിക്കണമെന്നും, കരട് ചട്ടത്തിൽ വന്നുചേർന്ന തെറ്റുകൾ സമിതി നിർദ്ദേശിച്ചതിൻ പ്രകാരം പരിഹരിക്കണമെന്നും അപ്രകാരം ഭേദഗതി വരുത്തി പുതുക്കിയ കരട് ചട്ടം അടിയന്തരമായി തയ്യാറാക്കി സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കണമെന്നും നികുതി വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

2. വീര്യം കുറഞ്ഞ മദ്യം വിൽപ്പന നടത്തുന്നതിന് അനുമതി നൽകുന്നതിനായി തയ്യാറാക്കിയ Foreign Liquor ($5^{th}$ Amendment) Rules, 2022- കരട് ചട്ടം

(ഫയൽ നം: 15963/സബ്.സി.ഇ 2/2022/നി.സെ.);

[റഫറൻസ് നം: G1/185/2021/Taxes തീയതി 29.08.2022]

0.5%v/v മുതൽ 20%v/v വരെ വീര്യമുള്ള മദ്യം വിൽപ്പന നടത്തുന്നതിന് അനുമതി നൽകുന്നതിനായി വിദേശ മദ്യ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള Foreign Liquor

(5th Amendment) Rules, 2022 - കരട് ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

II. ചട്ടങ്ങളുടെ സാധൂകരണം

ചുവടെ ചേർത്തിരിക്കുന്ന ചട്ടങ്ങൾ സംബന്ധിച്ച എസ്.ആർ.ഒ.-കൾ സമിതി പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

A. അബ്കാരിനിയമം

1. 1959-ലെ ട്രീ ടാക്സ് റൂൾസ് - ഭേദഗതി വരുത്തി പുറപ്പെടുവിച്ച എസ്.ആർ.ഒ. നം.764/2021

(ഫയൽ നം. 18113/സബ്.സി.ഇ 2/2021/നി.സെ.);

[റഫറൻസ് നം. ജി1/166/2022/നി.വ. തീയതി 13-7-2022]

2. കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ റൂൾസ് ഭേദഗതി വരുത്തി പുറപ്പെടുവിച്ച എസ്.ആർ.ഒ.നം. 765/2021

(ഫയൽ നം. 18114/സബ്.സി.ഇ 2/2021/നി.സെ.);

[റഫറൻസ് നം. ജി1/166/2021/നി.വ. തീയതി 13-7-2022]

3. വിദേശമദ്യ ചട്ടങ്ങളിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച:

(a) എസ്.ആർ.ഒ. നം. 959/2021

(ഫയൽ നം. 21600/സബ്.സി.ഇ 2/2021/നി.സെ.);

[റഫറൻസ് നം. 134/ജി3/2020/നി.വ. തീയതി 25-2-2022]

അടിയന്തര സാഹചര്യങ്ങളിൽ സ്പിരിറ്റ് ഒരു യൂണിറ്റിൽ നിന്നും മറ്റൊരു യൂണിറ്റിലേയ്ക്ക് മാറ്റുന്നതിന് അനുമതി നൽകുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിലേയ്ക്കായി വിദേശമദ്യ ചട്ടങ്ങളിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച എസ്.ആർ.ഒ. നം. 959/2021-ലെ വ്യവസ്ഥകൾ ഭാവിയിൽ ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുള്ളതിനാൽ, സ്പിരിറ്റ് ഒരു യൂണിറ്റിൽ നിന്ന് മറ്റൊരു യൂണിറ്റിലേയ്ക്ക് മാറ്റുന്നതിന് അനുമതി നൽകുന്നതിനുള്ള എക്സൈസ് കമ്മീഷണറുടെ അധികാരം ഒരു കാരണവശാലും താഴെത്തട്ടിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നില്ലായെന്ന് ഉറപ്പാക്കണമെന്നും ഒരു യൂണിറ്റിൽ നിന്ന് മറ്റൊരു യൂണിറ്റിലേയ്ക്ക് കൊണ്ടുപോകുന്ന ENA (Extra Neutral Alcohol) യുടെ അളവിലെ കൃത്യത ഉറപ്പുവരുത്തണമെന്നും സ്പിരിറ്റ് ഒരു യൂണിറ്റിൽ നിന്ന് മറ്റൊരു യൂണിറ്റിലേയ്ക്ക് ഏതൊക്കെ സാഹചര്യങ്ങളിൽ കൊണ്ടുപോകാൻ സാധിക്കും എന്ന് വ്യക്തമായി പ്രതിപാദിക്കണമെന്ന്

സമിതി ചൂണ്ടിക്കാട്ടി ലഭ്യമായ അനുമതിയുടെ മറവിൽ സംസ്ഥാനത്ത് അനധികൃതമായി സ്പിരിറ്റ് കടത്തി കൊണ്ടുപോകാതിരിക്കുന്നതിനുള്ള സുരക്ഷാ വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു. സമിതിയുടെ പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് എസ്.ആർ.ഒ. നം.959/2021 ഭേദഗതി വരുത്തി പുതുക്കിയ വിജ്ഞാപനം അടിയന്തരമായി പുറപ്പെടുവിക്കാൻ നികുതി വകുപ്പിനോട് സമിതി ആവശ്യപ്പെട്ടു.

(b) എസ്.ആർ.ഒ. നം. 530/2022

(ഫയൽ നം. 11402/സബ്.സി.ഇ 2/2022/നി.സെ.);

[റഫറൻസ് നം. G1/145/2021/Taxes തീയതി 18-6-2022]

4. 1968-ലെ കേരള ഡിസ്റ്റിലറി ആന്റ് വെയർഹൗസ് റൂൾസ് പ്രകാരം പുറപ്പെടുവിച്ച:

(a) എസ്.ആർ.ഒ. നം. 501/2022

(ഫയൽ നം. 9472/സബ്.സി.ഇ 2/2022/നി.സെ.);

[റഫറൻസ് നം. 24/ജി3/2021/നി.വ. തീയതി 26-5-2022]

(b) എസ്.ആർ.ഒ. നം. 114/2022

(ഫയൽ നം. 3206/സബ്.സി.ഇ 2/2022/നി.സെ.);

[റഫറൻസ് നം. 118/ജി3/2021/നി.വ. തീയതി 18-2-2022]

(c). എസ്.ആർ.ഒ. നം. 239/2022

(ഫയൽ നം. 5983/സബ്.സി.ഇ 2/2022/നി.സെ.);

[റഫറൻസ് നം. 191/ജി3/2020/നി.വ. തീയതി 1-4-2022]

5. 1969-ലെ കേരള സ്പിരിച്വസ് പ്രിപ്പറേഷൻസ് കൺട്രോൾ റൂൾസ് പ്രകാരം പുറപ്പെടുവിച്ച:

എസ്.ആർ.ഒ. നം. 147/2022

(ഫയൽ നം. 5307/സബ്.സി.ഇ 2/2022/നി.സെ.);

[റഫറൻസ് നം. 63/ജി2/2021/നി.വ. തീയതി 21-3-2022]

B. 2017-ലെ കേരള ചരക്കുസേവന നികുതി നിയമം

എസ്.ആർ.ഒ. നം. 37/2022

(ഫയൽ നം. 6085/സബ്.സി.ഇ 2/2022/നി.സെ.);

[റഫറൻസ് നം. ബി1/158/2021/റ്റി.ഡി. തീയതി 2-4-2022]

C. 1963-ലെ കേരള പൊതുവില്പന നികുതി നിയമം

എസ്.ആർ.ഒ. നം. 67/2022

(ഫയൽ നം. 2729/സബ്.സി.ഇ 2/2022/നി.സെ.);

[റഫറൻസ് നം. ബി3/222/2019/നി.വ. തീയതി 11-2-2022]

D. 2019-ലെ കേരള ധനകാര്യ നിയമം

എസ്.ആർ.ഒ. നം. 768/2022

(ഫയൽ നം. 15009/സബ്.സി.ഇ 2/2022/നി.സെ.);

[റഫറൻസ് നം. ബി1/66/2022/റ്റി.ഡി. തീയതി 19-8-2022]

III. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടിപത്രികകളുടെ പരിഗണന:

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20)

(ഫയൽ നം. 3721/സബ്.സി.ഇ 2/2019/നി.സെ.);

[റഫറൻസ് നം.ഡി3/489/2019/ നികുതി. തീയതി 20-12-2021;

ജെ3/111/2019/നി.വ. തീയതി 16-4-2022]

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 1 മുതൽ 13 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി (ഡി) വകുപ്പും 17, 18, 19 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി (ജെ) വകുപ്പും ലഭ്യമാക്കിയ നടപടി പത്രികകൾ കാലതാമസപത്രികകൾ സഹിതം സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-23)

(ഫയൽ നം. 12945/സബ്.സി.ഇ 2/2022/നി.സെ.);

[റഫറൻസ് നം.എ.ഐ.എസ്.സി2/182/2022/പൊ.ഭ.വ., തീയതി 29-8-2022;

റവ. എഫ്.2/299/2022/റവ-പാർട്ട്(1), തീയതി 27-8-2022]

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 60-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ പൊതുഭരണ (എ.ഐ.എസ്.സി) വകുപ്പ് ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. നടപ്പ് സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച അന്തിമ റിപ്പോർട്ട് സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കാൻ പൊതുഭരണ വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

69-ാം ഖണ്ഡികയിലെ പൊതു ശിപാർശയിന്മേൽ റവന്യൂ(എഫ്) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു

IV. <u>സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയങ്ങൾ</u>

1. മദ്യത്തിന്റെ വില്പന നികുതി ഏകീകരിക്കുക, കുടിശ്ശിക നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി ദീർഘിപ്പിക്കുക - എന്നീ സമിതി നിർദ്ദേശങ്ങളിന്മേൽ നികുതി വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച്.

(ഫയൽ നം. 15603/സബ്.സി.ഇ 2/2021/നി.സെ);

[റഫറൻസ് നം. ബി3/201/2021-നികുതി തീയതി 26-5-2022]

ബാർ ഹോട്ടലുകളിലൂടെയുള്ള മദ്യവില്പനയുടെ വിറ്റുവരവ് നികുതി ഏകീകരിക്കുക, കുടിശ്ശിക നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി ദീർഘിപ്പിക്കുക എന്നീ സമിതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ ആയതിലേയ്ക്കായി പുറപ്പെടുവിച്ച വിജ്ഞാപനം (എസ്.ആർ.ഒ.നം. 297/2022) സഹിതം സമിതി പരിഗണിയ്ക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. 2022-ലെ കേരള ട്രഷറി(ഒന്നാം ഭേദഗതി) ചട്ടങ്ങൾ-സമിതി അംഗീകരിച്ച കരട് ചട്ടത്തിന്മേൽ പുറപ്പെടുവിച്ച ചട്ടത്തിൽ (എസ്.ആർ.ഒ. നം. 740/2022) വന്നിട്ടുള്ള തെറ്റുകൾ - സംബന്ധിച്ച്.

(ഫയൽ നം. 5294/സബ്.സി.ഇ 2/2020/നി.സെ);

[റഫറൻസ് നം. 743050 എസ്.എൽ.3/50/ധന തീയതി 5-8-2022]

ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് ഇലക്ട്രോണിക് മാർഗ്ഗത്തിലൂടെ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് എളുപ്പത്തിൽ പണം കൈമാറുന്നതിലേയ്ക്കായി 1963-ലെ കേരള ട്രഷറി ചട്ടങ്ങളിലെ വാല്യം II, അനുബന്ധം 3, ചട്ടം 19-ലെ കുറിപ്പ് 2 ഭേദഗതി ചെയ്യുന്നതിനായി തയ്യാറാക്കി 27.07.2021-ലെ യോഗത്തിൽ സമിതി അംഗീകരിച്ച കരടുചട്ടത്തിന്മേൽ ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ

(എസ്.ആർ.ഒ നം. 740/2022) നിരവധി തെറ്റുകൾ കടന്നുകൂടിയിട്ടുള്ളതായി സമിതി വിലയിരുത്തി. നിലവിൽ വന്നുചേർന്ന അപാകതകൾ പരിഹരിക്കുന്നതിനായി പ്രസ്തുത എസ്.ആർ.ഒ. ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി തിരുത്തൽ വിജ്ഞാപനം അടിയന്തരമായി പുറപ്പെടുവിക്കാൻ ധനകാര്യവകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

i) വിജ്ഞാപനത്തിന്റെ മലയാളം പകർപ്പിൽ ഒന്നാം ഖണ്ഡത്തിന് മുകളിലായി ചേർത്തിരിക്കുന്ന 'വിഞ്ജാപനമായി' എന്ന വാക്ക് 'വിജ്ഞാപനമായി' എന്ന് മാറ്റുക.

ii) 2-ാം ഖണ്ഡം 1-ാം ഉപഖണ്ഡം കുറിപ്പ് 2-ൽ ഐ.എഫ്.എസ്.സി. എന്നീ അക്ഷരങ്ങൾക്കുശേഷം വരുന്ന 'കോഡും' എന്ന വാക്ക് ഒഴിവാക്കുക.

iii) ഐ.എഫ്.എസ്.സി. എന്നു വരുന്ന ഭാഗങ്ങളിൽ 'സി' എന്ന അക്ഷരത്തിനുശേഷവും ഐ.എഫ്.എസ്. എന്നു വരുന്ന ഭാഗങ്ങളിൽ എസ്. എന്ന അക്ഷരത്തിനുശേഷവും പൂർണ്ണവിരാമം ചേർക്കുക.

iv) ഖണ്ഡം 2(i)-ൽ 'അതാളു' എന്നതിന് പകരം 'അതത് ' എന്ന് ചേർക്കുക.

v) ക്രമ നം. 5-ൽ 'ഗുണഭോക്താവിന്റെ ഐ.എഫ്.എസ്.സി.'-യ്ക്കു പകരം 'ബാങ്കിന്റെ ഐ.എഫ്.എസ്.സി.' എന്ന് ചേർക്കുക.

vi) വിശദീകരണകുറിപ്പിന്റെ അവസാന ഖണ്ഡികയിൽ 'വിഞ്ജാപനം' എന്നത് 'വിജ്ഞാപനം' എന്ന് മാറ്റുക.

vii) വിജ്ഞാപനത്തിന്റെ ഇംഗ്ലീഷ് പകർപ്പിൽ SB form No.4A-യുടെ അവസാനഭാഗത്തായി 'responsiblefor' എന്നത് വാക്കുകൾക്കിടയിൽ space നൽകി 'responsible for' എന്നും 'accurcy' എന്നത് 'accuracy' എന്നും മാറ്റുക.

viii) Form No. 4A യിൽ ക്രമനം.4-ൽ 'Beneficiary of the Bank/Treasury' എന്നതിനു പകരം Bank/Treasury of Beneficiary എന്ന് ചേർക്കുക.

ix) ക്രമ നം. 5-ൽ Beneficiary's IFSC യ്ക്കു പകരം Bank's IFSC എന്ന് ചേർക്കുക.

നിയമസഭാ കോംപ്ലക്സിൽ പ്രവർത്തിക്കുന്ന സബ് ട്രഷറിയിൽ പാസ്ബുക്ക് അപ്ഡേറ്റ് ചെയ്യേണ്ട സന്ദർഭത്തിൽ ഇപ്പോഴും എഴുതി നൽകുകയാണ് ചെയ്യുന്നതെന്ന് ശ്രദ്ധയിൽപ്പെട്ട സമിതി നിലവിലെ രീതി ഉപഭോക്താക്കൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന് വിലയിരുത്തുകയും പ്രസ്തുത പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കാൻ ട്രഷറി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെടുകയും ചെയ്തു.

ഉച്ചയ്ക്കുശേഷം 12.30-ന് യോഗനടപടികൾ അവസാനിച്ചു.

# 8-7-12-2022-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII 2022 ഡിസംബർ 7-ാം തീയതി ബുധനാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 6.25-ന് നിയമസഭാ സമുച്ചയത്തിലെ 5 'എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. ധനകാര്യവകുപ്പുമന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷും, ബഹു. സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവനും സമിതിയുടെ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ മറ്റ് അംഗങ്ങൾ

1. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
2. ശ്രീ. ഡി. കെ. മുരളി
3. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
4. ശ്രീ. എൻ. ഷംസുദ്ദീൻ

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. കെ. ഇൻപശേഖർ, ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്.
2. ശ്രീമതി ശ്രീകല ടി. ആർ., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീ. എൻ. വി. സന്തോഷ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
4. ശ്രീ. പ്രമോദ് എം.വി., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്.
5. ശ്രീ. പി. കെ. സാജൻകുമാർ, ജോയിന്റ് ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്.

സമിതി 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി(ഭേദഗതി) ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത ബില്ലിലെ വ്യവസ്ഥകളിന്മേൽ ശ്രീ. കെ. ബാബു(തൃപ്പൂണിത്തുറ), ശ്രീ. എൻ. ഷംസുദ്ദീൻ എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗനടപടി വൈകുന്നേരം 6.40 -ന് അവസാനിച്ചു.

## 9. 15-2-2023-ലെ യോഗനടപടിക്കുറിപ്പ് (1)

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2023 ഫെബ്രുവരി മാസം 15-ാം തീയതി ബുധനാഴ്ച രാവിലെ 11:00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ചേർന്ന പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു: തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷും ബഹു: സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവനും (ഗൂഗിൾമീറ്റ്) താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) (ഗൂഗിൾമീറ്റ്)
2) ഡോ. കെ. ടി. ജലീൽ
3) ശ്രീ. ഡി. കെ. മുരളി
4) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ഗൂഗിൾമീറ്റ്)
5) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ (ഗൂഗിൾമീറ്റ്)
6) ശ്രീ. എൻ. ഷംസുദ്ദീൻ (ഗൂഗിൾമീറ്റ്)
7) ശ്രീ. കെ. വി. സുമേഷ്
8) ശ്രീ. ഇ. കെ. വിജയൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1) ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2) ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി
3) ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1) ശ്രീ. കെ. ആർ. ജ്യോതിലാൽ, അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണം & ഊർജ്ജ വകുപ്പ്
2) ശ്രീമതി ഷർമിള മേരി ജോസഫ്, പ്രിൻസിപ്പൽ സെക്രട്ടറി,തദ്ദേശസ്വയംഭരണം & ന്യൂനപക്ഷക്ഷേമ വകുപ്പ് (ഗൂഗിൾമീറ്റ്)

3) ഡോ. രത്തൻ യു. കേൽക്കർ, സെക്രട്ടറി, നികുതി വകുപ്പ്

4) ശ്രീ. കെ. മുഹമ്മദ് വൈ. സഫിറുള്ള, സെക്രട്ടറി &ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ധനകാര്യ(റിസോഴ്സ്) വകുപ്പ്

5) ശ്രീ. അജിത് പാട്ടീൽ, കമ്മീഷണർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

6) ഡോ. ഡി. സാങ്കി, ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

7) ശ്രീ. എബ്രഹാം റെൻ എസ്., ഡയറക്ടർ, കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്

8) ശ്രീ. വി. സാജൻ, ഡയറക്ടർ, ട്രഷറി വകുപ്പ്

9) ശ്രീ. സജീവ് പി. പി., ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

10) ക്യാപ്റ്റൻ വിനോദ് മാത്യു, ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്.

11) ശ്രീ. മനു എസ്., ഡയറക്ടർ ധനകാര്യ (ദേശീയ സമ്പാദ്യ പദ്ധതി) വകുപ്പ്

12) ശ്രീമതി മിനി കൃഷ്ണൻ, ഡയറക്ടർ (ഇൻ-ചാർജ്ജ്), കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്

13) ശ്രീ. റ്റി. ആർ. ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്

14) ശ്രീമതി ഷൈനി ജോർജ്ജ്, അഡീഷണൽ സെക്രട്ടറി, ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്

15) ശ്രീ. ബി. സുനിൽ കുമാർ, അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പ്രോട്ടോകോൾ ഓഫീസർ, പൊതുഭരണ വകുപ്പ്

16) ശ്രീമതി ലത എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

17) ശ്രീമതി സിനി ജെ. ഷുക്കൂർ, അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്

18) ശ്രീമതി എം. ഗീത, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

19) ശ്രീ. പി. അനിൽ പ്രസാദ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

20) ശ്രീ. പി. വി. ജയൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

21) ശ്രീ. ഷിബു എ., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

22) ശ്രീ. കൃഷ്ണകുമാർ, അഡീഷണൽ സെക്രട്ടറി, ട്രഷറി വകുപ്പ്

23) ശ്രീ. അനൂപ് എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

24) ശ്രീ. മനോഹരൻ പി. വി., ജോയിന്റ് സെക്രട്ടറി, കായിക-യുവജനകാര്യ വകുപ്പ്

25) ശ്രീ. റ്റി. സുധീർ ബാബു, ജോയിന്റ് സെക്രട്ടറി, പൊതുഭരണ വകുപ്പ്

26) ശ്രീമതി ജയശ്രീ എൽ., ജോയിന്റ് സെക്രട്ടറി, ന്യൂനപക്ഷ ക്ഷേമ വകുപ്പ്

27) ശ്രീമതി ബീന ബി., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

28) ശ്രീമതി വിജയശ്രീ എം. എസ്., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

29) ശ്രീ. അജിത് കുമാർ പി., അഡീഷണൽ ഡയറക്ടർ, ധനകാര്യ (ദേശീയ സമ്പാദ്യ പദ്ധതി) വകുപ്പ്

30) ശ്രീ. അനിൽ കുമാർ വി. സി., ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്

31) ശ്രീമതി സാലമ്മ ബസലിയോസ്, ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

32) ശ്രീ. ശിശിർ എസ്. വി., ഡെപ്യൂട്ടി കമ്മീഷണർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

33) ശ്രീമതി ബുഷ്റ എസ്. ദീപ, ഡെപ്യൂട്ടി ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്

34) ശ്രീ. റെജി ജോൺ, ഡെപ്യൂട്ടി ഫണ്ട് മാനേജർ, കിഫ്ബി

35) ശ്രീ. കെ. ജെ. ജോസഫ്, ഡയറക്ടർ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്)

36) ശ്രീമതി അനിത കുമാരി എൽ., അസോസിയേറ്റ് പ്രൊഫസർ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്)

37) ശ്രീ. വിനോദ് ജി. ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്

38) ശ്രീ. നിസാർ എച്ച്., സെക്രട്ടറി, രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി

സമിതി 2023-24 സാമ്പത്തിക വർഷത്തെ V, X, XI, XVI, XXVIII, XLIII, XLV, XLVI എന്നീ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് വകുപ്പുകളിൽ നിന്ന് ലഭിച്ച കുറിപ്പുകൾ പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ V-ചരക്ക സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും**

2040-00-800-99-31—ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (ഗിഫ്റ്റ്) - സഹായധനം - ശമ്പളം

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പി.എച്ച്.ഡി. അടക്കമുള്ള അക്കാദമിക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിയമിതരായ പുതിയ അക്കാദമിക് സ്റ്റാഫിന്റെ ശമ്പള ബാധ്യത നിറവേറ്റുന്നതിന് പര്യാപ്തമായ തുക 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ അധികമായി 1.23295 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2040 -00- 800-99-36—സഹായധനം - ശമ്പളേതരം

" ഇന്നവേഷൻ - ഡ്രിവൺ നോളജ് എക്കോണമി ആന്റ് ട്രാൻസ്ഫോമേഷൻ ഇൻ ദി ഗ്ലോബൽ സൗത്ത്" എന്ന വിഷയത്തിൽ അമ്പതിൽപ്പരം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുന്ന അന്താരാഷ്ട്ര സെമിനാർ നടത്തുന്നതിനാവശ്യമായ തുക ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതിയിനത്തിൽ അധികമായി 50 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ അധികമായി 12.54 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2043-00-001-97-21-1—കമ്മീഷണറുടെ കാര്യാലയം - മോട്ടോർ വാഹനങ്ങൾ - വാഹനങ്ങൾ വാങ്ങൽ

2023-24 സാമ്പത്തിക വർഷത്തിൽ 77 പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ അധികമായി 3.35 കോടി രൂപ അധികമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേരള സംസ്ഥാന ചരക്ക സേവനനികുതി കമ്മീഷണർ സമിതിയോട് ആവശ്യപ്പെട്ടെങ്കിലും അധിക തുക ശിപാർശ ചെയ്യേണ്ടതില്ലെന്ന് സമിതി തീരുമാനിച്ചു.

2043 -00- 001-93—ഐ.ടി. അടിസ്ഥാന സൗകര്യ വികസനം

പ്രസ്തുത ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ അധികമായി 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2043 -00- 001-92—പൊതുജനാവബോധവും കാര്യക്ഷമത മെച്ചപ്പെടുത്തലും

പൊതുജനാവബോധം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി വിവിധ മാധ്യമങ്ങൾ വഴി പരസ്യങ്ങൾ നൽകുന്നതിനും ഡിപ്പാർട്ട്മെന്റ് റീസ്ട്രക്ചറിങ്ങിന്റെ ഭാഗമായി കൂടുതൽ ശാസ്ത്രീയമായ പരിശീലന പരിപാടികൾ ആവിഷ്കരിക്കുന്നതിനും തുടർച്ചയായി നടത്തിവരുന്ന റിഫ്രഷർ ട്രെയിനിംഗുകൾക്കും അനുബന്ധ ചെലവുകൾക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ പദ്ധതിയിനത്തിൽ അധികമായി 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2043 -00- 001-90—ലക്കി ബിൽ ആപ്പ്

ബില്ലുകൾ ചോദിച്ചു വാങ്ങുന്നതിന് പൊതുജനങ്ങളിൽ താൽപ്പര്യം ജനിപ്പിക്കുന്നതിലേയ്ക്കായി വിഭാവനം ചെയ്ത ലക്കി ബിൽ ആപ്ലിക്കേഷൻ പദ്ധതി നികുതി ചോർച്ച തടയുന്നതിൽ നിർണ്ണായക പങ്കു വഹിക്കുന്നുവെന്ന് അഭിപ്രായപ്പെട്ട സമിതി പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 2023-24 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2043 -00- 101-97-15—ചരക്കു സേവന നികുതി കാര്യാലയങ്ങൾ - രഹസ്യ സേവന ചെലവുകൾ

നികുതി പിരിവുമായി ബന്ധപ്പെട്ട രഹസ്യ വിവരങ്ങൾ ശേഖരിക്കുന്നതിനും എൻഫോഴ്സ്മെന്റ്, ഇന്റലിജൻസ് വിങ്ങുകൾ വഴി റെയ്ഡുകളും മറ്റു പ്രവർത്തനങ്ങളും നടത്തുന്നതിനുമായി 3 കോടി രൂപ 2023-24 സാമ്പത്തിക വർഷം ആവശ്യമായി വരുമെങ്കിലും 10 ലക്ഷം രൂപ മാത്രമാണ് നിലവിൽ വകയിരുത്തിയിട്ടുള്ളതിനാൽ അധികമായി 2.9 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**കടബാദ്ധ്യതകൾ**

2049-01-200-85—സർക്കാർ ജീവനക്കാരുടെ ഭവന പദ്ധതിയുടെ അടിസ്ഥാനത്തിൽ 2018 സെപ്റ്റംബർ മാസം ഫെഡറൽ ബാങ്കിൽ നിന്നെടുത്ത വായ്പയിന്മേലുള്ള പലിശ

സർക്കാർ ജീവനക്കാരുടെ ഭവന പദ്ധതിയുടെ അടിസ്ഥാനത്തിൽ 2018 സെപ്റ്റംബർ മാസം ഫെഡറൽ ബാങ്കിൽ നിന്നെടുത്ത വായ്പയിന്മേലുള്ള പലിശയിനത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ 4.35 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2049-01-200-84—സർക്കാർ ജീവനക്കാരുടെ ഭവന പദ്ധതിയുടെ അടിസ്ഥാനത്തിൽ 2018 സെപ്റ്റംബർ മാസം പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്നെടുത്ത വായ്പയിന്മേലുള്ള പലിശ

സർക്കാർ ജീവനക്കാരുടെ ഭവന പദ്ധതിയുടെ അടിസ്ഥാനത്തിൽ പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്നും 2018 സെപ്റ്റംബർ മാസമെടുത്ത വായ്പയിന്മേലുള്ള പലിശയിനത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ 3.3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2049-01-200-83—സർക്കാർ ജീവനക്കാരുടെ ഭവന പദ്ധതിയുടെ അടിസ്ഥാനത്തിൽ 2019 ജൂൺ മാസം പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്നെടുത്ത വായ്പയിന്മേലുള്ള പലിശ

സർക്കാർ ജീവനക്കാരുടെ ഭവന പദ്ധതിയുടെ അടിസ്ഥാനത്തിൽ 2019 ജൂൺ മാസം പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്നെടുത്ത വായ്പയിന്മേലുള്ള പലിശയിനത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ അധികമായി ടി ശീർഷകത്തിൽ 6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ X-ട്രഷറികളും അക്കൗണ്ടുകളും**

2054-00-098-99-05-1—കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്-ഓഫീസ് ചെലവുകൾ - വെള്ളക്കരം

പത്തനംതിട്ട ജില്ലാ ഓഡിറ്റ് ഓഫീസിലെ വെള്ളക്കരത്തിന്റെ 28-1-2022 വരെയുള്ള കുടിശ്ശികയായി 5.71238 ലക്ഷം രൂപ കൊടുത്തു തീർക്കാനുള്ളതിനാലും വെള്ളക്കരം താരിഫ് 3-2-2023 മുതൽ വർദ്ധിപ്പിച്ചിട്ടുള്ളതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ അധികമായി 5.82 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2054-00-098- 99-06—വാടക, കരം, നികുതി

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 10 കാര്യാലയങ്ങളുടെ പ്രതിമാസ വാടക, വാടക കുടിശ്ശിക എന്നിവയുൾപ്പെടെയുള്ള ചെലവുകൾ വഹിക്കുന്നതിലേയ്ക്കായി 1.4953448 കോടി രൂപയുടെ ആവശ്യമുണ്ടെങ്കിലും നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 1.2454 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XI-ജില്ലാഭരണവും പലവകയും**

2047-00-103-87—ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് നൽകുന്ന പ്രതിഫലം

2023-24 സാമ്പത്തിക വർഷം ഏജന്റുമാർക്ക് അധികസേവനത്തിനുള്ള പ്രതിഫലം പ്രതിമാസം ഏകദേശം 18.5 കോടി രൂപ നിരക്കിൽ 12 മാസത്തെ പ്രതിഫലം വിതരണം ചെയ്യുന്നതിനായി 222 കോടി രൂപയും മുൻവർഷങ്ങളിലെ 2 മാസത്തെ പ്രതിഫല കുടിശ്ശികയായ 37 കോടി രൂപയും ചേർന്ന തുക നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ ആവശ്യമായി വരുമെന്നതിനാൽ അധികമായി 34 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2047-00-103-85-10—എം.പി.കെ.ബി.വൈ./എസ്.എ.എസ്. ഏജന്റുമാരുടെ ക്ഷേമനിധിക്കായുള്ള സംസ്ഥാന സർക്കാരിന്റെ തത്തുല്യ വിഹിതം - സംഭാവന

ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ ഒരു വർഷം ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്ന മൊത്തം തുകയുടെ 50% ആയ സർക്കാർ വിഹിതവും 31-3-2023 വരെയുള്ള സർക്കാർ വിഹിതത്തിലെ കുടിശ്ശിക ഉൾപ്പെടെയുള്ള തുകയും മേൽ ശീർഷകത്തിൽ വകയിരുത്തേണ്ട താണെങ്കിലും നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ അധികമായി ടി ശീർഷകത്തിൽ 88.6 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XVI – പെൻഷനും പലവകയും**

2071-01-200- 97—മറ്റു പെൻഷനുകൾ -കോഴിക്കോട് സാമൂതിരി കുടുംബത്തിനുള്ള പെൻഷൻ

കോഴിക്കോട് സാമൂതിരി കുടുംബത്തിലെ ജീവിച്ചിരിക്കുന്ന അംഗങ്ങൾക്ക് നൽകി വരുന്ന ധനസഹായം 2500 രൂപയിൽ നിന്ന് 3000 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ നിലവിൽ ജീവിച്ചിരിക്കുന്ന 717 അംഗങ്ങൾക്ക് ധനസഹായം നൽകുന്നതിന് 2.5812 കോടി രൂപ ആവശ്യമുണ്ടെങ്കിലും നിലവിലെ

ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ അധികമായി 18.12 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103-99-02-08—<u>പ്രചരണ ചെലവുകൾ-പരസ്യം,പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ</u>

മൊത്തം വിറ്റുവരവിന്റെ 1% തുക വരെ പി.ആർ.ഡി. നിരക്കിന് വിധേയമായും ബഡ്ജറ്റ് വിഹിതമനുസരിച്ചും പരസ്യ ചെലവുകൾക്കായി വിനിയോഗിക്കാമെന്നതിനാൽ ഉയർന്ന വിറ്റുവരവ് ലക്ഷ്യം കൈവരിക്കുന്നതിനായി ദൃശ്യ-ശ്രാവ്യ, അച്ചടി മാധ്യമങ്ങളിലൂടെ കൂടുതൽ പരസ്യം നൽകുന്നതിനും, മുൻകാലങ്ങളിൽ പരസ്യം നല്കിയ ഇനത്തിലുള്ള കുടിശ്ശിക തുക കൊടുത്തു തീർക്കുന്നതിനായും, സുതാര്യത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി പുതിയ മൊബൈൽ നറുക്കെടുപ്പ് യന്ത്രം വാങ്ങുന്നതിനായും നിലവിൽ വകിയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ് ആയതിനാൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103-98—<u>ഏജന്റുമാരുടെ കമ്മീഷൻ</u>

ലോട്ടറി വിറ്റുവരവ് കൂടുന്നതിനനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റിനുള്ള സമ്മാനം എന്നിവയ്ക്ക് ആനുപാതികമായ വർദ്ധനവുണ്ടാകുമെന്നതിനാൽ 2023-2024 സാമ്പത്തിക വർഷം ഈ ഇനത്തിൽ ഏകദേശം 4110.12 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 484.94 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103- 97—<u>സമ്മാനദാനം</u>

നിലവിലെ സമ്മാനഘടന അനുസരിച്ച് വിറ്റുവരവിന്റെ ഏകദേശം 59.5% തുക സമ്മാനയിനത്തിൽ ചെലവഴിക്കേണ്ടി വരുമെന്നതിനാൽ ഈ ഇനത്തിൽ ഏകദേശം 7424.17 കോടി രൂപ ആവശ്യമായി വരും. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി ടി ശീർഷകത്തിൽ 485 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103-94-06—<u>വാടക, കരം, നികുതി</u>

ഭാഗ്യക്കുറി ഡയറക്ടറേറ്റ് അനെക്സ് പ്രവർത്തിക്കുന്ന KTDFC യുടെ ഉടമസ്ഥതയിലുള്ള തമ്പാനൂരിലെ കെട്ടിടത്തിന്റെ വാടകയിനത്തിൽ 2023-2024 സാമ്പത്തിക വർഷം 12 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ടി ശീർഷകത്തിൽ 12 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103-94-17—<u>മരാമത്ത് പണികൾ</u>

ഭാഗ്യക്കുറി വകുപ്പിന്റെ എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി, ഭിന്നശേഷിക്കാർക്ക് ഇരിപ്പിടം ഒരുക്കൽ തുടങ്ങിയ ചെലവുകൾ, മറ്റു മരാമത്ത് പണികൾ എന്നിവ വഹിക്കുന്നതിനായി 2075-00-103-94-1 എന്ന പുതിയ ശീർഷകം അനുവദിച്ചിട്ടുണ്ടെങ്കിലും ആയത് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടി ശീർഷകം ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ സമിതി ധനകാര്യവകുപ്പിനോട് നിർദ്ദേശിക്കുകയും 2023-2024 സാമ്പത്തിക വർഷം 1.23 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ടി ശീർഷകത്തിൽ വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2075-00-103-94-99—<u>വിവരസാങ്കേതിക വിദ്യ</u>

ഭാഗ്യക്കുറി വകുപ്പിന്റെ സോഫ്റ്റ് വെയർ കാലഹരണപ്പെട്ട സാഹചര്യത്തിൽ പുതിയ സോഫ്റ്റ് വെയർ നടപ്പിൽ വരുത്തുന്നതിനും, ടിക്കറ്റ് വ്യാജമല്ലെന്ന് ഉറപ്പു വരുത്തി കാലതാമസം കൂടാതെ സമ്മാനതുക വിതരണം ചെയ്യുന്നതിന് ഉതകും വിധത്തിലുള്ള ഓട്ടോമാറ്റിക് ക്യൂ ആർ കോഡ് സ്കാനിംഗ് മെഷിൻ വാങ്ങുന്നതിനും ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ അധികമായി 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103-93-06—<u>വാടക, കരം, നികുതി</u>

ഭാഗ്യക്കുറി വകുപ്പിന്റെ ജില്ലാ/സബ് ജില്ലാ ഓഫീസുകളിൽ ഭാഗ്യക്കുറി ടിക്കറ്റ് സ്റ്റോക്ക് സൂക്ഷിക്കുന്നതിന് കൂടുതൽ സ്ഥലസൗകര്യമുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനായി ടി ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103-88—<u>അനധികൃത ഭാഗ്യക്കുറികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് പ്രത്യേക സെൽ</u>

അനധികൃത ഭാഗ്യക്കുറികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് പ്രത്യേകസെൽ രൂപീകരിക്കുന്നതിനുള്ള പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുള്ളതിനാൽ അധിക തുകയ്ക്കായി ശിപാർശ നൽകേണ്ടതില്ലെന്ന് സമിതി തീരുമാനിച്ചു.

2075-00-104-96—ഡിഫൻസ് സർവീസുകളിലെ ധീരതയ്ക്കുള്ള കീർത്തിമുദ്രയ്ക്കർഹരായവർക്കും ആശ്രിതർക്കും കാഷ് അവാർഡ് മറ്റു ചെലവുകൾ

ഡിഫൻസ് സർവ്വീസുകളിലെ ധീരതയ്ക്കുള്ള കീർത്തിമുദ്രയ്ക്കർഹരായവരുടെയും, ആശ്രിതരുടെയും ക്യാഷ് അവാർഡിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തുക ടി ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-795- 98—വീട്ടുവാടക എഴുതിത്തള്ളൽ

വീട്ടുവായ്പ എഴുതിത്തള്ളുന്ന തുക 5 ലക്ഷമായി വർദ്ധിപ്പിച്ചതിനാലും അപേക്ഷകരുടെ എണ്ണം വർദ്ധിച്ചു വരുന്നതിനാലും ടി ശീർഷകത്തിൽ അനുവദിച്ച വിഹിതം അപര്യാപ്തമായി വരും. ആകയാൽ 18.9 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-800- 81—കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം

ഹജ്ജ് ഹൗസിനോടനുബന്ധിച്ചുള്ള വനിതാ ബ്ലോക്ക് നിർമ്മാണം പൂർത്തികരിക്കുന്നതിനും ഹജ്ജ് വോളണ്ടിയർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതുമൂലമുണ്ടാകുന്ന ചെലവുകൾ വഹിക്കുന്നതിനുമായി മേൽ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 7.404 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-800-78—വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രത്യേക ധനസഹായം

സോഷ്യൽ വെൽഫെയർ സ്കീം (കേരള) പ്രകാരം സാങ്ഷൻ കമ്മിറ്റി വിവിധ തീയതികളിലായി പാസ്സാക്കിയിട്ടുള്ള അപേക്ഷകളിന്മേൽ കുടിശ്ശികയായിട്ടുള്ള തുക കൊടുത്തു തീർക്കുന്നതിന് ഇപ്പോൾ അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ അധികമായി 6.0668 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-800-70—ടെറിട്ടോറിയൽ സേനയിലെ മെഡൽ/ കീർത്തിമുദ്ര ഇവയ്ക്ക് അർഹരായ ടെറിട്ടോറിയൽ സേനാംഗങ്ങളുടെ ആശ്രിതർക്കുള്ള കാഷ് അവാർഡ്

ടെറിട്ടോറിയൽ സേനയിലെ മെഡൽ/കീർത്തിമുദ്ര ഇവയ്ക്ക് അർഹരായ ടെറിട്ടോറിയൽ സേനാംഗങ്ങളുടെ ആശ്രിതർക്കുള്ള കാഷ് അവാർഡിനായി അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ തുക ടി ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-800-52—തിരുവനന്തപുരം നഗരത്തിലെ യുദ്ധസ്മാരകം

യുദ്ധസ്മാരകത്തിന്റെ മാതൃകയ്ക്ക് അംഗീകാരം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ നിർമ്മാണ പ്രവൃത്തികൾ ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതിലേയ്ക്കായി ടി ശീർഷകത്തിൽ അധികമായി 8.087 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ**

3454-02-112-89—ഭാരതീയ സ്ഥിതി വിവരക്കണക്ക് ശക്തിപ്പെടുത്തൽ പദ്ധതി (ഐ.എസ്.എസ്.പി.) സംസ്ഥാന പദ്ധതി

സ്റ്റേറ്റ് അക്കാഡമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷന്റെ കെട്ടിടത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന് സ്ഥലസൗകര്യം അനുവദിക്കുന്നതിനുവേണ്ടി 2 നിലകൾ കൂടി നിർമ്മിക്കുന്നതിനും കെട്ടിട നിർമ്മാണച്ചെലവ് ഇനത്തിൽ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും അഗ്നിരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും ഉപഭോക്തൃ വില സൂചിക തയ്യാറാക്കലിനു വേണ്ടി വിവരശേഖരണം നടത്തുന്ന ജീവനക്കാർക്ക് ഓണറേറിയം നൽകുന്നതിനും ബിസിനസ് രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള പ്രാദേശികതല സ്ഥിതി വിവരക്കണക്ക് ശേഖരണത്തിനുമായി നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ പദ്ധതിയിനത്തിൽ അധികമായി 51.45 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3454-02-203- 97—വാഹനങ്ങൾ വാങ്ങുന്നതിന്

സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിന്റെ വയനാട്, ഇടുക്കി ജില്ലകളിലെ ഓഫീസുകൾക്കായി പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് ടി ശീർഷകത്തിൽ പദ്ധതിയിനത്തിൽ അധികമായി 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3454-02-203- 95—ജില്ലകളിൽ കമ്പ്യൂട്ടർ ഡിവിഷൻ ശക്തിപ്പെടുത്തൽ

സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ 2023-24 സാമ്പത്തിക വർഷം ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുവേണ്ടി ലാപ്ടോപ് കമ്പ്യൂട്ടറുകളും യു.പി.എസും വാങ്ങുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

5475-00-800-80-03—<u>നികുതി വകുപ്പ് - സംസ്ഥാന ജി.എസ്.ടി. സമുച്ചയത്തിന്റെ നിർമ്മാണം</u>

ജി.എസ്.ടി. കോംപ്ലക്സിന്റെ നിർമ്മാണത്തിനും റീസ്ട്രക്ച്ചറിംഗിന്റെ ഭാഗമായി വിവിധ ഓഫീസുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുവേണ്ടി 27 കോടി രൂപ അധികമായി അനുവദിക്കണമെന്ന് കേരള സംസ്ഥാന ചരക്കു സേവന നികുതി കമ്മീഷണർ സമിതിയോട് ആവശ്യപ്പെട്ടെങ്കിലും സ്ഥലത്തിന്റെ അനുമതി ലഭ്യമായതിനുശേഷം അധികതുക ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XLVI-സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും**

2235-60-110-99-05-4—<u>സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് -ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ</u>

പാസ്ബുക്ക്, പോളിസി സർട്ടിഫിക്കറ്റ് എന്നിവയുടെ അച്ചടി ചെലവ്, ഓഫീസ് നവീകരണം എന്നിവയ്ക്ക് നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ അധികമായി 44.68 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-110- 99-06—<u>വാടക, കരം, നികുതി</u>

മൂന്ന് വർഷം കൂടുമ്പോൾ വാടക 15 % വർദ്ധിക്കുന്ന സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ അധികമായി 23.25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-110- 98-04-1—<u>ജില്ലാ ഓഫീസുകൾ-യാത്രാ ചെലവുകൾ-യാത്രാബത്ത</u>

ജില്ലകളിൽ 25 ഡെവലപ്മെന്റ് ഓഫീസർമാർക്ക് കുറഞ്ഞത് 20 ദിവസം യാത്രാബത്ത അനുവദിക്കേണ്ടി വരുന്നതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായി വരും. ആകയാൽ ടി ശീർഷകത്തിൽ അധികമായി 4.06 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-110- 98-05-4—<u>ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ</u>

ഓഫീസ് നവീകരണം, സ്റ്റേഷനറി ചാർജ്ജ് എന്നിവ വഹിക്കുന്നതിനായി നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ അധികമായി 8.28 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-110- 98-06—<u>വാടക, കരം, നികുതി</u>

ജില്ലകളിലെ ഓഫീസ് കെട്ടിടങ്ങൾ മാറ്റിയതിനാലും നിലവിലുള്ള കെട്ടിടത്തിന്റെ വാടക വർദ്ധിച്ചതിനാലും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായി വരുന്നതിനാൽ ടി ശീർഷകത്തിൽ അധികമായി 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-110-97—<u>സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് കമ്പ്യൂട്ടർവൽക്കരണം</u>

സോഫ്റ്റ് വെയർ അപ്ഗ്രേഡ് ചെയ്യുന്നതിനും വാർഷിക പരിപാലനത്തിനും പുതിയ കമ്പ്യൂട്ടർ വാങ്ങുന്നതിനും ഇ-ഓഫീസ് പ്രവർത്തനസജ്ജമാക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ അധികമായി ടി ശീർഷകത്തിൽ 22 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.30-ന് അവസാനിച്ചു.

## 10. 15-2-2023 - ലെ യോഗനടപടിക്കുറിപ്പ് (2)

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII 2023 ഫെബ്രുവരി മാസം 15-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 12.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു: ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ചേർന്ന പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു: തദ്ദേശസ്വയംഭരണ - എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷും ബഹു: സഹകരണ – രജിസ്ട്രേഷൻ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവനും [ഗൂഗിൾ മീറ്റ്] താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) [ഗൂഗിൾ മീറ്റ്]
2. ഡോ. കെ. ടി. ജലീൽ
3. ശ്രീ. ഡി. കെ. മുരളി
4. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ [ഗൂഗിൾ മീറ്റ്]
5. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ [ഗൂഗിൾ മീറ്റ്]
6. ശ്രീ. എൻ. ഷംസുദ്ദീൻ [ഗൂഗിൾ മീറ്റ്]
7. ശ്രീ. കെ. വി. സുമേഷ്
8. ശ്രീ. ഇ. കെ. വിജയൻ

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

2. ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. രത്തൻ യു. കേൽക്കർ, സെക്രട്ടറി, നികുതി വകുപ്പ്.

2. ശ്രീ. കെ. മുഹമ്മദ് വൈ. സഫിറുള്ള, സെക്രട്ടറി & ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ധനകാര്യ (റിസോഴ്സ്) വകുപ്പ്.

3. ശ്രീ. എസ്. ആനന്ദകൃഷ്ണൻ, കമ്മീഷണർ, എക്സൈസ് വകുപ്പ്.

4. ശ്രീ. വി. സാജൻ, ഡയറക്ടർ, ട്രഷറി വകുപ്പ്.

5. ശ്രീ. അനൂപ് എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

6. ശ്രീ. ദിലീപ്കുമാർ റ്റി. ഐ., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്.

7. ശ്രീമതി ശ്രീകല എസ്. പണിക്കർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

8. ശ്രീ. ഡി. രാജീവ്, അഡീഷണൽ എക്സൈസ് കമ്മീഷണർ, എക്സൈസ് വകുപ്പ്.

9. ശ്രീ. ബി. രാധാകൃഷ്ണൻ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, എക്സൈസ് വകുപ്പ്.

സമിതി 2023-24 സാമ്പത്തിക വർഷത്തെ മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ VII, എക്സൈസ് സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ VIII എന്നിവയിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധിക്കുകയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ VII - മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും**

2030-01-102-99—മുദ്രപ്പത്രങ്ങൾ ജുഡീഷ്യൽ -മുദ്രപ്പത്ര വിൽപ്പനച്ചെലവുകൾ

ജുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ വിൽപ്പനയ്ക്കനുസരിച്ച് സ്റ്റാമ്പ് വെണ്ടർമാർക്ക് ഡിസ്കൗണ്ട് നൽകേണ്ടതുണ്ട്. 2022-23 സാമ്പത്തിക വർഷം ജനുവരി വരെ മേൽ ശീർഷകത്തിൽ 1.7978607 കോടി രൂപ ചെലവ് വന്നിട്ടുള്ളതിനാലും 2023-24 സാമ്പത്തിക വർഷം കോടതി ഫീസ് ഇനത്തിൽ വർദ്ധനവ് പ്രഖ്യാപിച്ചിട്ടുള്ളതിനാലും നിലവിൽ അനുവദിച്ചിട്ടുള്ള

വിഹിതം അപര്യാപ്തമായി വരും. ആയതിനാൽ ടി ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2030-02-102-99—മുദ്രപ്പത്രങ്ങൾ നോൺ ജുഡീഷ്യൽ -മുദ്രപ്പത്ര വില്പന ചെലവുകൾ

നോൺ ജുഡീഷ്യൽ മുദ്രപ്പത്ര വില്പനക്ക് അനുസരിച്ച് സ്റ്റാമ്പ് വെണ്ടർമാർക്ക് ഡിസ്കൗണ്ട് നൽകേണ്ടതിനാലും 2023-24 സാമ്പത്തിക വർഷത്തിൽ ഭൂമിയുടെ ന്യായവില വർദ്ധിപ്പിക്കുമെന്നതിനാലും മുദ്രപ്പത്ര വില്പനയിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നതിനാലും മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2030-03-001-99-05-3—ഓഫീസ് ചെലവുകൾ -ടെലിഫോൺ ചെലവ്

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയത്തിൽ Session Initiation Protocol (SIP) trunking സംവിധാനം നടപ്പാക്കുന്നതിന് സർക്കാരിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി പ്രതിമാസം 34,450 രൂപ ചെലവ് വരുന്നതിനാൽ ടി ശീർഷകത്തിൽ അധികമായി 2.97 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2030-03-001-96-05-2—വൈദ്യുതി ചെലവ്

തിരുവനന്തപുരം, തൃശ്ശൂർ ഓഫീസുകൾക്ക് പ്രതിമാസം ഏകദേശം 20,000 രൂപാ വീതം വൈദ്യുതി ചെലവ് നൽകേണ്ടതിനാൽ നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2030-03-001-95-34-3—മറ്റു ചെലവുകൾ - മറ്റിനം

കാഞ്ഞിരംകുളം, കുഴപ്പിള്ളി, മഞ്ചേശ്വരം, തൃക്കരിപ്പൂർ, മാനന്തവാടി, പൊന്നാനി, കന്യാകുളങ്ങര, കല്ലേറ്റുംകര എന്നീ ഓഫീസുകളുടെ ഷിഫ്റ്റിംഗ് ചാർജ്ജ് ഇനത്തിൽ 6.35973 ലക്ഷം രൂപ നൽകാനുള്ളതിനാൽ ടി ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആകയാൽ അധികമായി 6.35 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നം. VIII- എക്സൈസ്

2039-00-001-99-01-4—മേൽനോട്ടം - ശമ്പളം - മെഡിക്കൽ റീഇംബേഴ്സ്മെന്റ്

എക്സൈസ് ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് തുക മാറി നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ അധികമായി 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-04-2—യാത്രാ ചെലവുകൾ - സ്ഥലംമാറ്റബത്ത

എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റബത്ത പൂർണ്ണമായും മാറി നൽകുന്നതിന് മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ അധികമായി 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-05-1—ഓഫീസ് ചെലവുകൾ - വെള്ളക്കരം

പുതിയ ഓഫീസുകൾ അനുവദിച്ച സാഹചര്യത്തിൽ വെള്ളക്കരം പൂർണ്ണമായും അടച്ചു തീർക്കാൻ നിലവിലെ വിഹിതം അപര്യാപ്തമാകയാൽ, മേൽ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-05-2—വൈദ്യുതി ചെലവ്

2022-23 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ അനുവദിച്ച തുക പൂർണ്ണമായും മാറി നൽകുകയും അധിക തുക ആവശ്യമായി വരികയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ എക്സൈസ് സർക്കിൾ ഓഫീസുകളിലെ വൈദ്യുതിച്ചെലവ് പൂർണ്ണമായും വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-05-3—ടെലിഫോൺ ചെലവ്

പ്രസ്തുത ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-06—<u>വാടക, കരം, നികുതി</u>

നിലവിൽ ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന വിഹിതം എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാടക, കരം, നികുതി ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് അപര്യാപ്തമാകയാൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-15—<u>രഹസ്യ സേവന ചെലവുകൾ</u>

എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതൽ ശക്തമാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-21-2—<u>മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണ്. മേൽ സാഹചര്യ ത്തിൽ ഈ ശീർഷകത്തിലേക്ക് 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-34-3—<u>മറ്റു ചെലവുകൾ - മറ്റിനം</u>

എക്സൈസ് സർക്കിൾ ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ അധികമായി 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-45—<u>പി.ഒ.എൽ.</u>

എക്സൈസ് സർക്കിൾ ഓഫീസുകളിലെ പി.ഒ.എൽ. ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിൽ ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-98-01-4—<u>റേഞ്ച് ഓഫീസുകൾ - ശമ്പളം -മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

എക്സൈസ് റേഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് തുക പൂർണ്ണമായും മാറി നൽകുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ, 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-98-05-2—ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

പുതിയ ഓഫീസുകൾ അനുവദിച്ച സാഹചര്യത്തിൽ വൈദ്യുതി ചാർജ്ജ് പൂർണ്ണമായും അടയ്ക്കുന്നതിന് ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. മേൽ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-98-05-4—മറ്റിനങ്ങൾ

എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ 7 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-98-06—വാടക, കരം, നികുതി

എക്സൈസ് റേഞ്ച് ഓഫീസുകളിലെ വാടക, കരം, നികുതി ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-98-21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

എക്സൈസ് റേഞ്ച് ഓഫീസുകളിലെ മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-98-34-3—മറ്റു ചെലവുകൾ -മറ്റിനം

എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി ടി ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-98-45—പി.ഒ.എൽ.

എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഇന്ധന ചെലവുകൾക്കായി നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-97-21-2—വിജിലൻസ് വിഭാഗം - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിജിലൻസ് ഓഫീസിലെ വാഹനങ്ങളുടെ സംരക്ഷണം, അറ്റകുറ്റപ്പണി എന്നിവ പൂർണ്ണമായും വഹിക്കുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ, 60,000 രൂപ ടി ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-97-45—പി.ഒ.എൽ.

വിജിലൻസ് ഓഫീസിലെ ഇന്ധന ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 55,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-94-34-3—എക്സൈസ് വകുപ്പിന്റെ നവീകരണം - മറ്റു ചെലവുകൾ - മറ്റിനം

എക്സൈസ് സബ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ- വാഹനങ്ങൾ എന്നിവ വാങ്ങൽ, ഇ-ഗവേണൻസ്, ഫീൽഡ് ഓഫീസുകൾ, സൈബർ സെൽ ചെക്ക്പോസ്റ്റുകൾ എന്നിവയുടെ നവീകരണം വയർലെസ്സ് സിസ്റ്റം സ്ഥാപിക്കൽ തുടങ്ങിയ വിവിധ പദ്ധതികളിലൂടെ വകുപ്പിന്റെ നവീകരണ പ്രക്രിയയ്ക്ക് ആക്കം കൂട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുള്ളതിനാൽ നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ പദ്ധതിയിനത്തിൽ 2.0734 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 50 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-88—വിമുക്തി

പ്രസ്തുത ശീർഷകത്തിൽ 5.17 കോടി രൂപ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ എക്സൈസ് കമ്മീഷണർ സമിതിയോട് ആവശ്യപ്പെട്ടെങ്കിലും നിലവിലെ ചെലവുകൾക്കാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതിനാൽ കൂടുതൽ തുക അനുവദിക്കാൻ ശിപാർശ ചെയ്യേണ്ടതില്ലെന്ന് സമിതി തീരുമാനിച്ചു.

2039-00-001-86-04-1—എക്സൈസ് - ക്രൈംബ്രാഞ്ച് വിഭാഗം-യാത്രാച്ചെലവുകൾ - യാത്രാബത്ത

മേജർ കേസുകളുടെ അന്വേഷണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനകത്തും പുറത്തും ഉദ്യോഗസ്ഥർക്ക് യാത്ര ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ എക്സൈസ് - ക്രൈംബ്രാഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ യാത്രാബത്ത പൂർണ്ണമായും മാറി

നൽകുന്നതിലേക്കായി ടി ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാകയാൽ അധികമായി 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-86-04-2—സ്ഥലംമാറ്റബത്ത

എക്സൈസ്-ക്രൈംബ്രാഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റബത്ത പൂർണ്ണമായും മാറി നൽകുന്നതിലേക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ 50,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-86-21-2—മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും

എക്സൈസ്-ക്രൈംബ്രാഞ്ച് വിഭാഗത്തിന് വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ടി ശീർഷകത്തിലേക്ക് 50,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-86-34-3—മറ്റു ചെലവുകൾ - മറ്റിനം

ടി ശീർഷകത്തിൽ നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 40,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-86-45—പി.ഒ.എൽ.

പി.ഒ.എൽ. ചെലവുകൾക്കായി ടി ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 2.5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-800-96—സംസ്ഥാന എക്സൈസ് അക്കാഡമിയുടെയും ഗവേഷണ കേന്ദ്രത്തിന്റെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

സംസ്ഥാനത്തെ എക്സൈസ് ജീവനക്കാർക്ക് അടിസ്ഥാന പരിശീലനം, സായുധ പരിശീലനം തുടങ്ങി വിവിധ പരിശീലനങ്ങൾ നൽകുന്നതിനോടനുബന്ധിച്ച് തൃശ്ശൂരിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് എക്സൈസ് അക്കാഡമി ആന്റ് റിസർച്ച് സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി ടി ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ അധികമായി 21 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 1.10-ന് അവസാനിച്ചു.

## 11. 22-2-2023-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII 2023 ഫെബ്രുവരി മാസം 22-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. തദ്ദേശസ്വയംഭരണ – എക്സൈസ് വകുപ്പുമന്ത്രിയുമായ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ചേർന്ന പ്രസ്തുത യോഗത്തിൽ സമിതിയുടെ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) [ഗൂഗിൾ മീറ്റ്]
2. ശ്രീ. ഡി.കെ. മുരളി
3. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
4. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ [ഗൂഗിൾ മീറ്റ്]
5. ശ്രീ. ഇ.കെ.വിജയൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ബിന്ദു എസ്.എൽ, ഡെപ്യൂട്ടി സെക്രട്ടറി

സമിതി ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ (2023-24) കരട് പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം രാവിലെ 11.40-ന് അവസാനിച്ചു.

---